# കേരള ഗ്രാമപഞ്ചായത്ത്
# അസോസിയേഷൻ

# 31-ാം ജനറൽ ബോഡി

## റിപ്പോർട്ട് 2011-2016

**2016 മാർച്ച് 2**

**അഹമ്മദ്കുരിക്കൾ പഞ്ചായത്ത് ഭവൻ**
**തിരുവനന്തപുരം**

**Kerala Grama Panchayath Association**
**31st General Body - Report**
(Malayalam)

*First Edition*:March 2016

*Published by*
**Kerala Grama Panchayat Association**
Ahammed Kurikkal Panchayat Bhavan, Observatory Hills
Thiruvananthapuram 695 033
Phone: 0471- 2325185 Fax: 0471- 2735156
Email: keralagpa@gmail.com
Website: www.keralagpassociation.org

*Book Design and Production*:
Wordpecker, Trivandrum

# കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ

| നം. | പേര് | സ്ഥാനം | ഗ്രാമപഞ്ചായത്ത് | ജില്ല |
|---|---|---|---|---|
| 1. | പി.റ്റി. മാത്യു | പ്രസിഡന്റ് | നടുവിൽ | കണ്ണൂർ |
| 2. | സൂപ്പി നരിക്കാട്ടേരി | ജനറൽ സെക്രട്ടറി | നാദാപുരം | കോഴിക്കോട് |
| 3. | അഡ്വ. പന്തളം പ്രതാപൻ | വൈസ് പ്രസിഡന്റ് | പന്തളം | പത്തനംതിട്ട |
| 4. | അഡ്വ. കോശി. എം. കോശി | വൈസ് പ്രസിഡന്റ് | തഴക്കര | ആലപ്പുഴ |
| 5. | എൻ.പി. സ്നേഹജൻ | വൈസ് പ്രസിഡന്റ് | മാരാരിക്കുളം തെക്ക് | ആലപ്പുഴ |
| 6. | റസാഖ് സി.പി | സെക്രട്ടറി | പട്ടിത്തറ | പാലക്കാട് |
| 7. | നസീർ എം. | സെക്രട്ടറി | കുമിൾ | കൊല്ലം |
| 8. | കെ.കെ. ജിന്നാസ് | സെക്രട്ടറി | കടുങ്ങല്ലൂർ | എറണാകുളം |

## എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ

| | | | | |
|---|---|---|---|---|
| 9. | പൊഴിയൂർ ജോൺസൺ | അംഗം | കുളത്തൂർ | തിരുവനന്തപുരം |
| 10. | അഡ്വ. എ.എ ഹക്കിം | അംഗം | അരുവിക്കര | തിരുവനന്തപുരം |
| 11. | കെ. സുഭാഷ് | അംഗം | കരവാരം | തിരുവനന്തപുരം |
| 12. | ഫാത്തിമഖാൻ | അംഗം | പത്തനാപുരം | കൊല്ലം |
| 13. | അഡ്വ. ഇ. യൂസഫ്കുഞ്ഞ് | അംഗം | പന്മന | കൊല്ലം |
| 14. | ടി.കെ. സജീവ് | അംഗം | കവിയൂർ | പത്തനംതിട്ട |
| 15. | ജഗദമ്മ സോമരാജൻ | അംഗം | മലയാലപ്പുഴ | പത്തനംതിട്ട |
| 16. | കെ.എൽ. പ്രസന്നകുമാരി | അംഗം | പത്തിയൂർ | ആലപ്പുഴ |
| 17. | ജോർജ്ജ് അഗസ്റ്റിൽ | അംഗം | കരൂർ | കോട്ടയം |
| 18. | ബാബു കെ. കോര | അംഗം | മണർകാട് | കോട്ടയം |
| 19. | സി.കെ. രാമചന്ദ്രൻ | അംഗം | ചിറക്കടവ് | കോട്ടയം |
| 20. | ജോണി സബാസ്റ്റ്യൻ | അംഗം | കട്ടപ്പന | ഇടുക്കി |
| 21. | ജോജി തോമസ് | അംഗം | കരിങ്കുന്നം | ഇടുക്കി |
| 22. | ജി. വിജയാനന്ദൻ | അംഗം | വണ്ടിപ്പെരിയാർ | ഇടുക്കി |
| 23. | കാർത്ത്യായനി സർവ്വൻ | അംഗം | വടക്കേക്കര | എറണാകുളം |
| 24. | ലിസ്സി കുരുവിള | അംഗം | പൈങ്ങോട്ടൂർ | എറണാകുളം |
| 25, | സീനത്ത് ഇക്ബാൽ | അംഗം | കടപ്പുറം | തൃശ്ശൂർ |
| 26. | വി.കെ. ഫസലൂർ അലി | അംഗം | വടക്കേക്കാട | തൃശ്ശൂർ |
| 27. | സുലൈമാൻ .എൻ. | അംഗം | വള്ളത്തോൾ | തൃശ്ശൂർ |
| 28. | കല്ലടി അബൂബക്കർ | അംഗം | കോട്ടോപ്പാടം | പാലക്കാട് |
| 29. | സുമലത മോഹൻദാസ് | അംഗം | മലമ്പുഴ | പാലക്കാട് |
| 30. | ഒ.റ്റി. ജെയിംസ് | അംഗം | എടക്കര | മലപ്പുറം |

| | | | | |
|---|---|---|---|---|
| 31. | പി.പി. സഫറുള്ള | അംഗം | അരീക്കോട് | മലപ്പുറം |
| 32. | കെ.വി. സിദ്ദിഖ് | അംഗം | നിറമരുതൂർ | മലപ്പുറം |
| 33. | പി. സുരേന്ദ്രൻ | അംഗം | കാവിലുംപാറ | കോഴിക്കോട് |
| 34. | കെ. മോഹനൻ | അംഗം | കാക്കൂർ | കോഴിക്കോട് |
| 35. | അലിഹാജി.പി.എ | അംഗം | വെള്ളമുണ്ട | വയനാട് ജില്ല |
| 36. | എച്ച്.ബി. പ്രദീപ് മാസ്റ്റർ | അംഗം | എടവക | വയനാട് |
| 37. | പി. ഗഗാറിൻ | അംഗം | വൈത്തിരി | വയനാട് |
| 38. | കെ.വി. മേമി | അംഗം | നാറാത്ത് | കണ്ണൂർ |
| 39. | പി. കൗസല്യ ടീച്ചർ | അംഗം | തില്ലങ്കേരി | കണ്ണൂർ |
| 40. | സി. കെ അരവിന്ദാക്ഷൻ | അംഗം | പുല്ലൂർ-പെരിയ | കാസർഗോഡ് |
| 41. | എം. ബാലകൃഷ്ണൻ | അംഗം | കയ്യൂർ ചീമേനി | കാസർഗോഡ് |
| 42. | ബഷീർ എ.ജി,സി | അംഗം | തൃക്കരിപ്പൂർ | കാസർഗോഡ് |

# ആമുഖം

**കേ**രളത്തിൽ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും ആരംഭിച്ചശേഷം, തദ്ദേശ സ്വയംഭരണസ്ഥാപനതലത്തിലെ നാലാമത്തെ ഭരണസമിതിയാണ് നിലവിലുള്ളത്. ഓരോ ഘട്ടത്തിലും അധികാര വികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും പടിപടിയായ മുന്നേറ്റവും വികാസവും നമുക്ക് കാണാൻ കഴിയും. ഈ അഭിമാനാർഹമായ മാറ്റത്തിൽ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട്. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ 1966ൽ അന്നത്തെ സർക്കാർ നമ്പർ 85191/ pt.SPpl.1/66/A & R.D.D. Dt 29/12/1966 എന്ന ഉത്തരവിൻ പ്രകാരം രൂപീകരിച്ച സ്ഥാപനമാണെങ്കിലും അധികാര വികേന്ദ്രീകരണത്തോടൊപ്പമായിരുന്നു ഈ സ്ഥാപനത്തിന്റെയും വളർച്ച.

പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ മനസ്സിലാക്കി പരിഹരിക്കുന്നതിന് സർക്കാരിൽ വേണ്ട ഇടപെടൽ നടത്തുക, സർക്കാർ തയ്യാറാക്കുന്ന നയം, ഉത്തരവുകൾ, മാർഗരേഖകൾ, വിവിധ കമ്മിഷനുകളുടെ പ്രവർത്തനങ്ങൾ എന്നിവയിൽ പഞ്ചായത്തുകൾക്ക് അനുകൂലമായ രീതിയിൽ വേണ്ട മാറ്റം വരുത്താനായി - പഠനം നടത്തുക, ശിൽപശാലകൾ സംഘടിപ്പിക്കുക, ചർച്ചകൾ, വിവരശേഖരണം എന്നിവ നടത്തി അതിന്റെ അടിസ്ഥാനത്തിൽ വേണ്ട ഇടപെടൽ നടത്തുക. പഞ്ചായത്തിരാജ് സംവിധാനം ശക്തിപ്പെടുത്താൻ, പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന വികസന, ക്ഷേമ, ഭരണ, ആസൂത്രണ തലത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനും അടുത്ത തലത്തിൽ എത്തിക്കാനും ഉതകുന്ന തരത്തിൽ, സഹായകമായ രീതിയിൽ പഠന, ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ചില മാതൃകകൾ സൃഷ്ടിക്കുക, പഞ്ചായത്തുകൾക്ക് അനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരം ഒരുക്കുക, നല്ല മാതൃകകൾ കണ്ടെത്തി മറ്റു പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ സഹായിക്കുക, ഇതിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുക, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, വിവിധ അക്കാദമിക്-ഗവേഷണ സ്ഥാപനങ്ങൾ, സംഘടനകൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ, വിദഗ്ദ്ധർ എന്നിവയെ കൂട്ടിയിണക്കി പഞ്ചായത്തുകളുടെ പ്രവർത്തനത്തെ സഹായിക്കുക, പഞ്ചായത്തുകളുടെ ആസൂത്രണ, നിർവഹണ, ഭരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക തുടങ്ങിയവ അസോസിയേഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളും ഉത്തരവാദിത്വങ്ങളുമാണ്. ഈ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ ഉതകുന്ന തരത്തിൽ ഓരോ വർഷം കഴിയുമ്പോഴും അസോസിയേഷൻ ശക്തിപ്രാപിച്ചുവരാൻ വേണ്ട ശ്രമം നടന്നുവരുന്നു.

അസോസിയേഷന്റെ കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് തുടങ്ങിയ പ്രവർത്തനങ്ങൾ തുടരാനും ലക്ഷ്യം പൂർത്തീകരിക്കാൻ ഉതകുന്ന തരത്തിൽ മറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഈ ഭരണസമിതിയുടെ കാലത്ത് ഞങ്ങൾ വളരെ നന്നായി ശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷം ഞങ്ങൾ ചെയ്ത പ്രവത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

കാർഷികരംഗത്ത് പുത്തൻ ഉണർവ് സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ കൃഷിവകുപ്പും, ഗ്രാമപഞ്ചായത്ത് അസോസിയേഷനും, 200 പഞ്ചായത്തുകളും ചേർന്ന് നടപ്പിലാക്കിവരുന്ന കാർഷിക കർമ്മസേനയുടെ പ്രവർത്തനത്തിലൂടെ "കാർഷിക സമഗ്രവികസനവും തരിശുരഹിത പഞ്ചായത്തും" എന്ന മാതൃകാ പ്രവർത്തനം കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുത്തൻ നാഴികക്കല്ലായിരിക്കും. ജില്ലാപ്ലാൻ തയ്യാറാക്കാനുള്ള മാർഗരേഖ തയ്യാറാക്കൽ; വയനാട്, മലപ്പുറം ജില്ലകളിൽ ഇത് നിർവഹിക്കാനായി നടത്തിയ ശ്രമം; 12-ാം പദ്ധതിയുടെ മുന്നോടിയായി വിവിധ തലത്തിൽ ചർച്ചകൾ നടത്തി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച കരട് നിർദ്ദേശങ്ങൾ 12-ാം പദ്ധതിയുടെ ഭാഗമായി വന്ന മാറ്റങ്ങൾ സംബന്ധിച്ച് പഞ്ചായത്തുകൾക്ക് ഉണ്ടായിരുന്ന സംശയങ്ങൾ, തടസ്സങ്ങൾ എന്നിവ മാറ്റുന്നതിന് ജില്ലാതലത്തിൽ നടത്തിയ ശിൽപശാലകൾ; അയൽസഭ രൂപീകരിക്കാനുള്ള കൈപ്പുസ്തകം തയ്യാറാക്കിയതും അതുപയോഗിച്ച് എറണാകുളം ജില്ലയിലെ 40 പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ; വനിതാ ഘടകപദ്ധതി, ജൻഡർ ട്രെയിനിംഗ്, പട്ടികജാതി പട്ടികവർഗം എന്നീ വിഷയങ്ങളിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനുമായി ചേർന്ന് നടത്തിയ വിവിധ സെമിനാറുകൾ; അസോസിയേഷന്റെ മുന്നോട്ടുള്ള പ്രയാണത്തിന് സഹായകമായ രീതിയിൽ സംഘടിപ്പിച്ച ത്രിദിന ആശയരൂപീകരണ ശിൽപശാലയും, ത്രിദിന അനുഭവം പങ്കുവയ്ക്കൽ ശിൽപശാലയും; സഖി വിമൺസ് റിസോഴ്സ് സെന്ററുമായി ചേർന്ന് 6 പഞ്ചായത്തുകളിൽ നടത്തിയ സ്ത്രീസൗഹൃദപഞ്ചായത്തിന്റെ രൂപീകരണ ശ്രമങ്ങൾ; പരിസ്ഥിതി ആഘാത വിലയിരുത്തൽ, മോണിറ്ററിംഗ്, ഭരണപ്രവർത്തന വിലയിരുത്തൽ എന്നിവയ്ക്കായി തയ്യാറാക്കിയ പ്രത്യേകം മൊഡ്യൂളുകൾ; 'അദ്ധ്വാന' എന്ന സംഘടനയുമായി ചേർന്ന് പട്ടികജാതി വികസനത്തിനായി തിരുവനന്തപുരം ജില്ലയിലെ 4 പഞ്ചായത്തുകളിൽ നടത്തിയ ചില ശ്രമങ്ങൾ; ശുചിത്വത്തിന്റെ തുടർപ്രവർത്തനങ്ങൾ നടത്താനായി ശുചിത്വമിഷനുമായി ചേർന്ന് നടത്തിയ സെമിനാർ; മീനങ്ങാടി, ഇടവക പഞ്ചായത്തുകളിൽ അസോസിയേഷന്റെ സഹായത്തോടെ നടന്ന സമഗ്രവികസന ശ്രമങ്ങൾ, കേന്ദ്ര 13-ാം ധനകാര്യകമ്മിഷന്

വിവിധ തലങ്ങളിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി കമ്മിഷൻ സിറ്റിങ്ങിൽ അസോസിയേഷന്റെ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും സമർപ്പിക്കുകയും ചെയ്ത പ്രവർത്തനങ്ങൾ; 12-ാം പദ്ധതിയിൽ വന്ന മാറ്റങ്ങൾ പഞ്ചായത്തുകളെ ബോധ്യപ്പെടുത്താനും സംശയനിവാരണത്തിനുമായി ജില്ലാതല ഉദ്യോഗസ്ഥരെയും വിദഗ്ദ്ധരെയും പങ്കെടുപ്പിച്ച് എല്ലാ ജില്ലയിലും ഏകദിന സെമിനാർ; നാട്ടറിവ്, നാട്ടുവൈദ്യം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ജില്ലാതല സംഘങ്ങൾ - തിരുവനന്തപുരത്ത് സംസ്ഥാനതല ഉദ്ഘാടനം, മറ്റു ജില്ലകളിൽ സ്വാഗതസംഘ പ്രവർത്തനങ്ങൾ നടന്നുവരുന്നു - തുടങ്ങിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു.

അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തിക സൃഷ്ടിക്കൽ, അവരുടെ പ്രവർത്തന രൂപരേഖ തയ്യാറാക്കാനായി നടത്തിയ ശിൽപശാലകൾ, തദ്ദേശ സ്വയംഭരണ എൻജിനിയറിങ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായുള്ള ശിൽപശാലകൾ, ഇടപെടലുകൾ, അക്കൗണ്ടന്റുമാരുടെ പുതിയ തസ്തിക സൃഷ്ടിക്കാനുള്ള ഇടപെടൽ, പദ്ധതി ആസൂത്രണത്തിൽ വരുത്തിയ ജനകീയത, അംഗീകാര നടപടികളിൽ വരുത്തിയ മാറ്റം, ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ വരുത്തിയ മാറ്റം, എ.ഇ.മാരുടെ താൽക്കാലിക നിയമനത്തിനുള്ള അനുമതി, സ്റ്റാഫ് പാറ്റേണിൽ വരുത്തിയ മാറ്റങ്ങൾ, അഡിഷണൽ എൽ.ഡി.സി. പോസ്റ്റ്, പഞ്ചായത്ത് സെക്രട്ടറി തസ്തിക ഗസറ്റ് പോസ്റ്റാക്കി മാറ്റിയത്, പഞ്ചായത്തിന് വിവിധ വകുപ്പിൽ നിന്നും കൈമാറിയവരെ പഞ്ചായത്തിന്റെ സ്റ്റാഫാക്കി മാറ്റിയത്, ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം, സബ്സിഡികൾ കാലാനുസൃതമാക്കുന്നതിലെ ഇടപെടൽ, എം.ജി.എൻ.ആർ.ഇ.ജി.എസ്.ന്റെ ഭാഗമായി നിർമ്മാണ പ്രവൃത്തികൾക്കും അനുമതി, തൊഴിലാളികളുടെ വേതനത്തിലെ വർദ്ധനവ്, മെറ്റീരിയൽ കോസ്റ്റ് കണക്കാക്കാനായി എല്ലാ ജില്ലയിലും ലോക്കൽ റേറ്റ് തയ്യാറാക്കൽ, പഞ്ചായത്ത് ദിനാഘോഷങ്ങൾ വിജയിപ്പിക്കുന്നതിൽ നേതൃത്വപരമായ പങ്ക്, പഞ്ചായത്ത് വകുപ്പ് സംഘടിപ്പിക്കുന്ന അധികാര വികേന്ദ്രീകരണ അന്തർദേശീയ സെമിനാറിന്റെ സംഘാടന നേതൃത്വം - ഇത്തരത്തിൽ ധാരാളം നേട്ടങ്ങൾ കൈവരിക്കാൻ വളരെ ശക്തമായ ഇടപെടൽ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുകൾ ഒരു പ്രാദേശിക സർക്കാർ എന്ന നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ ഉതകുന്ന തരത്തിൽ ഉയർന്നുവരാനും, അതിന് ഉതകുന്ന തരത്തിൽ പൂർണമായും മാറ്റങ്ങൾ ഉണ്ടായില്ല എങ്കിലും കാതലായ മാറ്റങ്ങൾ വരുത്താൻ പഞ്ചായത്തുകൾക്ക് ഭരണത്തിലും ആസൂത്രണത്തിലും നിർവഹണത്തിലും മുമ്പെന്നത്തെക്കാളും സ്വാതന്ത്ര്യവും അംഗീകാരവും ലഭിച്ച ഒരു കാലഘട്ടമാണിത്.

ഇതിനു പുറമേ അസോസിയേഷന്റെ ഓഫീസും ഹാളുകളും റൂമുകളും പുതുക്കി

പണിതു. കൂടാതെ നിലവിലെ സൗകര്യത്തെക്കാൾ 30 പേർക്കുകൂടി അധികമായി താമസിക്കാൻ പ്രത്യേകം സംവിധാനം ഒരുക്കി. അതിനായി 4 എ.സി. ഡബിൾ റൂമുകളും, ഒരു എ.സി. ഡോർമെട്രിയും, 7 ഡബിൾ റൂമുകളും പുതുതായി നിർമിക്കുകയുണ്ടായി. പഞ്ചായത്ത്ഭവന്റെ മുൻവശം മേൽക്കൂര പണിത് സ്ഥിരം സംവിധാനം ഒരുക്കി. അസോസിയേഷന് ഒരു വാഹനം വാങ്ങി. ജലലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാക്കി.

സൗത്താഫ്രിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന മേയേഴ്സ് ഫോറത്തിൽ അവരുടെ അപേക്ഷ പ്രകരം അസോസിയേഷൻ അംഗമായി. കൂടാതെ, അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു കൂടുതൽ പഠിക്കാനായി നല്ല മാതൃകകളുടെ പ്രവർത്തനം മറ്റുള്ളരിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ദൽഹി കേന്ദ്രീകരിച്ച് ഏഷ്യാതലത്തിൽ പ്രവർത്തിക്കുന്ന ലോഗിൻ എന്ന സംവിധാനം ആവശ്യപ്പെട്ട തനുസരിച്ച് നമ്മൾ അതിൽ അംഗമായി. ഇതുവഴി ഇന്ത്യയിൽ മാത്രമല്ല, ലോകതലത്തിൽതന്നെ ശ്രദ്ധനേടാൻ തുടങ്ങി. അഞ്ച് രാജ്യങ്ങളിൽ നിന്നുള്ളവർ അസോസിയേഷനെക്കുറിച്ചു പഠിക്കാൻ മൂന്ന് ദിവസം തിരുവനന്തപുരത്ത് വന്നിരുന്നു. കൂടാതെ കേരളത്തിൽ നിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും പഠിക്കാനും, റിസർച്ച് സ്റ്റുഡന്റ്സും അസോസിയേഷൻ സന്ദർശിച്ചിരുന്നു.

പഞ്ചായത്തുകൾ ദൈനംദിനം നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ സർക്കാരിൽ എത്തിച്ച് ശ്രമങ്ങൾ നിരന്തരം നടത്തിവരുന്നു. കില, ശുചിത്വമിഷൻ, എസ്.എസ്.എ., ഐ.കെ.എം, സ്റ്റേറ്റ് ഡെവലപ്മെന്റ് കൗൺസിൽ, ക്രൂസ്, ഡിപിസികൾ, ഡിഡിസികൾ എന്നിവയിൽ ഔദ്യോഗികമായി പങ്കെടുക്കുകയും പഞ്ചായത്തിന്റെ പ്രശ്നങ്ങൾ ഉന്നയിക്കാനും പഞ്ചായത്തുകൾക്ക് അനുകൂലമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും വേണ്ട ഇടപെടൽ നിരന്തരം നടത്തിവരുന്നു.

ഇത്തരത്തിൽ കഴിഞ്ഞ അഞ്ചു വർഷം അസോസിയേഷൻ നടത്തിയ പ്രവർത്തനങ്ങളുടെ ഒരു നേർചിത്രമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുള്ളത്. നാളിതുവരെ ഞങ്ങളുടെ പ്രവർത്തനത്തിന് എല്ലാവിധ സഹായവും സഹകരണവും പ്രോത്സാഹനവും നൽകിയ കേരള സർക്കാർ, പഞ്ചായത്ത് വകുപ്പ്, പ്ലാനിംഗ് ബോർഡ്, വിവിധ വകുപ്പുകൾ, ജീവനക്കാർ, പ്രതിനിധികൾ, സഹപ്രവർത്തകർ, അക്കാദമിക് സ്ഥാപനങ്ങൾ, സംഘടനകൾ തുടങ്ങി എല്ലാവരെയും നന്ദിയോടെ ഈയവസരത്തിൽ സ്മരിക്കുന്നു.

**പി.റ്റി. മാത്യു**
പ്രസിഡന്റ്

**സൂപ്പി നരിക്കാട്ടേരി**
ജനറൽ സെക്രട്ടറി

# ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
# കഴിഞ്ഞ അഞ്ചുവർഷങ്ങളിലൂടെ
# (2010-11 - 2015-16)

## ആശയരൂപീകരണ ശിൽപശാല

പുതിയ ഭരണസമിതി അധികാരത്തിൽ വന്നശേഷം വകുപ്പുകളുമായുള്ള ബന്ധം സ്ഥാപിക്കുക, അവർ നടക്കുന്ന പരിപാടികൾ അറിയുക, പ്രശ്നങ്ങൾ ബോധ്യപ്പെടുത്തുക - അതിന്റെയൊക്കെ അടിസ്ഥാനത്തിൽ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനായി വേണ്ട ആശയങ്ങൾക്ക് രൂപംനൽകുക എന്നീ ലക്ഷ്യങ്ങളോടെ 2011 ജൂൺ 10, 11, 12 തീയതികളിലായി ഒരു ത്രിദിന ക്യാമ്പ് എക്സിക്യൂട്ടീവ് അംഗങ്ങൾ, ജില്ലാ പ്രസിഡന്റ്-സെക്രട്ടറിമാർ, പഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ വകുപ്പ് മേധാവികൾ എന്നിവരെ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് മരിയാറാണി സെന്ററിൽവച്ച് സംഘടിപ്പിച്ചു.

ഈ ത്രിദിന ക്യാമ്പിന്റെ ഉദ്ഘാടനകർമ്മം അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ബഹു. പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നിർവഹിച്ചു. ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സ്വാഗതം അർപ്പിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിലും സ്വാഗത പ്രസംഗത്തിലുമായി ഒട്ടനവധി വിഷയങ്ങൾ തുടർന്നുള്ള ചർച്ചകൾക്കായി അവിടെ ഉന്നയിച്ചു - സ്റ്റാഫ് പാറ്റേൺ, സെക്രട്ടറി തസ്തിക ഏകീകരണം, ജനപ്രതിനിധികളുടെ ഹോണറേറിയം, പെൻഷൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്., കുടുംബശ്രീ, എസ്.എസ്.എ, 12-ാം പദ്ധതി സംബന്ധിച്ച്, തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസൂത്രണത്തിലെ ദീർഘവീക്ഷണത്തിന്റെ ആവശ്യകത, ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, കാർഷികരംഗത്തെ പഞ്ചായത്തുകളുടെ ഇടപെടൽ, പുനർവിന്യാസം വഴി വകുപ്പിൽ നിന്നും എൻജിനിയർമാരെ നൽകിയ കാര്യം, ഓണറേറിയം, കുടുംബശ്രീയുടെ പ്രവർത്തനം, ശ്മശാനങ്ങൾ, കളിസ്ഥലങ്ങൾ, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, കലാഗ്രാമങ്ങൾ, സ്വാശ്രയകേരളം എന്ന ആശയത്തിനായി പ്രവർത്തിക്കൽ, പട്ടികജാതി, പട്ടികവർഗം തുടങ്ങിയ വിഷയങ്ങൾ ഈ ത്രിദിനക്യാമ്പിൽ അവതരണങ്ങൾക്കും ചർച്ചകൾക്കും വിധേയമായി എന്നത് അസോസിയേഷന്റെ അടുത്ത അഞ്ചുവർഷത്തെ പ്രവർത്തങ്ങൾക്ക് രൂപരേഖ നൽകാൻ സഹായകമായി.

ബഹു. പട്ടികവർഗ വകുപ്പ് മന്ത്രി ശ്രീമതി പി.കെ. ജയലക്ഷ്മി ആശംസാ പ്രസംഗം നടത്തിക്കൊണ്ട് - പട്ടികവർഗ ഉപപദ്ധതി നടപ്പിലാക്കുന്നതിൽ

പഞ്ചായത്തുകൾക്ക് ധാരാളം തടസ്സം നേരിടുന്നതായി മനസ്സിലാക്കുന്നു, അത് ഒഴിവാക്കാൻ എല്ലാവിധ പിന്തുണയും വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകും എന്ന് അറിയിച്ചു. തുടർന്ന് അന്ന് പഞ്ചായത്ത് ഡയറക്ടർ ആയിരുന്ന ശ്രീ. കെ.ആർ. മുരളീധരൻ ഐ.എ.എസ്., മുൻ അസോസിയേഷൻ പ്രസിഡന്റ് ശ്രീ. കെ. നാരായണൻ എന്നിവർ ഉദ്ഘാടന സെഷനിൽ ആശംസകൾ അർപ്പിച്ചു.

ചർച്ചയ്ക്ക് സഹായകമായി വിവിധ ചർച്ചകൾ നടന്നു. ഒന്നാമത്തെ അവതരണം കുടുംബശ്രീ സംബന്ധിച്ച് അതിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്. നിർവഹിച്ചു. അവതരണത്തെ തുടർന്ന് കുടുംബശ്രീയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ചയ്ക്കുവന്നു. രണ്ടാമത്തെ വിഷയം എസ്.എസ്.എ.യും പഞ്ചായത്തുകളും എന്നതായിരുന്നു. ഈ വിഷയം എസ്.എസ്.എ.യുടെ അസിസ്റ്റന്റ് ഡയറക്ടർ അവതരിപ്പിച്ചു. എസ്.എസ്.എ.യ്ക്ക് പഞ്ചായത്തുകൾ അടയ്ക്കുന്ന വിഹിതം, നടക്കുന്ന പ്രവൃത്തി സംബന്ധിച്ച് പഞ്ചായത്തുകൾക്ക് അറിയാൻ കഴിയാത്ത അവസ്ഥ, ആസൂത്രണത്തിലെ പങ്കാളിത്തമില്ലായ്മ എന്നിവ ചർച്ചയ്ക്ക് വിധേയമായി.

മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് അതിന്റെ ഡയറക്ടർ ആയിരുന്ന ശ്രീ. വി.എൻ. ജിതേന്ദ്രൻ ഐ.എ.എസ്. വിഷയം അവതരിപ്പിച്ചു. അതിൽ നിലനിന്ന പ്രശ്നങ്ങൾ, കേന്ദ്ര ആക്ടിലും ഇവിടെയും ഉണ്ടായ മാറ്റങ്ങൾ എന്നിവ വിശദമായ ചർച്ചയ്ക്ക് വിധേയമായി. തുടർന്ന് ശുചിത്വമിഷൻ ഡയറക്ടർ ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവതരണം നടത്തി. സാമൂഹ്യക്ഷേമവകുപ്പിന്റെ അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. പ്രതാപൻ സാമൂഹ്യക്ഷേമ വകുപ്പുവഴി ചെയ്യുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് അവതരണം നടത്തി.

രണ്ടാം ദിവസം ബജറ്റിംഗ്, ആഡിറ്റിംഗ് എന്നിവ സംബന്ധിച്ച് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റർ ശ്രീ. എസ്. ദിവാകരൻ പിള്ള അവതരിപ്പിച്ചു. ഫണ്ട് ഫ്ളോ, അക്കൗണ്ടിംഗ് എന്നിവ സംബന്ധിച്ച് ശ്രീ. ഉദയഭാനു കണ്ടയത്തും വിഷയം അവതരിപ്പിച്ചു. തുടർന്ന് പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞൻ പ്രൊഫ. എം.കെ. പ്രസാദ് പരിസ്ഥിതി, മണ്ണ്, ജലസംരക്ഷണം എന്ന വിഷയം അവതരിപ്പിച്ചു. അതിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിൽ പരിസ്ഥിതി ആഘാത വിലയിരുത്തലിന്റെ പ്രാധാന്യം അദ്ദേഹം വിശദീകരിച്ചു. പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റായ ശ്രീ. സുരേഷ് കുമാർ പട്ടികവർഗ വികസനവും ഗ്രാമപഞ്ചായത്തുകളും എന്ന വിഷയം അവതരിപ്പിച്ച് ചർച്ചചെയ്തു. വേൾഡ് ബാങ്കിന്റെ സർവീസ് ഡെലിവറി പ്രോജക്ടിനെ ആധാരമാക്കി അതിന്റെ ട്രെയിനിംഗ് കോഡിനേറ്റർ ആയിരുന്ന ശ്രീമതി നിർമ്മല സാനു ജോർജ് അവതരിപ്പിച്ചു. ഐ.കെ.എം.ന്റെ പ്രവർത്തനങ്ങൾ, വിവിധ സോഫ്റ്റ്‌വെയറുകൾ എന്നിവ സംബന്ധിച്ച് ഐ.കെ.എം. സീനിയർ ടെക്നീഷ്യൻസ്

വിവരിച്ചു. ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് ചീഫ് ടൗൺ പ്ലാനർ ബിൽഡിംഗ് റൂൾ സംബന്ധിച്ച വിശദീകരണവും സംശയനിവാരണവും നടത്തി. തുടർന്ന് രാത്രി വളരെ വൈകിവരെ, ഇതുവരെ നടന്ന കാര്യങ്ങൾ കൂടി പരിഗണിച്ച് തുടർന്ന് എന്തുചെയ്യാം, പൊതുവിൽ ഇനിയും നിലനിൽക്കുന്ന സംശയങ്ങൾ എന്നിവ സംബന്ധിച്ച് എക്സിക്യൂട്ടീവ് കൂടി ചർച്ചചെയ്തു.

മൂന്നാം ദിവസം രാവിലെ അന്നത്തെ അഡിഷണൽ ചീഫ് സെക്രട്ടറി ആയിരുന്ന ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ്. ക്യാമ്പ് അംഗങ്ങൾക്കുള്ള എല്ലാ സംശയങ്ങൾക്കും വിശദീകരണം നൽകിക്കൊണ്ട് സംസാരിച്ചു. തുടർന്ന് ത്രിദിന ക്യാമ്പ് വിലയിരുത്തി. തുടർന്ന് വരുന്ന അഞ്ചുവർഷം ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കി ത്രിദിനക്യാമ്പ് അവസാനിച്ചു.

**ഗ്രാമസഭാ ശാക്തീകരണം**

തിരുവനന്തപുരം ജില്ലയിൽ പൊതുജനത്തിനായുള്ള ഗ്രാമസഭാ പരിശീലനം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഏറ്റെടുത്ത് നടത്തുകയുണ്ടായി. ഇതിന് ആവശ്യമായ സാമ്പത്തികസഹായം നൽകിയത് കിലയായിരുന്നു. ഈ പരിശീലനം നടത്താനായി ഒരു ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. അതിൽ 18 പേർ പങ്കെടുത്തു.

തിരുവനന്തപുരം ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും കത്ത് അയച്ച് ചുവടെ കൊടുക്കുന്ന വിഭാഗത്തിൽ ഉള്ളവരുടെയിടയിൽ നിന്നും - ഒരു പഞ്ചായത്തിൽ 40 പേരുടെ ലിസ്റ്റ് അയച്ചുതരാൻ ആവശ്യപ്പെട്ടു. എസ്.സി., എസ്.റ്റി. പ്രമോട്ടർമാർ, സാക്ഷരതാ പ്രേരക്കുമാർ, സി.ഡി.എസ്. ഔദ്യോഗിക ഭാരവാഹികൾ, ആശ വോളണ്ടിയർമാരിൽ നിന്നും 5 പേർ, പാടശേഖരസമിതി, ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ തുടങ്ങിയവരിൽ നിന്നും പരമാവധി 10 പേർ, പി.ടി.എ., എം.പി.ടി.എ. പ്രസിഡന്റുമാർ പരമാവധി 6 പേർ, റസിഡന്റ്സ് അസോസിയേഷനിൽ നിന്നും ഓരോ ആൾ എന്ന കണക്കിന് പരമാവധി 10 പേർ, ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി. എന്നാൽ കുറച്ച് പഞ്ചായത്തുകളിൽ നിന്നു മാത്രമേ ഇതിന്റെ കൃത്യമായ പ്രതികരണം ഉണ്ടായിരുന്നുള്ളു. മറ്റുസ്ഥലങ്ങളിൽ നേരിട്ട് ബന്ധപ്പെട്ടാണ് പരിശീലന പങ്കാളികളെ കണ്ടെത്തിയത്.

- പഞ്ചായത്ത് ഭവൻ, നെടുമങ്ങാട്, നന്ദിയോട്, മൺവിള എന്നിങ്ങനെ നാല് കേന്ദ്രങ്ങളിലായി 32 ബാച്ച് ദ്വിദിന പരിശീലനമാണ് സംഘടിപ്പിച്ചത്. ഇതിൽ ആകെ 2118 പേരാണ് പങ്കെടുത്തത്.
- ക്ലാസ്സുകൾ എന്നതിനേക്കാളുപരി റീഡിംഗ് മെറ്റീരിയൽസ് നൽകി വായിച്ചും ചർച്ചചെയ്തും മോക്ക് അവതരിപ്പിച്ചുമാണ് ഈ പരിശീലനം സംഘടിപ്പിച്ചത്. തുടർപ്രവർത്തനമെന്നോണം പരിശീലനത്തിനു വന്ന പല പഞ്ചായത്തുകളും

വിവിധ സംഘടനാ പ്രതിനിധികളും തിരികെച്ചെന്ന് പ്രാദേശികമായും സംഘടനാതലത്തിലുമൊക്കെ ക്ലാസ്സുകൾ സംഘടിപ്പിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭകളിൽ മാറ്റം വരുത്തുന്നതിനും നമ്മുടെ പരിശീലനം പ്രേരകമായിട്ടുണ്ട്. കൂടാതെ ഇതിൽ വന്ന സംഘടനകൾ പലതും പ്രോ പഞ്ചായത്ത്, പ്രോ ഗ്രാമസഭാ സംഘടനകളായി മാറി എന്നതും ശ്രദ്ധേയമാണ്.

## ജില്ലാ പ്ലാൻ

കേരളത്തിൽ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും ആരംഭിച്ച 9-ാം പദ്ധതികാലത്ത് തന്നെ ജില്ലാ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഈ പദ്ധതികാലയളവിൽ ഇതിനായി ഒരു ഗേഡ്ലൈൻ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ ജില്ലകൾ ഇത് തയ്യാറാക്കുകയും ചെയ്തു. തുടർന്ന് ടൗൺ ആന്റ് പ്ലാനിംഗ് കൺട്രി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 6 ജില്ലകളിൽ ജില്ലാപ്ലാൻ തയ്യാറാക്കി. എന്നാൽ അത് എല്ലാം ഒരു റിപ്പോർട്ട് എന്നതിന് അപ്പുറം പ്രായോഗികതലത്തിൽ എത്തിയില്ല. ഈ അവസരത്തിൽ ബഹു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെയും അന്നത്തെ തദ്ദേശ സ്വയംഭവണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസിന്റെയും നിർദ്ദേശാനുസരണം തിരുവനന്തപുരം, പാലക്കാട്, മലപ്പുറം ജില്ലകൾ ഏറ്റെടുത്ത് ജില്ലാപ്ലാൻ ജനകീയമായി ആക്ഷൻ റിസർച്ച് രീതിയിൽ തയ്യാറാക്കാൻ മൂന്നുദിവസത്തെ ക്യാമ്പിൽ വച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. ഇതിന്റെ തുടർച്ചയായി കുറേയേറെ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്.

- ഇതിന്റെ ഭാഗമായി മലപ്പുറം, തിരുവനന്തപുരം, പാലക്കാട്, ജില്ലകളിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, ജില്ലാപ്ലാൻ തയ്യാറാക്കണം, അസോസിയേഷന്റെ ഉദ്യമത്തെ സഹായിക്കണം എന്നുകാണിച്ച് ബഹു. പഞ്ചായത്തുവകുപ്പ് മന്ത്രി ഡോ. എം.കെ മുനീറിന്റെ കത്ത് അയച്ചു.
- തിരുവനന്തപുരം പഞ്ചായത്ത് ഭവനിൽവച്ച് ഒരു ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഈ ശിൽപ്പശാല അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.ടി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സ്വാഗതം പറഞ്ഞു. ആമുഖ ക്ലാസ് അവതരിപ്പിച്ചത് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ് ആയിരുന്നു. തുടർന്ന് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പിന്റെ സീനിയർ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ഈശ്ശോ അനുഭവം പങ്കുവച്ചു. അതോടൊപ്പം കിലയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജെ.ബി. രാജൻ കില തയ്യാറാക്കിയ മാർഗ്ഗരേഖയുടെ സംക്ഷിപ്ത

വും അവതരിപ്പിച്ചു. ഈ അവതരണങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് അസോസിയേഷൻ തയ്യാറാക്കിയ കരട് രേഖവച്ച് ചർച്ച നടത്തി. ഈ യോഗത്തിൽ മലപ്പുറം ജില്ലയിൽ നിന്നും ജില്ലാ പ്രസിഡന്റ് ശ്രീമതി സുഹറാ മാമ്പാട് അടക്കം 33 പേർ പങ്കെടുത്തു. പാലക്കാട് ജില്ലയിൽനിന്നും അഞ്ചും, തിരുവനന്തപുരം ജില്ലയിൽനിന്നും ആറും അസോസിയേഷൻ ഭാരവാഹികളായ മൂന്നുപേരും അടക്കം 47 പേരാണ് ഈ ശില്പശാലയിൽ പങ്കെടുത്തത്. ജില്ലാപ്ലാൻ സംബന്ധിച്ച് അസോസിയേഷൻ തയ്യാറാക്കിയ മാർഗരേഖ ഈ യോഗത്തിൽ വിശദമായി ചർച്ചചെയ്തു.

- ജില്ലകളുടെ തുടർപ്രവർത്തനങ്ങൾ ജില്ലകളിൽ ചെന്നശേഷം തയ്യാറാക്കാനുള്ള ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി ജില്ലകൾക്ക് നൽകി.
- മലപ്പുറം ജില്ലയിൽ ഡി.പി.സി. ചെയർപെഴ്സന്റെ നേതൃത്വത്തിൽ ജില്ലയിലെ പ്രധാനപ്പെട്ടവരുടെ ആലോചനായോഗം മലപ്പുറത്തുവച്ച് നടന്നു.
- അസോസിയേഷന്റെ മലപ്പുറം ജില്ലാ-എക്സിക്യൂട്ടീവ് കമ്മറ്റി കൂടി ജില്ലാ പ്ലാൻ സംബന്ധിച്ച തുടർപ്രവർത്തനങ്ങൾ ചർച്ചചെയ്തു. കൂടാതെ ജില്ലയെ മൂന്ന് റീജിയണായിതിരിച്ച് ഗ്രാമപഞ്ചായത്ത് സ്റ്റിയറിങ്ങ് കമ്മറ്റി അംഗങ്ങളുടെ യോഗം നടത്തി.
- ഡി.പി.സി. കൂടി തുടർപ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്യുകയും 22 വർക്കിങ്ങ് ഗ്രൂപ്പിന് രൂപം നൽകുകയും ചെയ്തു. വർക്കിങ്ങ് ഗ്രപ്പുകളുടെ ചെയർപേഴ്സൺ ഡി.പി.സി. മെമ്പർമാരും, കൺവീനർമാർ ബന്ധപ്പെട്ട വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥൻമാരുമായിരുന്നു. കൂടാതെ ഈ യോഗത്തിൽ വെച്ച് നഗരഗ്രാമവികസന ആസൂത്രണ വകുപ്പിന്റെ ജില്ലാഓഫീസർ അവർ നടത്തിയ പ്രവർത്തനത്തിന്റെ ഒരു ലഘു വിവരണം നടത്തുകയും ചെയ്തു. ഒരു വർക്കിങ്ങ് ഗ്രൂപ്പിൽ 7 മുതൽ 15 വരെയുള്ള അംഗങ്ങളാണ് ഉണ്ടായിരുന്നത്.
- വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങളുടെ ഏകദിന ശിൽപ്പശാല നടത്തി. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ശ്രീ. സി.കെ. റസാക്കിന്റെ അദ്ധ്യക്ഷതയിൽ ഡി.പി.സി. ചെയർപെഴ്സൻ ശ്രീമതി സുഹറ മമ്പാട് സെമിനാറിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അസോസിയേഷൻ ചീഫ് എക്സിക്യുട്ടീവ് കോഡിനേറ്റർ ശ്രീ. കെ.ബി. മദൻമോഹൻ, ഡി.പി.സി. മെമ്പർ ശ്രീ. ഉമ്മർ അറയ്ക്കൽ എന്നിവർ വിഷയം അവതരിപ്പിച്ചു. തുടർന്ന് 22 വിഷയഗ്രപ്പുകളായി തിരിഞ്ഞ് ഓരോ വിഷയത്തിലേക്കും വിവരശേഖരണം (ദ്വിതീയവിരം) എങ്ങനെ നടത്താമെന്നും, എന്ന് പൂർത്തിയാക്കാമെന്നും ആലോചിച്ച് പിരിഞ്ഞു.
- ദ്വിതീയ വിവരം ശേഖരിക്കൽ 60% ത്തോളം പൂർത്തിയായി. 22വർക്കിങ്ങ് ഗ്രൂപ്പ് അതിനായി നിരവധി തവണ കൂടുകയുണ്ടായി.

- ഇതിന് ഒരു അക്കാഡമിക്ക് കമ്മറ്റിയും നിർവഹണകമ്മറ്റിയും -ഡി.പി.സി. യുടെ ഈ പ്രവർത്തനത്തെ സഹായിക്കാനായി രൂപീകരിച്ചു.
- വനിത, മത്സ്യമേഖല എന്നിവരുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനായി പ്രാദേശികയോഗങ്ങൾ നിരവധി ചേർന്നു. മത്സ്യമേഖല സംബന്ധിച്ച് മത്സ്യഊരുകളുടെ യോഗങ്ങളും നടന്നു.
- പാലക്കാട് ജില്ലയിൽ നഗരഗ്രാമവികസന ആസൂത്രണ വകുപ്പ് കഴിഞ്ഞ അഞ്ച് വർഷമായി ജില്ലാപ്ലാൻ തയ്യാറാക്കാനുള്ള ശ്രമം നടക്കുന്നതിനാൽ അത് ഒരു ഘട്ടം പൂർത്തിയായി റിപ്പോർട്ട് വന്നശേഷം തുടർപ്രവർത്തനങ്ങൾ നടത്താം എന്ന് ഡി.പി.സി. തലത്തിൽ നടന്ന ചർച്ചയിൽ വന്നതിനാൽ തുടർപ്രവർത്തനം നടത്തിയില്ല.
- നാളിതുവരെ നടത്തിയ പ്രവർത്തന അനുഭവത്തിന്റെ വെളിച്ചത്തിലും, നഗര ഗ്രാമവികസനവകുപ്പ്, കില എന്നിവർ തയ്യാറാക്കിയ മാർഗ്ഗരേഖയുടെയും വെളിച്ചത്തിൽ അസോസിയേഷൻ തയ്യാറാക്കിയ മാർഗ്ഗരേഖ പരിഷ്ക്കരിച്ചു. ജില്ലാപ്ലാൻ സംബന്ധിച്ച് സർക്കാർ തയ്യാറാക്കികൊണ്ടിരിക്കുന്ന മാർഗ്ഗരേഖയ്ക്ക് ഇത് വളരെ സഹായകമാകും എന്ന് ആവശ്യപ്പെട്ടതിനാൽ പ്ലാനിംഗ് ബോഡിന് ഇതിന്റെ കോപ്പി സമർപ്പിക്കുകയും ചെയ്തു.

### 12-ാം പദ്ധതി

12-ാം പദ്ധതി സംബന്ധിച്ച് സർക്കാർ ആലോചിച്ച് തുടങ്ങുന്നതിന് മുന്നേതന്നെ അസോസിയേഷന്റെ നേതൃത്വത്തിൽ 12-ാം പദ്ധതിസംബന്ധിച്ച് ഒരു സമീപന രേഖയുടെ നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിന് നൽകാൻ വേണ്ടപ്രവർത്തനങ്ങൾ ആരംഭിച്ചു. ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടന്നത്.

- ചർച്ചയ്ക്കുള്ള കരട് തയ്യാറാക്കി എല്ലാ പഞ്ചായത്തുകളിലേക്കും അയച്ചു.
- പഞ്ചായത്തുകൾ ചർച്ചചെയ്ത് അയച്ചുതന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരു കരട് തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റിക്ക് രൂപം നൽകി.
- ഒരു കരട് രേഖ തയ്യാറാക്കി.
- വിദഗ്ദ്ധരുടെ യോഗത്തിൽ ചർച്ച ചെയ്തു. ഈ യോഗത്തിൽ മുഖ്യപ്രഭാഷണം അന്നത്തെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ്. നിർവഹിച്ചു. കൂടാതെ അധികാരവികേന്ദ്രികരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന, ആ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള 12 പേരും അഞ്ച് അസോയിയേഷൻ ഭാരവാഹികളും ഇതിൽ പങ്കെടുത്തു.
- 14 ജില്ലകളിലും വിവിധതലത്തിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവ

രുമായി ചർച്ചനടത്തുന്നതിനായി ഏകദിന ശിൽപശാലകൾ നടത്തി. അസോസിയേഷൻ തയ്യാറാക്കിയ കരടുരേഖ ചർച്ചയ്ക്കായി നൽകി.

- ഈ ചർച്ചകളുടെ വെളിച്ചത്തിൽ കരട് രേഖയിൽ വേണ്ട ഭേദഗതിവരുത്തി. ഭാരവാഹികളുടെ യോഗം ചേർന്ന് രേഖചർച്ച ചെയ്തു.
- തുടർന്ന് സൈലന്റ്‌വാലിയിൽവെച്ച് ഒരു ത്രിദിന കൂടിയിരിപ്പ് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, ജില്ലാപ്രസിഡന്റ്, സെക്രട്ടറിമാരെയും ചേർത്ത് സംഘടിപ്പിച്ചു. ഈ യോഗത്തിൽവച്ച് ഈ കരട് രേഖ സൂക്ഷ്മ ചർച്ചയ്ക്ക് വിധേയമാക്കി.
- ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ വേണ്ട ഭേദഗതി വരുത്തിയ ശേഷം ഡോ. എം.എ. ഉമ്മൻ, ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ്., ഐ.എം.ജി.യിലെ മുൻ പ്രെഫസർ ശ്രീ. രാമചന്ദ്രൻ, ലോകോളേജ് ലക്ചറർ ഡോ. സുഹൃത്ത്കുമാർ തുടങ്ങിയവർക്ക് കരടിന്റെ കോപ്പി നൽകി, പ്രത്യേകം വിളിച്ച വിദഗ്ദ്ധരുടെ യോഗത്തിൽ അവരുടെ അഭിപ്രായങ്ങൾ അവതരിപ്പിച്ച് വീണ്ടും ചർച്ചകൾക്ക് വിധേയമാക്കി.
- ഇതിന്റെകൂടി വെളിച്ചത്തിൽ രേഖയ്ക്ക് അന്തിമരൂപം നൽകിയ ശേഷം പ്രത്യേക ജനറൽബോഡിയോഗം ചേർന്ന് മുഖ്യമന്ത്രിക്ക് രേഖ സമർപ്പിച്ചു.
- തുടർന്ന് 12-ാം പദ്ധതി സമീപനരേഖയും മാർഗരേഖയും തയ്യാറാക്കാനായി പ്ലാനിങ്ങ് ബോർഡ് രൂപീകരിച്ച വർക്കിങ്ങ് ഗ്രൂപ്പിൽ അസോസിയേഷന്റെ ഈ രേഖ ചർച്ചയ്ക്ക് വിധേയമാകുകയും മാർഗ്ഗദർശകം ആകുകയും ചെയ്തു എന്നത് നമ്മുടെ പ്രവർത്തനങ്ങളിൽ അഭിമാനം നൽകുന്നതാണ്.
- ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷന് 12-ാം പദ്ധതി സംബന്ധിച്ച് കരട് രേഖ തയ്യാറാക്കാൻ വേണ്ട അക്കാദമിക്ക് സഹായം നൽകിയതും ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ആയിരുന്നു.
- 12-ാം പദ്ധതി സമീപനരേഖയും, മാർഗ്ഗരേഖയും തയ്യാറാക്കാനായി രൂപീകരിച്ച വർക്കിങ്ങ് ഗ്രൂപ്പിന്റെ കോർഗ്രൂപ്പിൽ അസോസിയേഷൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ അംഗങ്ങളായിരുന്നു.
- 12-ാം പദ്ധതി സമീപനരേഖ പുറത്തിറങ്ങിയപ്പോൾ എക്സിക്യൂട്ടീവ് ചർച്ച ചെയ്ത് വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചു നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട മന്ത്രിമാർക്കും, പ്ലാനിങ്ങ് ബോർഡിനും നൽകി. അനുഭാവപൂർവം അത് സർക്കാർ ഉൾക്കൊണ്ട് വേണ്ട മാറ്റം വരുത്തി എന്നത് പ്രശംസനീയമാണ്.
- പഞ്ചായത്തുകൾക്ക് കൂടുതൽ സ്വാതന്ത്ര്യവും, അധികാരവും, ഉത്തരവാദിത്വവും നൽകുന്ന 12-ാം പദ്ധതി ഗൈഡ്‌ലൈൻ പുറത്ത് ഇറക്കുന്നതിനും അതിൽ വന്ന അപാകതകൾ അപ്പപ്പോൾ പരിഹരിക്കാൻ സമയബന്ധിതമായ ഇടപെടൽ

നടത്താൻ എക്സിക്യൂട്ടീവിന് കഴിഞ്ഞിട്ടുണ്ട്.

- ഗൈഡ്‌ലൈനിൽ വന്ന അപാകതമാറ്റാൻ, പ്രത്യേകിച്ചും അംഗീകാര നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് അസോസിയേഷന്റെ ശക്തമായ ഇടപെടലിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നേരിട്ട് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് അത് പരിഹരിക്കാൻ മുൻകൈ എടുത്തു എന്നത് അസോസിയേഷന്റെ പ്രവർത്തനത്തിലെ അംഗീകാരമാണ്. നിലവിലെ സബ്സിഡി നിരക്കുകൾ വളരെ കുറവാണെന്നും കാലോചിതമല്ല എന്നും പഞ്ചായത്തുകൾ നിരന്തരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അസോസിയേ ഷൻ ഭാരവാഹികൾ ചർച്ചചെയ്ത്, എക്സിക്യൂട്ടീവിൽ അവതരിപ്പിച്ച് രേഖാമൂലം തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും, അതിനായി വിളിച്ച യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക പലതും വകുപ്പുകളുടേതുമായി ഏകോപിപ്പിക്കാനും, തുക ഇന്ന് നിലവിലുള്ള രീതിയിൽ വർദ്ധിപ്പിക്കാനും തയ്യാറായത്.
- അംഗീകാരം നടപടിക്രമത്തിന്റെ ഉത്തരവ് ഇറങ്ങിയ അന്നുതന്നെ കില ഡയറക്ടർ ഡോ. പി.പി. ബാലൻ, കിലയുടെ അസോസിയേറ്റ് പ്രൊഫസർ ഡോ. എബി ജോർജ് എന്നിവരെ അസോസിയേഷനിൽ വിളിച്ച് ജനറൽസെക്രട്ടറി ചർച്ച നടത്തി.
- പദ്ധതി രൂപികരണവും, പദ്ധതി അംഗീകാരം വാങ്ങലും ഓൺലൈൻ വഴി ആക്കിയത് പഞ്ചായത്തുകളെ സംബന്ധിച്ച് പ്രവർത്തനങ്ങൾ വളരെ വേഗത്തിലാക്കുന്നതിന് സഹായകമായി. ഈ പ്രക്രിയയുമായി ബന്ധപ്പെട്ട് കോഡുകൾ ഇല്ലാത്ത അവസ്ഥ, അപ്പപ്പോൾ ഉണ്ടായ മറ്റ് തടസ്സങ്ങൾ, ആശങ്ക, സംശയങ്ങൾ എന്നിവ ഒഴിവാക്കാൻ ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ അസോസിയേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി.

1. കില ഡയറക്ടർ, ഐ.കെ.എം. ഡയറക്ടർ എന്നിവരുടെ സംയുക്തയോഗം പഞ്ചായത്ത് ഭവനിൽ അസോസിയേഷൻ പ്രസിഡന്റിന്റെ നേതൃത്വത്തിൽ വിളിച്ചുചേർത്തു.
2. കോഡുകൾ ഇല്ലാത്ത വിഷയം ഉണ്ടെങ്കിൽ എത്രയും വേഗത്തിൽ അസോസിയേഷനിൽ അറിയിക്കണമെന്ന് കാണിച്ച് എല്ലാ പഞ്ചായത്തുകൾക്കും കത്ത് അയച്ചു. അവരുടെ നിർദ്ദേശങ്ങൾ അപ്പപ്പോൾ കിലയിൽ എത്തിക്കുകയും, എത്രയും വേഗം നിയമാനുസൃതം കൊണ്ടുവരാൻ കഴിയുമായിരുന്ന മുഴുവൻ കോഡും കൊണ്ടുവരാൻ കഴിഞ്ഞു.
3. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മന്ത്രിയെ ബോധിപ്പിക്കാനായി ഭാരവാഹികൾ പ്രത്യേകയോഗം ചേർന്നശേഷം ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ

ചാണ്ടി , ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. .മുനീർ, ബഹു. ഗ്രാമവികസന, പ്ലാനിങ്ങ് വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ് എന്നിവരെ കൂട്ടായും, പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ പ്രത്യേകിച്ചും പല ആവർത്തി സന്ദർശിച്ച് ചർച്ചകൾ നടത്തി.

## എല്ലാ ജില്ലകളിലും ഏകദിന ശിൽപശാല

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണത്തിൽ കാതലായ മാറ്റംവരുത്തി സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുതാര്യവും കാര്യക്ഷമവുമായ ഭരണനിർവഹണം സാദ്ധ്യമാക്കാൻ വേണ്ട നിലപാട് സ്വീകരിക്കുകയും കൂടുതൽ വിഭവവും അധികാരങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചത് അധികാരവികേന്ദ്രീകരണത്തിലെ ഒരു നാഴികക്കല്ലായി മാറി. എന്നാൽ ഈ ഗൈഡ്‌ലൈൻ വഴി വന്ന മാറ്റങ്ങൾ യാഥാർത്ഥ്യമാക്കാൻ വേണ്ട പരിശ്രമങ്ങൾക്ക് അസോസിയേഷൻ കഠിന പരിശ്രമം നടത്തേണ്ടിവന്നു.

12-ാം പദ്ധതി ആസൂത്രണം സമയബന്ധിതവും കാര്യക്ഷമവുമാക്കാനും, രൂപീകരണത്തിലെ തടസ്സങ്ങൾ മാറ്റാനുമായി പ്രത്യേക ദ്വിദിന എക്സിക്യൂട്ടീവ് ചേർന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലും സമയബന്ധിതമായി ചേർന്ന് പദ്ധതി ആസൂത്രണത്തെ സഹായിക്കുവാൻ ഉതകുംവിധം പരിശീലനപരിപാടി നടത്തുകയും ചെയ്തു. കില ഡയറക്ടർ, ഐ.കെ.എം. ഡയറക്ടർ, പഞ്ചായത്ത് അഡിഷണൽ ഡയറക്ടർ, ശുചിത്വമിഷൻ ഡയറക്ടർ, അസോസിയേഷൻ ഭാരവാഹികൾ എന്നിവർ കൂടിയിരുന്ന് ഓരോ ജില്ലാപരിപാടികളും വിശദമായി ആസൂത്രണം ചെയ്തു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, പ്ലാൻ ക്ലർക്ക് എന്നിവർ പങ്കെടുത്ത ഏകദിന കൂടിയിരിപ്പിൽ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ, മിഷനുകൾ, പ്രോജക്റ്റുകൾ എന്നിവയുടെ അവതരണവും സംശയനിവാരണവും നടത്തി. പരിഹാരം കാണേണ്ട വിഷയങ്ങൾ പരിശോധിച്ച് അടിയന്തിര തീരുമാനവും ഉത്തരവും നൽകുന്നതിൽ സർക്കാർ ഏറെ സഹായകരമായ സമീപനം എടുത്തിരുന്നു. എക്കാലവും വളരെ വിമർശനങ്ങൾക്ക് വിധേയമായിരുന്ന ഐ.കെ.എം.ന്റെ ഈ വർഷത്തെ ആത്മാർത്ഥമായ ഇടപെടലുകളും, എക്സിക്യൂട്ടീവ് ഡയറക്ടറുടെ അർപ്പിത മനോഭാവത്തോടെയുള്ള പ്രവർത്തനവും പദ്ധതിആസൂത്രണത്തെ കാര്യമായി സഹായിച്ചിട്ടുണ്ട്. പരിഹരിക്കേണ്ട വിഷയങ്ങൾ റിപ്പോർട്ടുചെയ്താൽ കേവലം മൂന്നു മണിക്കൂറിനുള്ളിൽ പരിഹരിക്കപ്പെടുകയുണ്ടായി.

അസോസിയേഷൻ ചരിത്രത്തിലാദ്യമായി ഇത്തരം ഒരു ഇടപെടൽ നടത്തുവാൻ തയ്യാറായപ്പോൾ കേരളത്തിന്റെ ആദരണീയ മുഖ്യമന്ത്രി, ബഹു: പഞ്ചായത്ത്

സാമൂഹ്യനീതി മന്ത്രി, ബഹു: ഗ്രാമവികസന-പ്ലാനിംഗ് മന്ത്രി, ബഹു: പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അസോസിയേഷന് മാർഗനിർദ്ദേശവുമായി മുന്നിട്ടിറങ്ങിയതും ചരിത്രമായി മാറുകയാണ്. എറണാകുളം ജില്ലയുടെ ഏകദിന പരിപാടി കിലയിൽ സംഘടിപ്പിച്ചപ്പോൾ ബഹു: മുഖ്യമന്ത്രിയും, ബഹു: പഞ്ചായത്ത് വകുപ്പ് മന്ത്രിയും പങ്കെടുത്തത് വളരെ ആവേശകരമായിരുന്നു. തൃശൂർ ജില്ലായോഗത്തിൽ കേരളത്തിന്റെ ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണി പങ്കെടുത്ത് മുഴുവൻ പിന്തുണയും വാഗ്ദാനംചെയ്തു. മലപ്പുറം യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹു: എം.എൽ.എ. ശ്രീ. പി. ഉബൈദുള്ള പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ എല്ലാ പിന്തുണയും നൽകുമെന്ന് പ്രഖ്യാപിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, പഞ്ചായത്ത് ഡയറക്ടർ, അഡിഷണൽ ഡയറക്ടർ, ഡി.ഡി.പി.മാർ, അസോസിയേഷൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ വിവിധ ജില്ലകളിലെ പരിപാടികളിൽ ഉദ്ഘാടകരായി. സംശയങ്ങൾക്ക് കിലയുടെ സീനിയർ ഫാക്കൽറ്റി അംഗങ്ങളായ ശ്രീ. ജയദേവൻ, ശ്രീ. രവീന്ദ്രനാഥ് എന്നിവർ വിശദീകരണം നൽകി. സർക്കാർതലത്തിൽ തീരുമാനം എടുക്കേണ്ട വിഷയങ്ങളിൽ കോഡിനേഷൻ നൽകാൻ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരുപക്ഷെ ലോകചരിത്രത്തിൽ ആദ്യമായിരിക്കും 1209 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാകെ ഏകദേശം 1,45,290 പദ്ധതികളിലായി 3,175 കോടി രൂപ വകയിരുത്തിയിരിക്കുന്നതും (ഇതിൽ 92,227 പദ്ധതികൾ അംഗീകരിക്കുകയുണ്ടായി.) ഇവ നിശ്ചിത സമയത്തിനുള്ളിൽ ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ സഹായത്താൽ ഓൺലൈനായി വിജയകരമായി എന്റർ ചെയ്യാൻ കഴിഞ്ഞതും. അസോസിയേഷൻ നേതൃത്വപരമായ പങ്കുവഹിക്കുകയും ഗ്രാമപഞ്ചായത്തുകൾ നിശ്ചയദാർഢ്യത്തോടെ, ഇച്ഛാശക്തി യോടെ പ്രവർത്തിച്ചതും ഇതിന്റെ വിജയത്തിന് ആധാരമായി.

ജില്ലകളിലെ ചർച്ചകളിൽ ഉയർന്ന നിർദ്ദേശങ്ങൾ പ്രത്യേകം ക്രോഡീകരിച്ച് അതത് വകുപ്പുകളെ ഇടപെടുവിക്കവാനും നിയമങ്ങൾ, ചട്ടങ്ങൾ, റൂളുകൾ, മാനുവലുകൾ എന്നിവയിൽ ആവശ്യമായ ഭേദഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാനും നടപടി സ്വീകരിച്ചുവരികയാണ്.

ജില്ലാപരിപാടികളിൽ പങ്കെടുത്ത ബഹു: മുഖ്യമന്ത്രി, ബഹു: പഞ്ചായത്ത് വകുപ്പ് മന്ത്രി, ബഹു: ധനകാര്യമന്ത്രി എന്നിവർക്കും, വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകിയ ബഹു: ഗ്രാമവികസന-പ്ലാനിംഗ് വകുപ്പ് മന്ത്രിക്കും, ബഹു: പഞ്ചായത്ത് ഡയറക്ടർ, ബഹു: അഡിഷണൽ ഡയറക്ടർ, ബഹു: കില ഡയറക്ടർ, ബഹു: എം.എൽ.എ., ബഹു: ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ബഹു: ജില്ലാ കളക്ടർമാർ, കുടുംബശ്രീ, ശുചിത്വമിഷൻ, ഐ.കെ.എം., കില, എം.എൻ.ആർ.ഇ.ജി.എസ്., കെ.യു.ആർ.ഡി. എഫ്.ഇ. പ്രതിനിധികൾ എന്നിവരോടും അസോസിയേഷന്റെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

## 12-ാം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ സമീപനരേഖയിൽ പ്രാവർത്തികമായ കാര്യങ്ങൾ

1. പട്ടികജാതി പട്ടികവർഗ്ഗവികസനസമീപനം കുടുംബം, ഊര്, പഞ്ചായത്ത് എന്ന തരത്തിലായിരിക്കണമെന്നും അതിനായി ഓരോ വ്യക്തിയുടെയും പ്രശ്നങ്ങൾ കൂടി വിശകലനം നടത്തിയായിരിക്കണം 12-ാം പദ്ധതിയിൽ എടുക്കേണ്ട സമീപനമെന്ന് നമ്മൾ ആവശ്യപ്പെട്ടതനുസരിച്ച് അതേപടി നിലവിൽ വന്നു.
2. ജില്ലാ പ്ലാൻ രൂപീകരിക്കണം, അത് തദ്ദേശഭരണസ്ഥാപനങ്ങൾക്കു കൂടി പങ്കാളിത്തമുള്ളതാവണം, തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസൂത്രണത്തിന് സഹായിക്കുന്നതാവണമെന്നു നമ്മൾ ഉന്നയിച്ചിരുന്നു. ഇതിന്റെ വെളിച്ചത്തിൽ ആസൂത്രണബോർഡ് ജില്ലാ മാർഗ്ഗരേഖ പരിഷ്കരിച്ച് തയ്യാറാക്കാനുള്ള ശ്രമം ആരംഭിച്ചു.
3. പ്ലാൻ കോഡിനേറ്ററെ നിശ്ചയിക്കാൻ അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരിക്കണമെന്ന നമ്മുടെ ആവശ്യം അതേപടി നടപ്പിലാക്കി.
4 ബജറ്റും പ്ലാനും അക്കൗണ്ടും ഇന്റഗ്രേറ്റ് ചെയ്യാൻ സംവിധാനമുണ്ടാവണം, ഫെബ്രുവരി 15 നു മുന്നേ ഡി.പി.സി. പദ്ധതി അംഗീകാരം നല്കണം, ഏപ്രിൽ മാസം മുതൽ പദ്ധതി നിർവ്വഹണം ആരംഭിക്കണം എന്നിവ പ്രാവർത്തികമായി.
5. സംയുക്ത പ്രോജക്റ്റുകൾ റേറ്റ് റിവിഷൻ, ഇത്തരത്തിൽ വരുത്തുന്ന മാറ്റം എന്നിവ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിരൂപീകരണത്തിനു മുന്നേയാക്കി.
6. അഞ്ചുവർഷത്തേക്ക് വികസനരേഖ വിശദമായി തയ്യാറാക്കി അംഗീകാരം വാങ്ങണം, വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തനത്തിന് ഭൗതികസൗകര്യം ഒരുക്കാൻ പ്രത്യേക അനുമതി വേണം എന്നിവ നടപ്പിലായി.
7. പഞ്ചായത്തിന്റെ ധനമാനേജ്മെന്റിൽ, വിഭവസമാഹരണത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് വ്യക്തമായ റോൾ ഉണ്ടാവണമെന്നത് പ്രയോഗത്തിൽ വന്നു.
8. പ്രോജക്റ്റ് ഫോറങ്ങൾ ലഘൂകരിച്ചു.
9. പദ്ധതിയും പ്രോജക്ടും വിലയിരുത്താനും അംഗീകാരം നല്കാനും ഓൺലൈൻ സംവിധാനമുണ്ടാക്കി.
10. സബ്സിഡി മാനദണ്ഡം കാലോചിതമായി പരിഷ്കരിച്ചു, വകുപ്പുകൾ നൽകുന്ന സബ്സിഡിയുമായി നിരക്കുകൾ ഏകീകരിച്ചു.
11. പശ്ചാത്തലമേഖലയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കാനും അംഗീകാരം നല്കാനും പ്രത്യേക സോഫ്റ്റ്‌വെയർ നടപ്പിലാക്കി.
12. ഒരു പഞ്ചായത്തിന് ഒരു എ.ഇ., രണ്ട് ഓവർസിയർമാർ, ഒരു ക്ലാർക്ക് എന്ന നിലയിൽ സംവിധാനമുണ്ടാവണമെന്നത് പ്രാവർത്തികമായിവരുന്നു.

13. വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ റോൾ കൃത്യമായി വിഭാവനം ചെയ്ത് ഉത്തരവുണ്ടായി.
14. വയോജന സമഗ്രപരിപാടിക്ക് പ്രത്യേക സംവിധാനം ഉണ്ടാവണമെന്നത് 12-ാം പദ്ധതി ഗൈഡ് ലൈനിന്റെ ഭാഗമായി.
15. കുട്ടികളുടെ ഗ്രാമസഭ, കുട്ടികളുടെ പഞ്ചായത്ത് എന്നിവ പ്രാവർത്തികമാവണ മെന്നത് ഗൈഡ്ലൈനിന്റെ ഭാഗമായി.
16. ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവ രുടെ പൂർണ്ണനിയന്ത്രണം പഞ്ചായത്തിനു നല്കി.
17. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും നൽകാൻ സംവിധാനമുണ്ടാവണം. പട്ടികവർഗ്ഗത്തിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചു.
18. പട്ടികജാതി വിഭാഗത്തിലെ കുറഞ്ഞത് അഞ്ചു കുടുംബങ്ങൾ അടുത്തടുത്ത് താമസിക്കുന്നു എങ്കിൽ അതിനു കോളനിപദവി നൽകി.
19. എം.ജി.എൻ.ആർ.ഇ.ജി.എസിൽ അധിക ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയ മിക്കുന്നതിന് അനുമതി നല്കി.
20. എം.ജി.എൻ.ആർ.ഇ.ജി.എസിൽ മെറ്റീരിയൽ കോസ്റ്റ് വിനിയോഗിക്കാൻ അവ സരം ഉണ്ടായി.
21. പഞ്ചായത്തുകളുടെ നിലവിലെ സ്റ്റാഫ് പാറ്റേൺ പഠിച്ചു വേണ്ട ഭേദഗതി നട ത്തിവരുന്നു.
22. പുനർവിന്യസിച്ച ജീവനക്കാരെ പൂർണ്ണമായും പഞ്ചായത്ത് ജീവനക്കാരാക്കി മാറ്റി.
23. സ്റ്റിയറിങ്ങ് കമ്മറ്റികൾ, സ്റ്റാന്റിങ്ങ് കമ്മറ്റികൾ എന്നിവയുടെ പ്രവർത്തനകൃത്യത നടത്താനുതകുന്ന ചട്ടങ്ങൾ ഉണ്ടാവണം.
24. മദ്യഷാപ്പ് അനുവദിക്കാൻ പഞ്ചായത്തിന്റെ അനുമതി വേണമെന്നത് പുനഃസ്ഥാ പിച്ചു.
25. പി.ഡബ്ല്യു.ഡി. റേറ്റ്, സാധനങ്ങളുടെ റേറ്റ് എന്നിവ കാലോചിതമായി പരിഷ്ക രിച്ചു.
26. നികുതിനിരക്കുകൾ സമയബന്ധിതമായി പുതുക്കാൻ വ്യവസ്ഥയുണ്ടായി.
27. ഗ്രാമസഭയുടെ കീഴിൽ പൊതു അയൽക്കൂട്ടങ്ങൾ എന്ന നമ്മുടെ നിർദ്ദേശം അയൽസഭകൾ എന്ന പേരിൽ മാർഗ്ഗരേഖയുടെ ഭാഗമായി.
28. എല്ലാ ഗ്രാമസഭയ്ക്കും ഗ്രാമസഭാ ഓഫീസ് ഉണ്ടാവണമെന്നും, അവിടെ എല്ലാ വാർഡ് ഓഫീസുകളുടെയും കേന്ദ്രമാവണമെന്നും നമ്മൾ ആവശ്യപ്പെട്ടത് ഗ്രാമ കേന്ദ്രങ്ങൾ എന്ന പേരിൽ ഗൈഡ്ലൈനിന്റെ ഭാഗമായി.

## ശിൽപശാലകൾ

പഞ്ചായത്ത് വികസനപദ്ധതികൾക്ക് ഒരു പുത്തൻ ദിശാബോധം സൃഷ്ടിക്കുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികൾക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്ത് അസോസിയേഷനും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനും ചേർന്ന് ചുവടെ കൊടുത്തിട്ടുള്ള നാല് ശിൽപശാലകൾ സംഘടിപ്പിക്കുകയുണ്ടായി.

### ജൻഡർ ആന്റ് ഡവലപ്മെന്റ് ഓറിയന്റേഷൻ ശിൽപശാല

2011 ഡിസംബർ 19, 20 തീയതികളിൽ കോട്ടയം ടി.എം.എ.എം. സെന്ററിൽ വച്ച് ജൻഡർ ആന്റ് ഡവലപ്മെന്റ് ഓറിയന്റേഷൻ ശിൽപശാല നടത്തി. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന വൈസ്പ്രസിഡന്റ് ശ്രീ. പന്തളം പ്രതാപന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ്ചാൻസലർ ഡോ. രാജൻ ഗുരുക്കൾ ശിൽപശാല ഉദ്ഘാടനം ചെയ്തു. രണ്ടുദിവസം നടന്ന ശിൽപശാലയിൽ വനിതാ പഞ്ചായത്ത് പ്രതിനിധികൾക്ക് പഞ്ചായത്തിരാജ് സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങുന്നതിന് തീരുമാനിക്കുകയും അതിന്റെ കോഴ്സ് സെന്റർ, സിലബസ്, മെത്തഡോളജി തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനമെടുക്കുകയും ചെയ്തു.

വിവിധ ഗ്രൂപ്പുകളായി നടത്തിയ ചർച്ചകൾക്ക് IUCSSRE ഡയറക്ടർ ഡോ. സനൽ മോഹൻ, ജോയിന്റ് ഡയറക്ടർ ശ്രീമതി രാധിക, ശ്രീമതി മിനി സുകുമാർ, കെ.ജി.പി.എ. ചീഫ് എക്സിക്യൂട്ടീവ് കോഡിനേറ്റർ ശ്രീ. കെ.ബി. മദൻമോഹൻ, ശ്രീ. എം.എസ്. വാസു, ശ്രീ. എം.കെ. ദിലീപ്, ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ, ശ്രീമതി ആശാ ജോസ്, ശ്രീ. വർക്കി, അഡ്വ. സുസ്മിത തുടങ്ങിയവർ നേതൃത്വം നൽകി.

### ഭരണപങ്കാളിത്തവും വനിതാവികസനവും

2014 ഫെബ്രുവരി 17 മുതൽ 23 വരെ തീയതികളിൽ കോട്ടയം സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ വച്ച് 'ഭരണപങ്കാളിത്തവും വനിതാവികസനവും' എന്ന വിഷയത്തെ ആസ്പദമാക്കി കെ.ജി.പി.എ.യും IUCSSREയും ചേർന്ന് അഞ്ചുദിവസത്തെ ശിൽപശാല സംഘടിപ്പിച്ചു. ഇതിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ 35 വനിതാ പ്രസിഡന്റുമാർ പങ്കെടുത്തു. കെ.ജി.പി.എ. സംസ്ഥാന പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോട്ടയം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നിർമ്മല ജിമ്മി ശിൽപശാല ഉദ്ഘാടനം ചെയ്തു. ഈ ശിൽപശാല പ്രധാനമായും ഊന്നൽ നൽകിയത് കേരളത്തിലെ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിലെ വനിതാ വികസന ക്ഷേമപ്രവർത്തനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ സംബന്ധിച്ചായിരുന്നു.

ശിൽപശാലയിൽ പങ്കെടുത്ത പ്രതിനിധികൾ വനിതാവികസന പദ്ധതികളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പങ്കുവയ്ക്കുകയും പ്രശ്നങ്ങൾ ചർച്ചചെയ്യുകയുമുണ്ടായി. സ്ത്രീകൾക്ക് 50% സംവരണം നൽകിയതിനുശേഷം വനിതാഘടകപദ്ധതി നടത്തിപ്പിൽ വന്ന മാറ്റങ്ങൾ, ജാഗ്രതാസമിതി പ്രവർത്തനങ്ങൾ, കുടുംബശ്രീ പ്രവർത്തനങ്ങൾ, ഗ്രാമീണ തൊഴിലുറപ്പുപദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികൾ, പരിശീലനപരിപാടികൾ തുടങ്ങിയവ മുഖ്യ ചർച്ചാവിഷയങ്ങൾ ആയിരുന്നു. സമാപനസമ്മേളനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പ്രോ. വൈസ്ചാൻസലർ ഡോ. ഷീനാ ഷുക്കൂർ ഉദ്ഘാടനം ചെയ്തു.

ഇതിന്റെ തുടർച്ചയായി പാലക്കാട്, കൊല്ലം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ നിന്നും വനിതാവികസനത്തിന് 8 പഞ്ചായത്തും, പട്ടികജാതി വികസനത്തിന് 4 പഞ്ചായത്തും, പട്ടികവർഗ വികസനത്തിന് 4 പഞ്ചായത്തും എന്ന കണക്കിന് 16 പഞ്ചായത്തുകളെ തെരഞ്ഞെടുത്തു. ഇവിടത്തെ ജനപ്രതിനിധികളുടെ ത്രിദിന പരിശീലനക്യാമ്പ് 2016 ഫെബ്രുവരി 16, 17, 18 തീയതികളിൽ കോട്ടയത്തുവച്ച് നടത്തി. മൂന്നുവർഷം ഇവരുടെ പ്രവർത്തനങ്ങളെ സഹായിക്കും.

**വികസനവും പഞ്ചായത്ത് എസ്.സി.പി./ടി.എസ്.പി പദ്ധതികളും**

2014 നവംബർ 5, 6, 7 തീയതികളിൽ കോട്ടയം ടി.എം.എ.എം. റിസർച്ച് സെന്ററിൽ വച്ച് 'വികസനവും പഞ്ചായത്ത് പദ്ധതികളും' (എസ്.സി.പി./ടി.എസ്.പി) എന്ന വിഷയത്തെ ആസ്പദമാക്കി ത്രിദിന ശിൽപശാല സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള പഞ്ചായത്തുകളിലെ 45 ലേറെ പ്രസിഡന്റുമാർ, എസ്.സി/എസ്.റ്റി. ജനപ്രതിനിധികൾ പ്രസ്തുത ശിൽപശാലയിൽ പങ്കാളികളായി. എസ്.സി.പി./ടി.എസ്.പി പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് സംബന്ധിച്ച് ശിൽപശാല വിശദമായി ചർച്ചചെയ്തു. എസ്.സി.പി./ടി.എസ്.പി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഈ വിഭാഗം ജനങ്ങൾക്കും ജനപ്രതിനിധികൾക്കും വേണ്ടത്ര ധാരണ നേടിയിട്ടില്ലാത്തതിനാൽ പദ്ധതികളുടെ പ്രഖ്യാപിതലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ വലിയ പോരായ്മകൾ തുടരുന്നതായി ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടു. പഞ്ചായത്തുതലത്തിൽ നടപ്പിലാക്കിവരുന്ന എസ്.സി.പി./ടി.എസ്.പി പദ്ധതികളുടെ പ്രവർത്തനാനുഭവം പങ്കുവയ്ക്കാനും പോരായ്മകൾ ചർച്ചചെയ്ത് പരിഹരിക്കുവാനും ശിൽപശാല സഹായമായതായി ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടു. കൂടാതെ ത്രിതല പഞ്ചായത്തുകളും ഇതര വകപ്പുകളും നടപ്പിലാക്കിവരുന്ന പദ്ധതികളും അവ നടപ്പിലാക്കുന്നതിലുള്ള പ്രശ്നങ്ങളും, പ്രാദേശിക പ്രത്യേകതകൾക്ക് അനുസൃതമായി

പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കുവാൻ നേരിടുന്ന പ്രശ്നങ്ങൾ, ഉദ്യോഗസ്ഥതലത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ചർച്ചചെയ്തു.

**സ്ത്രീകളും സാമൂഹികനീതിയും പഞ്ചായത്ത് ജാഗ്രതാസമിതികളും**

2014 ഡിസംബർ 2, 3, 4 തീയതികളിൽ കോട്ടയം ടി.എം.എ.എം. റിസർച്ച് സെന്ററിൽ വച്ച് 'സ്ത്രീകളും സാമൂഹികനീതിയും പഞ്ചായത്ത് ജാഗ്രതാസമിതികളും' എന്ന വിഷയത്തെ അധികരിച്ച് ത്രിദിന ശിൽപശാല സംഘടിപ്പിച്ചു.

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള ജനപ്രതിനിധികൾ, ഐ.സി.ഡി.സി. സൂപ്പർവൈസർമാർ, സി.ഡി.പി.ഒ. എന്നിവരുൾപ്പെടെ 45 പേർ ശിൽപശാലയിൽ പങ്കാളികളായി.

നിരവധി ഗ്രാമപഞ്ചായത്തുകളിൽ ജാഗ്രതാസമിതി രൂപംനൽകിയെങ്കിലും ഏതാനും പഞ്ചായത്തുകളിൽ മാത്രമാണ് ജാഗ്രതാസമിതി സജീവമായി പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കാൻ ശിൽപശാലയിലെ ചർച്ചകൾ സഹായകമായി. ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ക്രിയാത്മകമായി വിലയിരുത്തുകയും സ്ത്രീകൾക്ക് എതിരായ നീതിരഹിതമായ പ്രവർത്തനം തടയുന്നതിന് ജാഗ്രതാസമിതികൾ നിർവഹിച്ച പങ്ക് വിലയിരുത്തുകയും ചെയ്തു. ഭൂരിപക്ഷം വരുന്ന പഞ്ചായത്തുകളിലും പ്രവർത്തനം നിർജീവമായതിന്റെ കാരണങ്ങളും സമിതിയെ ശക്തമാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളും ചർച്ചചെയ്തു.

ശിൽപശാല മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പ്രോ. വൈസ്ചാൻസലർ ഡോ. ഷീനാ ഷുക്കൂർ ഉദ്ഘാടനം ചെയ്തു. കെ.ജി.പി.എ. ചീഫ് എക്സിക്യൂട്ടീവ് കോഡിനേറ്റർ ശ്രീ. കെ.ബി. മദൻമോഹൻ വിഷയാവതരണം നടത്തി.

റിസോഴ്സ് പേഴ്സൺമാരായ ഡോ. എം.എസ്. ജോൺ, ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ, ശ്രീമതി പി. രാധിക, ശ്രീ. എം.എസ്. വാസു, ശ്രീമതി സുദർശന ഭായി, അഡ്വ. സുസ്മിതാ ജോൺ, ശ്രീമതി രാധാമണി, സി.ഡി.പി.ഒ, ശ്രീ. കെ.വി. കര്യൻ, ശ്രീ. സാബു തോമസ് എന്നിവർ ചർച്ചകൾ നയിക്കുകയുണ്ടായി.

## മാതൃകകൾ വികസിപ്പിക്കൽ

2011 ജൂൺ മാസത്തിൽ കൂടിയ ആശയരൂപികരണ ശിൽപ്പശാലയിൽ വച്ച് ഇതിന്റെ തുടർപ്രവർത്തനം എന്നോണം വ്യത്യസത വിഷയങ്ങളിൽ താൽപര്യമുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് ചിലമാതൃകകൾ രൂപീകരിക്കണം എന്ന് തീരുമാനിച്ചു. ഫണ്ടിന്റെ അപര്യാപ്തത മൂലം എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നമുക്ക് ഒരുമിച്ച് മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ചിലപ്രവർത്തനങ്ങൾ ആരംഭിക്കാൻ ഇതിനകം നമുക്ക് കഴിഞ്ഞിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**സമഗ്രവികസനപദ്ധതിയും പഞ്ചായത്തുകളും**

ഇതിനായി തെരഞ്ഞെടുത്തത് വയനാട് ജില്ലയാണ്. ഇതിനായി ജില്ലാ അസോസിയേഷൻ കൂടിയിരുന്ന്- ഇടവക, വെള്ളമുണ്ട, മീനങ്ങാടി, കണിയാംപറ്റ എന്നീ പഞ്ചായത്തുകളെ തീരമാനിച്ചു. എന്നാൽ ഇതിൽ ഇടവക, മീനങ്ങാടി പഞ്ചായത്തുകൾ മാത്രമാണ് പ്രവർത്തനവുമായി മുന്നോട്ടുപോയത്.

- ഈ പഞ്ചായത്തുകളുടെ പ്രവർത്തനം 12-ാം പദ്ധതി പ്രവർത്തനങ്ങൾആരംഭിക്കുന്നതിന് മുൻപുതന്നെ ആരംഭിച്ചു.അതിനായി ഒരു മാർഗ്ഗരേഖ അസോസിയേഷൻ തയ്യാറാക്കി അതിന്റെ കോപ്പി നമ്മുടെ വെബ്സൈറ്റിൽ ലഭ്യമാണ്.
- തെരഞ്ഞെടുത്ത ഈ പഞ്ചായത്തുകളിലെ സ്റ്റിയറിങ്ങ് കമ്മറ്റി അംഗങ്ങൾ, പ്രധാനഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം വയനാട് ജില്ലാ അസോസിയേഷൻ പ്രസിഡന്റ് ശ്രീ. എം.എ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ വയനാട് ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് കൂടുകയുണ്ടി.
- ഈ പഞ്ചായത്തുകളിൽ പൊതു ആസൂത്രണ ഗ്രാമസഭയ്ക്കുമുമ്പേ വനിത, വയോജനം, കുട്ടികൾ, യുവജനങ്ങൾ എന്നിവരുടെ പ്രത്യേകഗ്രാമസഭകൾ നടത്തി.
- മീനങ്ങാടിയിൽ മേൽപ്പറഞ്ഞത് കൂടാതെ ഭിന്നശേഷിവിഭാഗങ്ങളുടെ കുടുംബസംഗമം, എല്ലാ വർഷവും 450 പേർ പങ്കെടുത്ത പങ്കാളിത്ത ബജറ്റ് സമ്മേളനം, ഏകദിന ആസൂത്രണ ഗ്രാമസഭകൾ എന്നിവയും സംഘടിപ്പിച്ചു. മീനങ്ങാടിയിൽ വയോജനം, കുട്ടികൾ എന്നിവർക്ക് അയൽക്കൂട്ടതലം മുതൽ പഞ്ചായത്തുതലം വരെ പ്രത്യേകസംഘടനാവികസനത്തിന് രൂപംനൽകി- മുകുളങ്ങൾ, വയോജനക്ലബ് എന്ന പേരിൽ. കുട്ടികളുടെ പ്രവർത്തനത്തിന് ഒരു വർഷത്തേക്ക് പ്രത്യേക സിലബസ് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. മൊത്തം പ്രവർത്തനങ്ങൾക്ക് വേണ്ട അക്കാഡമിക്ക് സഹായം നൽകുന്നതിനായി മനുഷ്യവിഭവശേഷി വികസന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ സമഗ്രകാർഷിക വികസന പ്രവർത്തനങ്ങളും ആരംഭിച്ചു. എടവക പഞ്ചായത്തിലും മനുഷ്യവിഭവശേഷികേന്ദ്രങ്ങൾ ആരംഭിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗം**

പട്ടികജാതി പട്ടികവർഗ രംഗത്ത് ക്രിയാത്മകമായി വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾക്ക് പണം വിനിയോഗിക്കാൻ കഴിയുന്നില്ല എന്ന നിരന്തര അഭിപ്രായത്തിന്റെ ഭാഗമായി എക്സിക്കുട്ടീവ് കമ്മറ്റി- ഈ മേഖലയിൽ നമുക്ക് ചില മോഡലുകൾക്ക് രൂപം നൽകാനും, അതിന്റെ അടിസ്ഥാനത്തിൽ ചില മാതൃകാ പ്രോജക്റ്റുകൾ തയ്യാറാക്കി പഞ്ചായത്തുകൾക്ക് നൽകാനും തീരുമാനിച്ചു. ഇതിന്റെ വെളിച്ചത്തിൽ ചില പ്രവർത്തനങ്ങൾ ആരംഭിച്ചു.

- പട്ടികജാതി വികസനത്തിന് അധ്വാന എന്ന ഒരു സംഘടനയുമായി ചേർന്ന് തിരുവനന്തപുരം ജില്ലയിലെ കഠിനകുളം, അരുവിക്കര, വിതുര, മാറനല്ലൂർ എന്നീ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് ചില പ്രവർത്തനങ്ങൾ ആരംഭിച്ചു.
  - പ്രാദേശികമായി ചിലകൂട്ടായമകൾ സംഘടിപ്പിച്ചു.
  - ത്തരത്തിലുള്ള കൂട്ടായ്മകളുടെ ഭാരവാഹികൾക്ക് നേതൃത്വ പരിശീലനം നൽകി.
  - തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി സോളാർലൈറ്റ് നിർമ്മാണപരിശീലനം നൽകി.
- അവരുടെ അവകാശങ്ങൾ, നേതൃത്വശേഷി വികസനം, സംരംഭകത്വം എന്നിവയിൽ പ്രത്യേക പരിശീലനം നല്കി.
- പട്ടികജാതി വിഭാഗം അനുഭവിക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയാനും, വിവിധ വിഷയങ്ങളിൽ അവതരണങ്ങളും ചർച്ചകളും നടത്താനായി ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചു.
- പട്ടികവർഗ്ഗവികസനത്തിന് വയനാട് ജില്ലയിലെ തവിഞ്ഞാൽ, തൊണ്ടർനാട് എന്നീ രണ്ടു പഞ്ചായത്തുകളെ ബഹു. പട്ടികവർഗ്ഗ മന്ത്രി ശ്രീമതി പി.കെ. ജയലക്ഷ്മിയുടെ കൂടി നിർദ്ദേശത്തിന്റെ ഭാഗമായി തെരഞ്ഞെടുത്തു. രണ്ട് പഞ്ചായത്തിലേയും ഭരണസമിതിയിൽ, പ്രമോട്ടർമാരുടെ മുന്നിൽ ഇതിന്റെ തുടർ പ്രവർത്തന വിശദീകരണം നടത്തി. അവിടെ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കി.

## 14-ാം ധനകാര്യ കമ്മിഷനും പഞ്ചായത്തുകളും

കേന്ദ്ര 14-ാം ധനകാര്യ കമ്മിഷൻ 2013 ഡിസംബർ 18 ന് തിരുവനന്തപുരത്ത് സിറ്റിങ്ങ് നടത്തി. ഈ സിറ്റിങ്ങിൽ അസോസിയേഷൻ പഠനം നടത്തി ഒരു മെമ്മോറാണ്ടം സമർപ്പിച്ചു. ഇതിനായി ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

- സംസ്ഥാന പ്ലാനിംഗ് ബോഡിന്റെ കോൺഫറൻസ് ഹാളിൽ വച്ച് പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. സി.പി. ജോണുമായി ചർച്ച നടത്തി. പ്രസ്തുത യോഗത്തിൽ പ്ലാനിംഗ് ബോർഡ് ജീവനക്കാർ, പ്ലാനിംഗ് ബോർഡ് അഡീഷണൽ സെക്രട്ടറി, അസോസിയേഷൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ബ്ലോക്ക് അസോസിയേഷൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, കില ഡയറക്ടർ, ഡോ. ഷഹീന (അസിസ്റ്റന്റ് പ്രൊഫസർ, എക്കണോമിക്സ് വിഭാഗം, കാർഷിക സർവ്വകലാശാല), ചീഫ് എക്സിക്യൂട്ടീവ് കോഡിനേറ്റർ കെ.ജി.പി.എ എന്നിവർ പങ്കെടുത്തു.
- ഇവിടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഡോ. ഷഹീനയുടെ നേതൃത്വ

ത്തിൽ ഒരു കരട് മെമ്മോറാണ്ടം തയ്യാറാക്കി. അതിനായി കിലയിലും, അസോസിയേഷനിലും നിരവധി തവണ കൂടിയിരുന്നു.

- തയ്യാറാക്കിയ കരട് രേഖ, ഭാരവാഹികളുടെ യോഗത്തിലും, എക്സിക്യൂട്ടീവിലും ചർച്ച ചെയ്തു.
- ഇതിന്റെ അടിസ്ഥാനത്തിൽ വന്ന മാറ്റങ്ങൾ കൂടി ചേർത്ത് വിദഗ്ദ്ധ അഭിപ്രായത്തിനായി പ്രശസ്ത ധനത്വശാസ്ത്രജ്ഞനായ ഡോ. എം.എ. ഉമ്മനുമായി ചർച്ച നടത്തി. പ്രസ്തുത ചർച്ചയിൽ അസോസിയേഷൻ പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറിമാരിൽ ഒരാളായ ശ്രീ. എം. നസീർ, മലപ്പുറം ജില്ലാ സെക്രട്ടറിയായ ശ്രീ. ജയദേവ്, വൈസ് പ്രസിഡന്റുമാരിൽ ഒരാളായ ശ്രീ. എൻ.പി. സ്നേഹജൻ, ഡോ. ഷഹീന, കില അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജെ.ബി. രാജൻ, ചീഫ് എക്സിക്യൂട്ടീവ് കോഡിനേറ്റർ കെ.ജി.പി.എ എന്നിവർ പങ്കെടുത്തു.
- ഇതിന്റെ ഭാഗമായിവന്ന തിരുത്തുകൾ കൂടി ഉൾപ്പെടുത്തി വീണ്ടും രണ്ടു പ്രാവശ്യം അസോസിയേഷനിൽ കൂടിയിരുന്ന് അന്തിമരൂപം നൽകുകയും ഈ മെമ്മോറാണ്ടം വായിച്ച് കമന്റ് ചെയ്യാനായി ഡോ. എം.എ. ഉമ്മൻ, ശ്രീ. സി.പി. ജോൺ എന്നിവർക്ക് വീണ്ടും നൽകി.
- 2013 ഡിസംബർ 18 ന് തിരുവനന്തപുരം തൈക്കാട് ഗസറ്റ്ഹൗസിൽ വച്ച് കൂടിയ 14-ാം ധനകാര്യ കമ്മിഷൻ സിറ്റിങ്ങിൽ വിഷയം അവതരിപ്പിക്കുകയും, ജനറൽ സെക്രട്ടറി മെമ്മോറാണ്ടത്തിന്റെ കോപ്പി കമ്മിഷന് സമർപ്പിക്കുകയും ചെയ്തു.

കേന്ദ്ര ധനകാര്യകമ്മിഷൻ സിറ്റിങ്ങിൽ നടന്ന ചർച്ചയ്ക്ക് ഒടുവിൽ അസോസിയേഷൻ നടത്തിയ ഈ പ്രവർത്തനത്തെ പ്രശംസിക്കുകയും, ഇത് ശ്രേഷ്ഠമായ ഒരു പ്രവർത്തനമായി കമ്മീഷൻ വിലയിരുത്തുകയും ചെയ്തു. ഈ യോഗത്തിൽ ജനറൽ സെക്രട്ടറി കൂടാതെ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ ശ്രീ. പ്രദീപ് മാസ്റ്റർ, കല്ലടി അബൂബക്കർ, തൃശ്ശൂർ ജില്ലാ പ്രസിഡന്റ് ശ്രീ. അജിത്കുമാർ എന്നിവരും പങ്കെടുത്തു.

## കാർഷിക സമഗ്രവികസനവും തരിശുരഹിത പഞ്ചായത്തും

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നിലവിലെ ഭരണസമിതി അധികാരത്തിൽ വന്നപ്പോൾ ആദ്യമായി നടത്തിയ മൂന്ന് ദിവസത്തെ ആശയ രൂപീകരണ ശിൽപ്പശാലയിൽ ഉയർന്നുവന്ന പ്രധാന വിഷയം പഞ്ചായത്തുകൾക്ക് ഉത്പാദനമേഖലയിൽ പ്രത്യേകിച്ച് കാർഷികമേഖലയിൽ സാധ്യതകൾക്ക് അനുസരിച്ച് വേണ്ടത്ര മുന്നേറാൻ കഴിയുന്നില്ല എന്നതായിരുന്നു. ഇതിന് പരിഹാരം കാണാൻ ഉതകുന്ന തരത്തിൽ ഒരു പരിപാടി വികസിപ്പിക്കാനും താൽപ്പര്യമുള്ള പഞ്ചായത്തുകളെ തെര

ഞ്ഞെടുത്ത് ഈ പരിപാടി പ്രവർത്തനതലത്തിൽ എത്തിക്കാൻ കഴിയണമെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. അതിനായി ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

**പഠനം**

കാർഷിക മേഖലയിൽ ഇടപെടുന്നതിന് മുന്നോടിയായി പ്രശ്നവിശകലനത്തിനായി ജനപ്രതിനിധികൾ, കൃഷിവകുപ്പിലെ ജീവനക്കാർ, കർഷകർ, കർഷകതൊഴിലാളികൾ എന്നിവരുമായി വിവിധങ്ങളായ അഞ്ച് ചർച്ചകൾ നടത്തി. ഈ ചർച്ചകളിൽ ഉയർന്നുവന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

- കർഷക തൊഴിലാളികളെ ലഭിക്കുന്നില്ല. ലഭിക്കുന്നവരെ തന്നെ സമയത്തിന് ലഭിക്കുന്നില്ല. ജോലിസമയം കുറഞ്ഞു. കൂലിയിലെ വർദ്ധന. ലഭിക്കുന്നവരിൽ ബഹുഭൂരിപക്ഷത്തിനും കൃഷിപണിയിലെ അറിവില്ലായ്മ.
- കർഷകർക്ക് കൃത്യസമയത്ത് വേണ്ട പിൻതുണലഭിക്കുന്നില്ല.
- ഭൂമിയുടെ തുണ്ടുവൽക്കരണം
- ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. വിപണി ആവശ്യത്തിന് ഇല്ലാത്ത അവസ്ഥ.
- വിത്ത്, ജൈവവളം, ജൈവകീടനാശിനി എന്നിവയുടെ ലഭ്യത കുറവ്.
- കാർഷികരംഗത്തെ സമഗ്ര സമീപനത്തിന്റെ അഭാവം.
- കാർഷികരംഗത്തേക്ക് പുതുതലമുറ കടന്നുവരുന്നില്ല.
- കൃഷി ലാഭകരമല്ല.
- കൃഷി മെച്ചപ്പെടുത്താനായി ചില പഞ്ചായത്തുകൾ തൊഴിൽസേന, ലേബർ ബാങ്ക്, അഗ്രോ സർവ്വീസ് സെന്റർ എന്നിങ്ങനെ പല പേരുകളിൽ പല സംവിധാനങ്ങൾ ആരംഭിച്ചു. എന്നാൽ അവ നിലനിർത്താൻ കഴിയുന്നില്ല, ഫലപ്രദമാക്കാൻ കഴിയുന്നില്ല.
- യന്ത്രവൽക്കരണത്തിന്റെ ഭാഗമായി മെഷീൻസ് പാടശേഖരസമിതിയ്ക്ക് വാങ്ങി നൽകി. അവ ബഹുഭൂരിപക്ഷവും ഉപയോഗിക്കാതെ നശിച്ചുപോകുന്നു.
- വ്യക്തികൾക്ക് വാങ്ങി നൽകിയത് -അത് ഉപയോഗിച്ച് കർഷകരിൽ നിന്നും പരമാവധി പണം വാങ്ങുന്നു -ഇതും കർഷകർക്ക് വേണ്ടത്ര ഗുണം കിട്ടുന്നില്ല.
- സബ്സിഡി നൽകുന്നത് കൊണ്ട് മാത്രവും കൃഷി മെച്ചപ്പെടുന്നില്ല.

ഇത്തരത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ പരിഹരിക്കാതെ, കർഷകരെ സഹായിക്കുന്ന, അവർക്ക് ലാഭകരമായി കൃഷി ചെയ്യാൻ കഴിയുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കാതെ കാർഷികരംഗത്ത് ഫലപ്രദമായി ഇടപെടാൻ കഴിയില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ നിലവിലെ ചില മാതൃകകൾ അന്വേഷിക്കാൻ ആരംഭിച്ചു. ഇതിന്റെ

അടിസ്ഥാനത്തിലാണ് കുടപ്പനക്കുന്ന് കൃഷിഭവനിൽ 2008 ൽ അന്നത്തെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച കാർഷിക കർമ്മസേനയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അറിഞ്ഞത്. ഇതിന്റെ വിജയത്തെക്കുറിച്ച് പഠിക്കുന്നതോടൊപ്പം കേരളത്തിൽ അങ്ങോളമിങ്ങോളം പരാജയപ്പെട്ട 20 സംഘടനാസംവിധാനങ്ങളെ സംബന്ധിച്ചും പഠനം നടത്തി.

**മാർഗ്ഗരേഖ**

ഈ ചർച്ചകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷികകർമ്മസേനയുടെ പ്രവർത്തനത്തിലൂടെ ഒരു പഞ്ചായത്തിലെ കാർഷികരംഗത്ത് ഇടപെടുന്നതിന് "കാർഷിക സമഗ്രവികസനവും തരിശ്ശുരഹിത പഞ്ചായത്തും" എന്ന ഒരു പ്രവർത്തനപരിപാടിക്ക് രൂപം നൽകി. പഞ്ചായത്തുകളിൽ ഇത് നടപ്പിലാക്കാൻ ഉതകുന്ന തരത്തിൽ ഒരു മാർഗ്ഗരേഖ തയ്യാറാക്കി. മാർഗ്ഗരേഖ, രജിസ്ട്രേഷനുള്ള മോഡൽ ബൈലോ, വിവിധ ഫോമുകൾ എന്നിവ ഉൾപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയത്.

**കാർഷിക കർമ്മസേന**

കാർഷികവൃത്തിക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട വൈദഗ്ദ്ധ്യമുള്ള സേവനം ലഭ്യമാക്കുന്നതിന്, ഭരണ നേതൃത്വം നൽകുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും, കൃഷി ഓഫീസർ കൺവീനറുമായിട്ടുള്ള ഉപദേശകസമിതിയും, ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് കുറഞ്ഞത് 40 കർഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഭരണസമിതിയും കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയിൽ വൈദഗ്ദ്ധ്യവും, കാർഷിക വൃത്തിയിൽ ശാസ്ത്രീയ പരിജ്ഞാനവും ലഭിച്ച കൃഷിവിദഗ്ദ്ധരായ അഗ്രികൾച്ചർ ടെക്നിഷ്യൻസും ചേർന്നതാണ് കാർഷിക കർമ്മസേന.

**ഉദ്ദേശ്യലക്ഷ്യം**

കാർഷിക സമഗ്രവികസനവും തരിശ്ശുരഹിത പഞ്ചായത്തും എന്ന ഈ പരിപാടി നടപ്പിലാക്കുന്നത് വഴി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- കൃഷിയുടെ നിരന്തരമായ മോണിറ്ററിംഗ്, ആസൂത്രണം, കർഷകരുടെ കൂട്ടായ്മയ്ക്ക് നേതൃത്വം, കൃഷിബോധനം, വിവരവിനിമയം, പിന്തുണ, യഥാസമയം വേണ്ട ശാസ്ത്രീയ സേവന പ്രദാനം എന്നിവയ്ക്ക് കാർഷിക കർമ്മസേന എന്ന പേരിൽ ഒരു സ്ഥിരം സംവിധാനം ഒരുക്കുക
- അതുവഴി കർഷകർക്ക് കുറഞ്ഞ ചെലവിൽ മികച്ച/വൈദഗ്ദ്ധ്യമുള്ള സേവനവും യഥാസമയം വേണ്ട പിന്തുണയും ലഭ്യമാക്കുക
- അഗ്രികൾച്ചർ ടെക്നീഷ്യൻസിന് നാട്ടിൽ കിട്ടുന്നതിനെക്കാൾ വരുമാനവും അന്തസ്സും ലഭ്യമാക്കുക.

- കർഷകർക്ക് നല്ല വരുമാനം ലഭിക്കാനുള്ള സാഹചര്യം ഒരുക്കുക.
- യുവാക്കൾക്ക് കാർഷികമേഖലയിൽ പരമാവധി തൊഴിൽ സാധ്യത ഉറപ്പാക്കുക.
- കാർഷിക ഉത്പാദനവും ഉത്പാദനക്ഷമതയും ഉയർത്തുക.
- കാർഷിക ഉത്പന്നങ്ങൾക്ക് വേണ്ട വിപണി കണ്ടെത്തുക.
- കൃഷിയിലേക്ക് യുവാക്കളെ ആകർഷിക്കാൻ വേണ്ട പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- ഉത്പാദനമേഖലയിൽ സമഗ്ര സുസ്ഥിര വികസന മാതൃകകൾ, അതുവഴി തരിശുരഹിത പഞ്ചായത്തുകൾ സൃഷ്ടിക്കുക.
- ഇതിൽ ഉൾപ്പെട്ട പഞ്ചായത്തുകളെ വരുന്ന മൂന്നുവർഷം കൊണ്ട് തരിശുരഹിത പഞ്ചായത്താക്കി മാറ്റുക.
- മണ്ണ്-ജല സംരക്ഷണം സാധ്യമാക്കുക.
- ജൈവമാലിന്യ സംസ്കരണത്തിനെ കാർഷികമേഖലയുമായി ബന്ധിപ്പിക്കുക.
- പാൽ, മുട്ട, മാംസം ഉത്പാദനം വർദ്ധിപ്പിക്കുക.
- 200 പഞ്ചായത്തുകളിൽ കാർഷിക സമഗ്രവികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുക.
- സ്ഥായിയും പരിസ്ഥിതിക്കിണങ്ങിയതുമായ കൃഷിരീതികൾ വികസിപ്പിക്കുക.
- ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ നല്ല മാതൃകകൾ അവതരിപ്പിക്കാൻ അവസരം നൽകുക, അത്തരത്തിൽ ചെയ്തവരുടെ സംഗമം സംഘടിപ്പിക്കുക, അവ ഡോക്യുമെന്റ് ചെയ്ത് പ്രസിദ്ധീകരിക്കുക.
- മറ്റ് പഞ്ചായത്തുകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പ്രോസസ് ഡോക്യുമെന്റ് ചെയ്യുക.

**നടന്ന തുടർ പ്രവർത്തനങ്ങൾ**

ഈ ലക്ഷ്യം കൈവരിക്കുന്നതിന് ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

- എല്ലാ പഞ്ചായത്തിനും ഈ പരിപാടിയുടെ വിശദവിവരവും അപേക്ഷിക്കാനുള്ള രീതിയും അപേക്ഷഫോമും അടക്കം കത്ത് അയച്ചു.
- കത്തിനോട് പ്രതികരിച്ച 148 പഞ്ചായത്തുകളെ ഈ പരിപാടിക്കായി പരിഗണിച്ചു.
- പഞ്ചായത്തുകൾക്ക് പരിശീലനങ്ങളിൽ പങ്കെടുക്കാൻ പല അവസരങ്ങൾ നൽകി. അതിനായി 6 പരിശീലനങ്ങൾ ആദ്യഘട്ടത്തിൽ സംഘടിപ്പിച്ചു. ആകെ 64 പഞ്ചായത്തുകളിൽ നിന്നായി 446 പേരാണ് ഈ പരിശീലനങ്ങളിൽ പങ്കെടുത്തത്. ഇതിൽ പങ്കെടുക്കാത്ത പഞ്ചായത്തുകളെ ഒഴിവാക്കി.
- തുടർന്ന് വീണ്ടും എല്ലാ പഞ്ചായത്തിനും കത്ത് അയച്ചു. 40 പഞ്ചായത്തുകൾ പുതുതായി പ്രതികരിച്ചു. ഇവർക്കായി 2 പരിശീലനങ്ങൾകൂടി സംഘടിപ്പിച്ചു.

28 പഞ്ചായത്തുകളിൽ നിന്നായി 202 പേരാണ് ഈ പരിശീലനങ്ങളിൽ പങ്കെടുത്തത്. പങ്കെടുക്കാത്തവരെ ഒഴിവാക്കി. ഇത്തരത്തിൽ രണ്ട് ബാച്ചുകളിലുമായി ഒടുവിൽ ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ 92 പഞ്ചായത്തുകളായി.

- പ്രവർത്തന മാർഗ്ഗരേഖ, മോഡൽ പ്രോജക്ട്, മോഡൽ ബൈലാ എന്നിവ തയ്യാറാക്കി 92 പഞ്ചായത്തുകൾക്കും ലഭ്യമാക്കി.
- 92 പഞ്ചായത്തിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ, കൃഷി വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ, കൃഷി ഓഫീസർ എന്നിവരുടെ ഏകദിന കൂടിയിരുപ്പ് 8 കേന്ദ്രങ്ങളിലായി നടത്തി. ഇതിൽ 460 പേർ പങ്കെടുക്കേണ്ടതിൽ 380 പേർ പങ്കെടുത്തു. (ഇതിൽ 69 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, 49 കൃഷി ഓഫീസർമാർ, 19 പഞ്ചായത്ത് സെക്രട്ടറിമാർ, 68 വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺസ് 58 കൃഷി വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺസ്, 09 കൃഷി അസിസ്റ്റന്റുമാർ, 09 പൊതുപ്രവർത്തകർ 99 ജന പ്രതിനിധികൾ എന്ന കണക്കിനായിരുന്നു പങ്കാളിത്തം)
- ഗ്രാമപഞ്ചായത്ത് അസോസിയേഷനിൽ നിന്ന് നിരന്തരം പഞ്ചായത്തുകളിൽ ഫോൺ വഴി ബന്ധപ്പെടാൻ സംവിധാനം ഒരുക്കി.
- KILA, Raidco, യുവജനക്ഷേമബോർഡ്, കിഴങ്ങുവർഗ്ഗ ഗവേ,ണ കേന്ദ്രം എന്നിവരുമായി ഈപരിപാടിയിൽ സഹകരിക്കാനായി ചർച്ച നടത്തി. എന്നാൽ കില, റെയിഡ്ക്കൊ എന്നിവരുടെ സഹായം മാത്രമാണ് ലഭിച്ചത്.
- സർക്കാർ ബജറ്റിൽ ഇതിന്റെ സംഘാടനാ പ്രവർത്തനത്തിനായി ഒരു കോടി രൂപ മാറ്റിവച്ചു. കൃഷിവകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് വിശദമായ എസ്റ്റിമേറ്റും, സർക്കാർ ഉത്തരവ് ഇറക്കാനുള്ള കരടും, ആക്ഷൻ പ്ലാനും, അസോസിയേഷന്റെ വിശദവിവരവും തയ്യാറാക്കി കൃഷി വകുപ്പ് ഡയറക്ടർക്ക് നൽകി.
- 04.03.2013 ബഹു. കൃഷിവകുപ്പ് മന്ത്രിയുടെ വസതിയിൽ വച്ച്, കൃഷിവകുപ്പ് മേധാവികൾ അടക്കം പങ്കെടുത്ത യോഗത്തിൽ വച്ച് അസോസിയേഷൻ തയ്യാറാക്കിയ പരിപാടിയുടെ ആദ്യ അവതരണം നടത്തി.
- 19.03.2013 ബഹു. കൃഷിവകുപ്പ് മന്ത്രി, ബഹു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി, ബഹു.നഗരകാര്യ വകുപ്പ് മന്ത്രി അടക്കമുള്ള ഗവേണിംഗ് ബോഡിയോഗത്തിൽ വച്ച് ഇതിന്റെ രണ്ടാമത് അവതരണം നടത്തി.
- തുടർന്ന് നടക്കുന്ന പരിശീലനങ്ങൾക്കുള്ള മോഡ്യൂളുകൾ തയ്യാറാക്കി. അത് പരിശോധിക്കാനും പരിശീലകരെ സജ്ജമാക്കാനുമായി 22.04.2013 കിലയിൽ വച്ച് ഏകദിന മീറ്റിംഗ് നടത്തി. ഇതിൽ 16 കൃഷി സാങ്കേതിക വിദഗ്ദ്ധർ, 6 കൃഷി വിദഗ്ദ്ധർ, 4 മാനേജ്മെന്റ് വിദഗ്ദ്ധർ, 5 ജനറലിസ്റ്റുൾ അടക്കം 31 പേർ പങ്കെടുത്തു.

- ബഹു.കൃഷിവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് നടത്തിയ യോഗത്തിൽ, ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു പഞ്ചായത്ത് എന്ന കണക്കിന് നിലവിലുള്ളവ കൂടി കൂട്ടിച്ചേർത്ത് 200 പഞ്ചായത്തുകളെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. അസോസിയേഷൻ തെരഞ്ഞെടുത്ത 92 പഞ്ചായത്തിന് പുറമേയുള്ള പഞ്ചായത്തുകളെ കൃഷിവകുപ്പാണ് തെരഞ്ഞെടുത്തത്.
- കർമ്മസേന രൂപീകരിച്ച പഞ്ചായത്തുകൾക്ക് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും, മറ്റ് പഞ്ചായത്തുകൾക്ക് കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും, നടന്ന സ്ഥലത്തെ റിവ്യൂ നടത്തുന്നതിനുമായി 2014 ജനുവരി മാസത്തിൽ കോട്ടയം, തൃശ്ശൂർ, കണ്ണൂർ, കേന്ദ്രങ്ങളിൽ വച്ച് മൂന്ന് മേഖലാ യോഗങ്ങൾ നടത്തി. ഇതിൽ മൂന്നിലുമായി ആകെ 201 പേർ പങ്കെടുത്തു.

**പഞ്ചായത്തുതല പരിശീലനം**

വളരെയധികം ചർച്ചകൾക്കൊടുവിലാണ് പഞ്ചായത്തുതലത്തിൽ തന്നെ ടെക്നീഷ്യൻസിനുള്ള പ്രാഥമിക പരിശീലനം 15 ദിവസമായി നടത്തണമെന്ന് തീരുമാനിച്ചത്. ഇതുതന്നെ ആദ്യം 10 ദിവസത്തെ പരിശീലനം ആയിരുന്നു. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിരവധി വിഷയങ്ങൾ കൂട്ടിച്ചേർക്കേണ്ടത് അനിവാര്യമായി വന്നതിനാൽ പരിശീലനത്തിന്റെ എണ്ണം 13 ആയും 14 ആയും ഇപ്പോൾ 15 ആയും വർദ്ധിപ്പിക്കുകയുണ്ടായി.

ഇതിനാവശ്യമായ തുക പഞ്ചായത്തുകൾ കണ്ടെത്തിയത്, ആത്മയിൽ പ്രോജക്ട് നൽകിയും, കർമ്മസേനയുടെ പേരിൽ ലോൺ എടുത്തും, സ്പോൺസർ ചെയ്യിച്ചും, പഞ്ചായത്ത് പ്രോജക്ടുകൾ വച്ചും, വകുപ്പ് അനുവദിച്ച 45,000 രൂപ ഉപയോഗിച്ചുമൊക്കെയാണ്. 15 ദിവസത്തെ പരിശീലനം 35,000 മുതൽ 65,000 രൂപ വരെ ചെലവാക്കിയാണ് പഞ്ചായത്തുകൾ നിർവഹിച്ചത് എന്നത് ശ്രദ്ധേയമാണ്. ഇത്തരത്തിൽ ഇതുവരെ 82 പഞ്ചായത്തുകൾ 15 ദിവസ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ കൃഷി, ജൈവവളം, ജൈവകീടനാശിനി നിർമ്മാണം, സൂക്ഷ്മാണു വളനിർമ്മാണം, കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും പരിശീലനം, മെക്കാനിസം, മാനേജ്മെന്റ് പരിശീലനം, ലോക്കൽ റേറ്റ് നിശ്ചയിക്കൽ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**ത്രിദിന മാനേജ്മെന്റ് പരിശീലനം**

- പരിശീലനം പൂർത്തിയായ പഞ്ചായത്തുകളിലെ കർമ്മസേന പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കോഡിനേറ്റർ, സൂപ്പർ വൈസർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ എന്നിവർക്ക് കിലയിൽ വച്ച് മൂന്ന് ദിവസത്തെ മാനേജ്മെന്റ്

പരിശീലനം സംഘടിപ്പിച്ചു. ഇതിൽ രജിസ്റ്ററുകൾ മെയിന്റയിൻ ചെയ്യുന്നത് എങ്ങിനെ, സീസൺ പ്ലാൻ തയ്യാറാക്കുക? ഇന്റഗ്രേഷൻ, കാർഷിക മാസ്റ്റർപ്ലാൻ തയ്യാറാക്കൽ, മാനേജ്മെന്റ് ടെക്നിക്ക് എന്നിവയിൽ പരിശീലനം നൽകുന്നു.

ഇതിന്റെ ആദ്യ ബാച്ചിൽ 118 ഉം രണ്ടാം ബാച്ചിൽ 22 ഉം മൂന്നാം ബാച്ചിൽ 93 ഉം നാലാം ബാച്ചിൽ 89 ഉം അഞ്ചാം ബാച്ചിൽ 62 ഉം ആറാം ബാച്ചിൽ 81 ഉം ഏഴാം ബാച്ചിൽ 58 ഉം അടക്കം 523 പേരാണ് പങ്കെടുത്തത്. ആദ്യബാച്ചിന്റെ ഉദ്ഘാടനം നിർവഹിച്ചത് ബഹു. കൃഷി-മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. കെ.പി. മോഹനൻ ആയിരുന്നു. തൃശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, കൃഷിവകുപ്പ് ജില്ലാ ഓഫീസർ എന്നിവരും ഈ യോഗത്തിൽ പങ്കെടുത്തു.

### ഏകദിന പരിശീലനങ്ങൾ

കർമ്മസേനാ വ്യാപനത്തിനായി തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിൽ 69 പഞ്ചായത്തുകൾ ഏകദിന പരിശീലനങ്ങൾ സംഘടിപ്പിച്ചു. ഇത്തരം ഏകദിന പരിശീലനങ്ങളിൽ കർമ്മസേനയുടെ ഉപദേശകസമിതി, ഭരണസമിതി അംഗങ്ങളും ടെക്നീഷ്യൻസ് ആകാനായി അപേക്ഷിച്ചവരുമാണ് പങ്കെടുക്കുന്നത്. ഈ പരിശീലനങ്ങളിൽ കർമ്മസേന എന്ത്, അസോസിയേഷന്റെ പ്രവർത്തന പദ്ധതി, കർമ്മസേനയുടെ സംഘടനാ സംവിധാനം, ടെക്നീഷ്യൻസിന്റെ റോൾ, ടെക്നീഷ്യൻസിന്റെ ഇന്റർവ്യൂ എന്നിവയാണ് നടത്തിയത്.

### ടെക്നീഷ്യൻസിനുള്ള മാനേജ്മെന്റ് പരിശീലനം

കർമ്മസേനയിൽ കാർഷികവൃത്തിയിൽ ഏർപ്പെടുന്ന വൈദഗ്ദ്ധ്യമുള്ള ഗ്രൂപ്പാണ് ടെക്നീഷ്യൻസ്. ആയതിനാൽ അവരുടെ ആശയവിനിമയശേഷി, തീരുമാനമെടുക്കൽ ശേഷി, ഒരു ടീമായി പ്രവർത്തിക്കാനുള്ള ശേഷി, നല്ല പെരുമാറ്റം എന്നിവ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. കൂടാതെ അവരുടെ ഉത്തരവാദിത്വം, ചുമതല എന്നിവയൊക്കെ ബോദ്ധ്യപ്പെടുത്തുന്നതിനായി ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. കണ്ണൂർ, കാസർകോഡ് ജില്ലയിലുള്ള 6 കർമ്മസേനകളിലെ ടെക്നീഷ്യൻസിനായി 2015 മാർച്ച് 5, 6 തീയതികളിൽ കണ്ണൂർ തളിപ്പറമ്പ് ഇൻഡോർ പാർക്കിൽ വച്ച് ദ്വിദിന പരിശീലനം സംഘടിപ്പിച്ചു. ഇതിൽ 73 പേർ പങ്കെടുത്തു. 2015 മേയ് 15, 16 തീയതികളിൽ കോഴിക്കോട് വച്ച് വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളെ ചേർത്ത് ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു. ഇതിൽ 98 പേർ പങ്കെടുത്തു. ടെക്നീഷ്യൻസിന് ഒരു പുത്തൻ ആവേശം പകരുന്നതിന് ഇത് കാരണമായി.

- 126 പഞ്ചായത്തുകൾ കർമ്മസേനയുടെ പഞ്ചായത്തുതല ഉദ്ഘാടനങ്ങൾ നടത്തി.

- പഞ്ചായത്തുകളിൽ 15 ദിവസ പരിശീലനം നടത്തുന്നതിനായി കിലയിൽ വച്ച് കാർഷിക ഉപകരണങ്ങൾ മെഷീൻസ് എന്നിവ നിർമ്മിക്കുന്ന കമ്പനികളിലെ വിദഗ്ദ്ധർ, കാർഷികമേഖലയിലെ വിദഗ്ദ്ധർ, മാനേജ്മെന്റ് വിദഗ്ദ്ധർ എന്നിവരെ ചേർത്ത് രണ്ടാമത് ദ്വിദിന പരിശീലക പരിശീലനം സംഘടിപ്പിച്ചു.
- 15 ദിവസ പരിശീലനശേഷം പഞ്ചായത്തുകളിൽ തുടർപ്രവർത്തനം ആസൂത്രണം ചെയ്യുന്നതിനും, ടെക്നീഷ്യൻസ് ഫീൽഡിൽ പ്രവർത്തനം ആരംഭിക്കുമ്പോഴും ഹാൻഹോൾഡിങ്ങ് എന്നോണം വിദഗ്ദ്ധരുടെ സേവനവും ലഭ്യമാക്കി വരുന്നു.
- കൂടാതെ നിരന്തര ഇടപെടലിന്റെ ഭാഗമായി കൃഷി വകുപ്പ് RKVY ൽപ്പെടുത്തി യന്ത്രങ്ങൾ വാങ്ങുന്നതിന് 9,00,000 രൂപയും മറ്റ് പ്രവർത്തനങ്ങൾക്ക് 1,00,000 രൂപയും അടക്കം 10,00,000 രൂപ വീതവും ബജറ്റിന്റെ ഭാഗമായി 45,000 രൂപ വീതവും അനുവദിച്ചു.
- കർമ്മസേനയുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ മുഴുവൻ കൃഷിഓഫീസർമാർക്കും ഏകദിന പരിശീലനം നൽകി.
- 2014 ഒക്ടോബർ 16 ന് കൃഷിവകുപ്പ് സംഘടിപ്പിച്ച സംസ്ഥാനതല കർഷകദിനത്തിന്റെ റാലിയിൽ അസോസിയേഷന്റെ നേതൃത്വത്തിൽ കർമ്മസേന ആരംഭിച്ച 15 പഞ്ചായത്തുകൾ അസോസിയേഷന്റെ പേരോടുകൂടിയ ബാനറിൽ അണിനിരന്നു. ഇതിന് ആവശ്യമായ പരിശീലനം നൽകിയത് അസോസിയേഷനാണ്. ഈ പരിപാടിയിൽ, ഒന്നാം സ്ഥാനം കണ്ണൂർ ജില്ലയിലെ ചെറുവാഴം, രണ്ടാം സ്ഥാനം തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ, മൂന്നാംസ്ഥാനം വയനാട് ജില്ലയിലെ മീനങ്ങാടി പഞ്ചായത്തുകൾക്ക് ആയിരുന്നു.

ഈ പരിപാടിയുടെ ഭാഗമായി തെരഞ്ഞെടുക്കുന്ന ഈ പഞ്ചായത്തുകൾ നമ്മുടെ പ്രവർത്തനത്തിന്റെ ഭാഗമായി മുന്നോട്ടുവന്നവയാണ്. അസോസിയേഷന്റെ കാർഷിക സമഗ്രവികസനവും തരിശുരഹിത പഞ്ചായത്തും എന്ന പരിപാടിയുടെ ഭാഗമായി മുന്നോട്ടുപോകുന്ന പഞ്ചായത്തുകൾക്ക് വരുന്ന മൂന്ന് വർഷം നടത്തിപ്പിന് ആവശ്യമായ പിൻതുണ നൽകും. ഇതിന്റെ ഭാഗമായി 200 പഞ്ചായത്തുകളുടെ ഒരു കമ്മ്യൂണിക്കേഷൻ നെറ്റ്വർക്കും, വിപണന ശൃംഖലയും ആരംഭിച്ചു. വരുന്ന മൂന്ന് വർഷം കൊണ്ട് ഈ പഞ്ചായത്തുകളെ തരിശുരഹിതമാക്കാനുള്ള പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു. അഗ്രികൾച്ചർ ടെക്നിഷ്യൻസിന് നിരന്തരം പരിശീലനം നൽകാനായി സ്കൂൾ ഓഫ് അഗ്രികൾച്ചർ ടെക്നിഷ്യൻസ് എന്ന ഒരു പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

- **റീജിയണൽ യോഗങ്ങൾ**

കാർഷിക കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകുന്നതിനായി മൂന്ന് റീജിയണായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, കൃഷി ഓഫീ

സർമാർ, വൈസ് പ്രസിഡന്റുമാർ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺസ് എന്നിവരെ കൂട്ടി മൂന്ന് റീജിയണിലായി യോഗം സംഘടിപ്പിച്ചു:-

1. **കോഴിക്കോട്**

കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ യോഗത്തിൽ 278 പേർ പങ്കെടുത്തു. പ്രസ്തുത യോഗം കോഴിക്കോട് കളക്ടർ ഉത്ഘാടനം നടത്തി. പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷൻ സംസ്ഥാന പ്രസിഡന്റും, സ്വാഗതം ജനറൽ സെക്രട്ടറിയുമായിരുന്നു. യോഗത്തിൽ സംസ്ഥാന സെക്രട്ടറി സി.പി. റസാക്ക്, ജില്ലാ സെക്രട്ടറി ബിജു താന്നിക്കുഴി, കോഴിക്കോട് പ്രിൻസിപ്പൽ അഗ്രി കൾച്ചർ ഓഫീസർ എന്നിവർ പങ്കെടുത്തു. ഓരോ പഞ്ചായത്തിനും അവരുടെ സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ള മെഷീൻ തെരഞ്ഞെടുക്കുന്നതിനായി വിവിധ മെഷീനുകൾ അവരെ പരിചയപ്പെടുത്തുന്നതിനായി കളക്ടറേറ്റ് കോമ്പൗ ണ്ടിൽ മെഷീൻസിന്റെ അതിവിപുലമായ പ്രദർശനവും സംഘടിപ്പിച്ചു.

2. **കില തൃശ്ശൂർ**

തൃശ്ശൂർ ജില്ലയിൽ വച്ച് നടത്തിയ യോഗത്തിൽ 262 പേർ പങ്കെടുത്തു. പ്രസ്തുത യോഗത്തിന്റെ അദ്ധ്യക്ഷൻ അസോസിയേഷൻ പ്രസിഡന്റും, സ്വാഗതം തൃശ്ശൂർ ജില്ലാ പ്രസിഡന്റ് ശ്രീ. അജിത്ത് കുമാറും ഉദ്ഘാടനം ശ്രീ. വിൻസന്റ് എം. എൽ.എയും ആയിരുന്നു. തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, അസോ സിയേഷൻ ജില്ലാ സെക്രട്ടറി രാജേന്ദ്രൻ അരങ്ങത്ത് എന്നിവർ പങ്കെടുത്തു. കോഴിക്കോടിലേതുപോലെ ഇവിടെയും കില കോമ്പൗണ്ടിൽ വിശാലമായ മെഷീൻ പ്രദർശനവും സംഘടിപ്പിച്ചു.

3. **തിരുവനന്തപുരം**

തിരുവനന്തപുരത്തെ പഞ്ചായത്ത് ഭവനിൽ വച്ച് ചേർന്ന യോഗത്തിൽ അസോ സിയേഷൻ പ്രസിഡന്റ് അദ്ധ്യക്ഷനും, ജനറൽ സെക്രട്ടറി കൃതജ്ഞതയും, അഡീ ഷണൽ ഡയറക്ടർ അഗ്രികൾച്ചർ ശ്രീ.കെ.കെ. ചന്ദ്രൻ സ്വാഗതവും, യോഗത്തിന്റെ ഉത്ഘാടനം ബഹു. കൃഷി മന്ത്രി ശ്രീ. കെ.പി. മോഹനനും നിർവ്വഹിച്ചു. പ്രസ്തുത യോഗത്തിൽ ശ്രീ.എം. നസീർ സംസ്ഥാന സെക്രട്ടറി, കൃഷി പ്രിൻസി പ്പൽ അഗ്രികൾച്ചർ ഓഫീസർ എന്നിവർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ 168 പേർ പങ്കെടുത്തു. കോഴിക്കോടിലേതുപോലെ ഇവിടെയും വിപുലമായ മെഷീൻ പ്രദർശനം സംഘടിപ്പിച്ചിരുന്നു.

ഈ റീജിയണൽ യോഗങ്ങൾ അസോസിയേഷന്റെ സ്വീകാര്യത വർദ്ധിക്കാനും, പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കാനും സഹായകമായി എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

കൃഷിവകുപ്പും, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും പഞ്ചായത്തുകളും ചേർന്ന് കാർഷികരംഗത്തെ സ്ഥിരപ്പെടുത്തുന്നതിന് നടത്തുന്ന ഈ ശ്രമം കേരളചരിത്രത്തിൽ ആദ്യ സംഭവമായിരിക്കും. ഈ കൂട്ടായ്മയിലൂടെ വലിയ ഒരു മാറ്റത്തിനു കഴിയും എന്നാണ് ഞങ്ങൾ ഇതുവരെയുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ പ്രതീക്ഷിക്കുന്നത്.

## കാർഷിക കർമ്മസേന: പ്രധാന നേട്ടങ്ങൾ

200 പഞ്ചായത്തുകളിൽ ലക്ഷ്യമിട്ട് പ്രവർത്തനമാരംഭിച്ച കാർഷിക കർമ്മസേന ഇന്ന് 89 പഞ്ചായത്തുകളിൽ 15 ദിവസ പരിശീലനം പൂർത്തിയാക്കി. ഇതിൽ 89 സ്ഥലത്തും ടെക്നീഷ്യൻസ് മാസശമ്പളം വാങ്ങി പ്രവർത്തനം ആരംഭിച്ചു. 52 സ്ഥലത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വളരെ കുറഞ്ഞ ഈ കാലയളവിനുള്ളിൽതന്നെ എടുത്തുപറയത്തക്ക മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു എന്നത് എടുത്തുപറയേണ്ട കാര്യമാണ്.

- കർഷകർക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സേവനം ഒരു ഫോൺ കോളിലൂടെ ലഭിക്കുന്നു എന്നതിനാൽ.
- കൃഷി ആസൂത്രണത്തിനും മോണിറ്ററിങ്ങിനും നിരന്തര പിന്തുണയ്ക്കും വൈദഗ്ദ്ധ്യമുള്ള ഒരു ടീം ഉണ്ട് എന്നതിനാൽ.
- പുതിയ പുതിയ കാർഷിക പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നു എന്നതിനാൽ.
- കർമ്മസേന തന്നെ പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുക്കുന്നു എന്നതിനാൽ.
  - ഇന്ന് ഏകദേശം 326 ഏക്കർ കർമ്മസേനകൾ നേരിട്ട് കൃഷി ആരംഭിച്ചിട്ടുണ്ട്.
  - തരിശായിക്കിടന്ന ഏകദേശം 428 ഏക്കർ നെൽവയൽ കൃഷിയോഗ്യമാക്കി കൃഷിചെയ്യാൻ ആരംഭിച്ചു.
  - ഇതു കൂടാതെ തെങ്ങിന് തടം തുറക്കൽ, പുതയിടൽ, ഇടവിളകൃഷി, മരുന്ന് തളിക്കൽ എന്നിവ ചെയ്യാതിരുന്നിടത്തുനിന്നുമാറി ധാരാളം കർഷകർ അത്തരം പ്രവൃത്തികൾ കർമ്മസേന വഴി ചെയ്യാനാരംഭിച്ചു.
  - 52 പഞ്ചായത്തുകളിൽ കർഷകരുടെ രജിസ്ട്രേഷൻ ധാരാളമായി വരുന്നു.
  - ഇന്ന് 89 പഞ്ചായത്തുകളിലായി 1305 ടെക്നീഷ്യൻസ് മാസശമ്പളക്കാരായി മാറി.
  - കൃഷിവകുപ്പ് വഴി, ത്രിതല പഞ്ചായത്തുകൾ വഴി വരുന്ന സ്കീമുകൾ കർഷകർക്ക് വിതരണം നടത്തിയിരുന്ന അവസ്ഥയിൽനിന്നു മാറി സ്കീമുകൾ കർമ്മസേന വഴി നടപ്പിലാക്കിക്കൊടുക്കുന്ന അവസ്ഥയിലേക്ക് മാറിയിട്ടുണ്ട് എന്നത് ഒരു വലിയ മാറ്റമാണ് സൃഷ്ടിച്ചിട്ടുള്ളത്.

ഇത്തരത്തിൽ നേട്ടങ്ങളുമായി കർമ്മസേനയുടെ പ്രവർത്തനം മുന്നോട്ട് പോകുമ്പോഴും ഉദ്ദേശിച്ച വേഗത്തിൽ പ്രവർത്തനങ്ങൾ എത്തിക്കാൻ കഴിയാത്തത് ആവശ്യത്തിന് മെഷീൻസ് ഇല്ല എന്നതാണ്. പ്രവർത്തിക്കുന്നവരൊക്കെ മെഷീൻസ്

വാടകയ്ക്കെടുത്ത് പ്രവർത്തിക്കുന്നു എന്ന അവരുടെ ഇച്ഛാശക്തിയെ നന്ദിയോടെ സ്മരിക്കണം. ഒട്ടേറെ തടസ്സങ്ങൾ തരണം ചെയ്തുകൊണ്ടാണ് ഈ പ്രവർത്തനം മുന്നോട്ടുപോകുന്നത്. അതിന് ഈ പ്രവർത്തനത്തോടൊപ്പം അസോസിയേഷനെ സഹായിക്കുന്ന സർക്കാർ, പ്രത്യേകിച്ച് കൃഷിവകുപ്പും ബഹു. കൃഷി മന്ത്രിയും, കുടപ്പനക്കുന്ന് കാർഷിക കർമ്മസേന, കുടപ്പനക്കുന്ന് കൃഷി ഓഫീസർ ശ്രീമതി സി.എൽ. മിനി, അസിസ്റ്റന്റ് കൃഷി ഓഫീസർ ബിനുലാൽ, കൃഷി വിദഗ്ദ്ധനായ സുരേഷ്, റിട്ടയേർഡ് കൃഷി ഓഫീസർ സുഗതൻ, അസിസ്റ്റന്റ് കൃഷി ഓഫീസർ ജോഷ, റിട്ടയേർഡ് കൃഷി ഓഫീസർ പങ്കജാക്ഷൻ, കൃഷിവകുപ്പ് ഡി.ഡി. വിജയൻ, ജനപ്രതിനിധികൾ, കൃഷി ഓഫീസർമാർ, വിവിധ കമ്പനികളായ വി.എസ്.റ്റി., ഹോണ്ട, അഗ്രിമാർട്ട്, മഹീന്ദ്ര, റെഡ് ലാൻഡ്സ്, ഏജൻസികളായ കല്ലറയ്ക്കൽ ഏജൻസി, സ്ഥാപനങ്ങളായ റെയ്ഡ്കോ, കാംകൊ, കാർഷികമേഖലയിലെ വിദഗ്ദ്ധർ എന്നിവരെയും ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

## അനുഭവം പങ്കുവയ്ക്കൽ ശിൽപശാല

പഞ്ചായത്തുകൾക്ക് അവർ ചെയ്യുന്ന മാതൃകാപ്രവർത്തനങ്ങൾ അവതരിപ്പിക്കാനും, ആശയങ്ങൾ പരസ്പരം കൈമാറാനും, വേണ്ട അംഗീകാരം നേടാനും അവസരങ്ങൾ ലഭിക്കാത്ത അവസ്ഥ ഉണ്ട് എന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിലാണ് ഇത്തരത്തിൽ ഒരു അനുഭവം പങ്ക്വക്കൽ ശിൽപ്പശാല നടത്താൻ അസോസിയേഷൻ തീരുമാനിച്ചത്. 2013 ജൂലൈ 30,31 തീയതികളിലായി തിരുവനന്തപുത്തെ പഞ്ചായത്ത് ഭവനിൽ വച്ചാണ് പ്രസ്തുത ശിൽപ്പശാല സംഘടിപ്പിച്ചത്. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ കില, കേരള വോളന്ററി ഫോറം, കെ.എസ്.എസ്.എഫ്., ശാന്തിഗ്രാം എന്നിവരുടെ കൂട്ടായ്മയിലാണ് ഈ പരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത ശിൽപ്പശാലയിൽ ജനപ്രതിനിധികൾ, എൻ.ജി.ഒകൾ എന്നിവർ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു.

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി ശ്രീ.ജിന്നാസ് സ്വാഗതവും ബഹു.ഗ്രാമവികസന വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ് ഉദ്ഘാടന കർമ്മവും നിർവ്വഹിച്ചു. കൂടാതെ ശിൽപ്പശാലക്ക് കെ.എസ്.എസ്.എഫിന്റെ എക്സി. ഡയറക്ടർ ഫാ. റൊമാൻസ് ആന്റണി, കാവൽ ചെയർമാൻ ജി. പ്ലാസിഡ് എന്നിവർ സംസാരിച്ചു. തുടർന്ന് ഓരോ സെക്ഷനുകളായി അവതരണം നടന്നു.

സെഷൻ ഒന്ന് – സെഷൻ ഒന്ന് സ്ത്രീകൾ, കുട്ടികൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ശാക്തീകരണം എന്നതായിരുന്നു വിഷയം. ഈ സെഷന്റെ കൺവീനർ മറിയാമ്മാ സാനുജോർജ്ജും, ചെയർമാൻ കെ.ജി.പി.എ. സെക്രട്ടറിമാരിൽ ഒരാ

ളായ ശ്രീ.എം.നസീറും ആയിരുന്നു. ഈ സെഷൻ മോഡറേറ്റ് ചെയ്തത് സഖി വിമൺ റിസോഴ്സ് സെന്ററിലെ ശ്രീമതി. ഏലിയാമ്മാ വിജയൻ ആയിരുന്നു. ഈ സെഷനിൽ മാരാരിക്കുളം തെക്ക് പഞ്ചായത്തിന്റെ 'സ്ത്രീ സൗഹൃദയപഞ്ചായത്ത്' എന്നതിന്റെ അനുഭവം, കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 12 പഞ്ചായത്തുകളുമായി ചേർന്ന് സഖിവിമൺ റിസോഴ്സ് സെന്റർ പൂവാർ ഗ്രാമപഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ അനുഭവം എന്നീ അവതരണങ്ങളും അതുമായി ബന്ധപ്പെട്ട ചർച്ചകളുമാണ് നടന്നത്.

സെഷൻ രണ്ട്:- ഈ സെഷനിൽ കൃഷിയും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ചർച്ചകളാണ് നടന്നത്. ഈ സെക്ഷന് സ്വാഗതം അർപ്പിച്ചത് ശ്രീ. സുരേഷും ചെയർ ചെയ്തത് കെ.ജി.പി.എ. വൈസ് പ്രസിഡന്റുമാരിൽ ഒരാളായ അഡ്വ. പന്തളം പ്രതാപനും ആയിരുന്നു. ഈ സെക്ഷൻ മോഡറേറ്റ് ചെയ്തത് റവ. ഫാ. റൊമാൻസ് ആന്റണി ആയിരുന്നു.

വെങ്ങാനൂർ പഞ്ചായത്തിന്റെ കാർഷിക മേഖലയിലെ അനുഭവങ്ങൾ, മുത്തോലി ഗ്രാമപഞ്ചായത്തിന്റെ നാച്ചർ ഫ്രഷ് മിൽക്ക് എന്ന പരിപാടിയുടെ അനുഭവം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ കാർഷിക മേഖലയിലെ അനുഭവം, വയനാടിലെ ശ്രേയസ് എന്ന സംഘടന കാർഷിക മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളുടെ അനുഭവം, ജൈവ വൈവിധ്യസംരക്ഷണവും ഭക്ഷ്യസുരക്ഷയും എന്ന മേഖലയിൽ കെ.എസ്.എസ്.എഫ്.ന്റെ പ്രവർത്താനുഭവങ്ങൾ, കരവാരം പഞ്ചായത്തിന്റെ 'കാർഷിക സമഗ്ര വികസനവും തരിശ്ശ് രഹിത പഞ്ചായത്തും' എന്ന പരിപാടിയുടെ ഭാഗമായുള്ള പ്രവർത്തനാനുഭവങ്ങൾ, മടികൈ ഗ്രാമപഞ്ചായത്തിന്റെ വാട്ടർഷെഡ് മാനേജ്മെന്റിലെ പ്രവർത്തനാനുഭവങ്ങൾ, കാസർകോഡ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന SEDS എന്ന സംഘടനയുടെ വാട്ടർ ഷെഡ് മേഖലയിലെ അനുഭവങ്ങൾ, വയനാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ആർഷഭാരത് എന്ന സംഘടനയുടെ വാട്ടർഷെഡ് മാനേജ്മെന്റിലെ പ്രവർത്തനാനുഭവങ്ങൾ എന്നിവയാണ് ഈ സെഷനിൽ അവതരിപ്പിക്കപ്പെട്ടത്. തുടർന്ന് വിശദമായ ചർച്ചകളും ഇതിന്റെ തുടർച്ചയായി നടന്നു.

സെഷൻ മൂന്ന് :- ഈ സെഷനിൽ പഞ്ചായത്തിന്റെ വികസനം വ്യത്യസ്ത സെക്ടറിലൂടെ എന്നതായിരുന്നു. ഈ സെഷൻ ചെയർ ചെയ്തത് കെ.ജി.പി.എ. വൈസ് പ്രസിഡന്റുമാരിൽ ഒരാളായ ശ്രീ. എൻ.പി. സ്നേഹകനായിരുന്നു. മോഡറേറ്റർ കാവലിന്റെ ചെയർമാനായ പ്ലാസിഡും ആയിരുന്നു. ഈ സെഷനിൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്, മാവൂർ പഞ്ചായത്ത് എന്നിവരുടെ ബഡ്സ് സ്കൂൾ നടത്തിപ്പിന്റെ അനുഭവം, വെങ്ങാനൂർ പഞ്ചായത്തിന്റെ പഞ്ചായത്ത് ഡെവലപ്പ്മെന്റ് കൗൺസിലിന്റെ അനുഭവം, ചെറുവണ്ണൂർ, മടികൈ, കരവാരം എന്നീ പഞ്ചായത്തുകൾ വിദ്യാഭ്യാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളുടെ അനുഭവം, സെർച്ച് എന്ന സംഘടനയുടെ സഹാ

യത്തോടെ  നടത്തി നാടൻ കലാമേളയുടെ അനുഭവം, കിഡ്സ് എന്ന സംഘടന യുടെ തഴപ്പായ നിർമ്മാണ മേഖലയിലെ പ്രവർത്തനാനുഭവങ്ങൾ ഈ സെഷനിൽ അവതരിപ്പിക്കുകയും ചർച്ചകൾ നടക്കുകയും ചെയ്തു.

സെഷൻ നാല്: - രണ്ടാം ദിവസം രാവിലെ ഈ സെഷനിൽ "ആരോഗ്യം, ശുചിത്വം, കുടിവെള്ളം" എന്നീ വിഷയങ്ങളിലെ അവതരണങ്ങളും ചർച്ചകളുമാണ് നടന്നത്. ജി.എസ്. ശാന്തമ്മ സ്വാഗതവും കെ.ജി.പി.എ. സെക്രട്ടറിമാരിൽ ഒരാളായ കെ.കെ. ജിന്നാസ് ചെയറും ചെയ്ത സെഷനിൽ ശുചിത്വമിഷൻ ഡയറക്ടർ ഡോ.ദി ലീപ് ഉദ്ഘാടനം നടത്തി. ഈ സെഷന്റെ മോഡറേറ്റർ ഡോ. പി.കെ. ജയാസ് ആയി രുന്നു. രോഗവിമുക്ത പഞ്ചായത്ത് എന്ന വിഷയത്തെക്കുറിച്ച് പത്തായം നാചറൽ ഹെൽത്ത്ഫുഡ് റസ്റ്റോറന്റ് ഡയറക്ടറായ ഡോ.സി.വി. ഗംഗാധരൻ, സുരക്ഷിതമായ കുടിവെള്ളം - ചുനക്കര ഗ്രാമപഞ്ചായത്തിന്റെ ഈ മേഖലയിലെ പ്രവർത്തനാനു ഭവം പ്ലാസ്റ്റിക് സംസ്ക്കരണത്തിൽ ചെറുവണ്ണൂർ, ചെമ്പിലോട് പഞ്ചായത്തുകളുടെ അനുഭവങ്ങൾ, അഴിയൂർ ഗ്രാമപഞ്ചായത്തിന്റെ ശുചിത്വരംഗത്തെ പ്രവർത്തനാനുഭവ ങ്ങൾ, 100% ഇമ്മ്യൂണൈസേഷന്റെ അനുഭവങ്ങൾ തിരുവാലി പഞ്ചായത്ത്, മാവൂർ, സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തുകളുടെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ. രംഗത്തെ അനുഭവങ്ങൾ, ഹോളിസ്റ്റിക് ഹെൽത്ത് ആന്റ് ആൾട്ടർനേറ്റീവ് തെറാപ്പീസ് സംബന്ധിച്ച് സമഗ്ര എന്ന സംഘടനയുടെ അനുഭവങ്ങൾ എന്നിവ ഈ സെഷനിൽ അവതരിപ്പിച്ച് ചർച്ചക്ക് വിധേയമായി.

സെഷൻ അഞ്ച്:- ഈ സെഷന്റെ സ്വാഗതം പി.എം. ദേവും ചെയർ കെ.ജി. പി.എ. സെക്രട്ടറിമാരിൽ ഒരാളായ സി.പി. റസാക്കും മോഡറേറ്റർ അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യുവും ആയിരുന്നു. "ശാസ്ത്രസാങ്കേതികവും സുസ്ഥിരവിക സനവും" എന്ന ഈ സെഷനിൽ 'അനുയോജ്യമായ സാങ്കേതിക വിദ്യകളും തൊഴിൽ സൃഷ്ടിക്കലും' എന്ന വിഷയ മിത്രാനികേതന്റെയും, 'വേസ്റ്റ് മാനേജ്മെന്റിന്റെ സാങ്കേ തിക വിദ്യകൾ' എന്ന വിഷയത്തിൽ ഡോ. ദിലീപ് കുമാറിന്റെയും, 'ജല പുനർജീവന സാങ്കേതിക വിദ്യകൾ' എന്ന വിഷയത്തിൽ സി.സി.ഡി.യു. ഡയറക്ടർ സുഭാഷ് ചന്ദ്ര ബോസിന്റെയും , 'ചക്കയും പ്രാദേശിക ഭക്ഷ്യസുരക്ഷയും' എന്ന വിഷയത്തിൽ ശാന്തിഗ്രാം ഡയറക്ടർ ശ്രീ. എൽ. പങ്കജാക്ഷന്റെയും അവതരണങ്ങൾ ഉണ്ടായിരുന്നു.

ഉച്ചക്ക് ശേഷം നടന്ന ശിൽപ്പശാലയുടെ സമാപനയോഗത്തിൽ സ്വാഗതം അഡ്വ. പന്തളം പ്രതാപൻ നിർവ്വഹിച്ചു, അദ്ധ്യക്ഷൻ അസോസിയേഷൻ പ്രസിഡന്റും, സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം ബഹു.പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിച്ചു. കൂടാതെ ഈ സെഷന്റെ മുഖ്യ അതിഥി മിത്രാനികേതൻ ഡയറക്ടറായ പത്മശ്രീ കെ. വിശ്വനാഥൻ ആയിരുന്നു. ഇനി എങ്ങനെ മുന്നോട്ട് എന്ന വിഷയം അവതരിപ്പിച്ച് നന്ദി അർപ്പിച്ച് ദ്വിദിന ക്യാമ്പ് അവസാനിച്ചു.

**അയൽസഭ**

കേരളത്തിൽ പഞ്ചായത്തുകൾ 9,10,11 പദ്ധതി കാലയളവുകളിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിയിരുന്നു എങ്കിലും നിയമത്തിന്റെ പിൻബലമില്ലാത്തതിനാൽ അത് നിലനിർത്താനായില്ല. എന്നാൽ ഇന്ന് അയൽസഭ എന്ന പേരിൽ 12-ാം പദ്ധതിയുടെ ഗൈഡ് ലൈനിൽ വന്നതോടെ അയൽസഭയ്ക്ക് വേണ്ട നിയമപിൻതുണ ലഭിച്ചു.

അയൽസഭ, എന്നത് ഇന്ന് മാർഗ്ഗരേഖയുടെ ഭാഗമാവുകയും ഗ്രാമകേന്ദ്രങ്ങൾക്കായി ഇറക്കിയ ഉത്തരവിന്റെയും, തുടർന്ന് കില ഗ്രാമകേന്ദ്രങ്ങൾക്കായി ഇറക്കിയ കൈപ്പുസ്തകത്തിലും അയൽസഭകളെ സംബന്ധിച്ച് വ്യക്തമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയുടെയൊക്കെ അടിസ്ഥാനത്തിൽ ഭരണത്തിന്റെ, ഗ്രാമസഭയുടെ ഏറ്റവും താഴത്തെ ഒരു ജനകീയതലമായി എങ്ങനെ അയൽസഭകൾക്ക് പ്രവർത്തിക്കാൻ കഴിയും, അയൽസഭകളിലേക്ക് അധികാരം വികേന്ദ്രീകരിച്ച് എങ്ങനെ ഭരണനിർവ്വഹണം നടത്താം, ആസൂത്രണത്തിന്റെ ഏറ്റവും താഴെ തലത്തിലുള്ള സംവിധാനമായി എങ്ങനെ പ്രവർത്തിപ്പിക്കാം, പ്രാദേശിക വികസനത്തിന്റെ, ക്ഷേമത്തിന്റെ കാവലാളായി അയൽസഭകൾക്ക് എങ്ങനെ മാറാം തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഈ പ്രവർത്തനം ഏറ്റെടുക്കാൻ ആലോചിച്ചത്. ഇതിന്റെ ഭാഗമായി:

- ഇതിനായി ഒരു കൈപ്പുസ്തകത്തിന് രൂപം നൽകി.
- പൈലറ്റ് പ്രവർത്തനം ഏറ്റെടുക്കുന്നതിനായി എറണാകുളം ജില്ലയെ തെരഞ്ഞെടുത്തു. ഇതിൽ പഞ്ചായത്തിന്റെ താൽപ്പര്യം അനുസരിച്ച് 42 പഞ്ചായത്തുകളെ തെരഞ്ഞെടുത്തു.
- ഈ പഞ്ചായത്തുകളിലെ പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺസ് എന്നിവർക്ക് ഏകദിനപരിശീലനം നൽകി.
- ഈ പ്രവർത്തനങ്ങൾ നടത്താനായി എറണാകുളം ജില്ലയിൽ നിന്നും 8 ഫാക്കൽറ്റികളെ കണ്ടെത്തി ഒരു ദിവസത്തെ പരിശീലക പരിശീലനം നടത്തി.
- ഒരു വാർഡിൽ നിന്നും രണ്ട് റിസോഴ്സ് പേഴ്സൺസ് എന്ന രീതിയിൽ പഞ്ചായത്തുകൾ തെരഞ്ഞെടുത്തതനുസരിച്ച് അവർക്ക് 43 കേന്ദ്രങ്ങളിൽ വച്ച് പരിശീലനങ്ങൾ സംഘടിപ്പിച്ചു
- അയൽസഭ ഭാരവാഹികളുടെ പരിശീലന മൊഡ്യൂൾ തയ്യാറാക്കാനായി പ്രത്യേക ദ്വിദിന ശിൽപശാല നടത്തി. പരിശീലന മൊഡ്യൂൾ തയ്യാറാക്കി.

## സ്ത്രീസൗഹൃദ പഞ്ചായത്തുകൾ

സ്ത്രീകളും പെൺകുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ പങ്ക്, ഉത്തരവാദിത്വം എന്നിവ ദേശീയതലത്തിൽ ചർച്ചചെ

യ്യപ്പെടുന്ന കാലമാണിത്. ഇത്തരത്തിലുള്ള പ്രവർത്തനത്തിന് മുൻകൈയെടുക്കാൻ താൽപ്പര്യം കാണിച്ച പഞ്ചായത്തുകളെ വേണ്ടവിധത്തിൽ അക്കാഡമിക് പിൻതുണ നൽകി മറ്റ് പഞ്ചായത്തുകൾക്ക് അനുകരണീയമായ മാതൃകയിലേക്ക് ഉയർത്തുകയാണ് ഇത് വഴി ലക്ഷ്യം വക്കുന്നത്. ഈ പ്രവർത്തനങ്ങൾക്കായി സഖി വിമൺ റിസോഴ്സ് സെന്റർ, ഐ.എം.ജി, എം.ജി. യൂണിവേഴ്സിറ്റിയുടെ എക്സ്റ്റൻഷൻ സെന്റർ എന്നിവരുമായി ചേർന്നാണ് ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

- സ്ത്രീ സൗഹൃദ പഞ്ചായത്ത് എന്ന നിലയിൽ മാതൃകാപരമായ പ്രവർത്തനവുമായി വളരെ മുന്നിലേക്ക് പോയത് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്താണ്.
- കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്ത് ക്രൈം മാപ്പിങ്ങ് അടക്കമുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കി.
- തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളായ ഇലകമൺ, ഇടവ, വെട്ടൂർ, കോഴിക്കോട് ജില്ലയിലെ മൂടാടി എന്നീ പഞ്ചായത്തുകൾ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ഇലകമൺ, ഇടവ, വെട്ടൂർ എന്നീ പഞ്ചായത്തുകളിലെ പ്രവർത്തനങ്ങൾക്കായി ഒരു പ്രവർത്തന മാർഗരേഖ തയ്യാറാക്കി.
- ജൻഡർ കോഴ്സ് നടത്താനായി ഫാക്കൽറ്റി യോഗം ചേർന്ന് ഒരു മൊഡ്യൂളിന് രൂപംനൽകി.

## കുടുംബസഹായനിധി

എറണാകുളം ജില്ലയിലെ ശ്രീമൂലനഗരം പഞ്ചായത്തിലെ പ്രസിഡന്റായ കെ.എച്ച്. ഹംസ, അംഗമായ ബിജു അറയ്ക്കൽ എന്നിവർ ഒരു ആക്സിഡന്റിൽ മരണപ്പെട്ടു. നിർദ്ധന കുടുംബത്തിലുള്ള ഇവരെ സഹായിക്കുന്നതിനായി ഒരു കുടുംബ സഹായ നിധി രൂപീകരിക്കാൻ അസോസിയേഷൻ തീരുമാനിക്കുകയും പഞ്ചായത്തുകൾക്ക് അതിലേക്ക് തുക നിക്ഷേപിക്കാൻ സർക്കാർ ഉത്തരവ് ലഭ്യമാക്കുകയും ചെയ്തു. എറണാകുളം ജില്ലയിലെ പഞ്ചായത്തുകൾ 10,000 രൂപ വീതവും മറ്റ് ജില്ലകളിലെ പഞ്ചായത്തുകൾ 2000 രൂപ വീതവും എന്നാണ് നിശ്ചയിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ 13,24,000 രൂപയാണ് ശേഖരിച്ചത്.

## പഠനയാത്ര

1. കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റിഅംഗങ്ങൾ, ജില്ല പ്രസിഡന്റ് സെക്രട്ടറിമാർ എന്നിവർക്ക് അന്യസംസ്ഥാനങ്ങളിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങൾ കാണുന്നതിനും പഠിക്കുന്നതിനുമുള്ള യാത്രകളുടെ ഭാഗമായി നടന്ന ആദ്യയാത്ര ശ്രീപെരുമ്പത്തൂരിലേക്കായിരുന്നു. 30 പേരാണ് ഈ യാത്രയിൽ ഉണ്ടായിരുന്നത്.

2. കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റിഅംഗങ്ങൾ, ജില്ല പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ നിന്നായി 40 പേരെ സിക്കിമിലെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി കൊണ്ടുപോയി. മൂന്നുപകലും രണ്ട് രാത്രിയിലും അവിടെ തങ്ങിയാണ് പഠനം നടത്തിയത്.
3. ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന ഭാരവാഹികളെ കിലയുടെ സഹായത്തോടെ ഹിമാചൽപ്രദേശ്, പഞ്ചാബ്, ദൽഹി, രാജസ്ഥാൻ എന്നിവിടങ്ങളിൽ അധികാരവികേന്ദ്രീകരണ പഠനയാത്ര സംഘടിപ്പിച്ചു.

## കിലയും അസോസിയേഷനും

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പഠനപ്രവർത്തനങ്ങൾ, കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ, ക്യാമ്പുകൾ, പഠനയാത്രകൾ തുടങ്ങി എല്ലാവിധ അക്കാദമിക് പ്രവർത്തനങ്ങൾക്കും ആവശ്യമായ സാമ്പത്തിക സഹായവും കിലയുടെ ഭൗതിക സൗകര്യവും ലഭ്യമാക്കുന്നതിൽ കില അകമഴിഞ്ഞ പിന്തുണ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഫാക്കൽറ്റികൾ, ഡയറക്ടർ എന്നിവർ അസോസിയേഷന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഊർജം പകരാൻ നിസ്തുലമായ പിന്തുണയാണ് നൽകിയത്. കൂടാതെ അസോസിയേഷന്റെ പ്രവർത്തനങ്ങൾ, പ്രസക്തി എന്നിവ ലോകനിലവാരത്തിൽ എത്തിക്കുന്നതിൽ വളരെ വലിയൊരു പങ്ക് കില വഹിച്ചിട്ടുണ്ട്. കില ഡയറക്ടർ ഡോ. പി.പി. ബാലൻ അസോസിയേഷൻ സംഘടിപ്പിക്കുന്ന ഏത് പരിപാടിയുമായും ആത്മാർത്ഥമായി സഹകരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ തരുകയും ചെയ്തിട്ടുണ്ട്.

## ശുചിത്വമിഷനും അസോസിയേഷനും

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യുവും ശുചിത്വമിഷൻ ഡയറക്ടർ ഡോ. ദിലീപ് കുമാറും 2013 ഡിസംബർ 19 ന് അസോസിയേഷൻ ഓഫീസിൽ വച്ച് കൂടിക്കാഴ്ച നടത്തുകയുണ്ടായി. 2013 ഡിസംബർ 7 ന് കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം അനുസരിച്ച് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ശുചിത്വമേഖലയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായിരുന്നു പ്രസ്തുത കൂടിക്കാഴ്ച.

ഈ ചർച്ചയുടെ തുടർച്ചയായി കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും ശുചിത്വമിഷനും ചേർന്ന് 2014 ജനുവരി 4 ന് തിരുവനന്തപുരം വെള്ളയമ്പലം പഞ്ചായത്ത് ഭവനിൽ വച്ച് പഞ്ചായത്തുകളിലെ ശുചിത്വപരിപാലനത്തെക്കുറിച്ച് ഒരു വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. പ്രസ്തുതയോഗത്തിൽ പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യുവും ശുചിത്വമിഷൻ

ഡയറക്ടർ ഡോ. ദിലീപ് കുമാറും, വിവിധ ജില്ലകളിൽ നിന്നും വന്ന പഞ്ചായത്ത് പ്രസിഡന്റുമാർ, പഞ്ചായത്ത് സെക്രട്ടറിമാർ, എൻജിനിയർമാർ, അസിസ്റ്റന്റ് എൻജിനിയർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, വിദ്യാഭ്യാസ/ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ എന്നിവർ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഓരോ പഞ്ചായത്തും മാലിന്യമുക്ത പഞ്ചായത്താക്കി മാറ്റാൻ അവലംബിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയുണ്ടായി. പ്രധാനമായും യോഗത്തിൽ ചെർച്ചചെയ്യപ്പെട്ടത് ഉറവിട മാലിന്യസംസ്കരണത്തെപ്പറ്റിയായിരുന്നു. ഇവിടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട കാര്യങ്ങൾ തുടർനടപടിക്കായി പ്രത്യേകം തയ്യാറാക്കി ശുചിത്വമിഷന് നൽകിയിട്ടുണ്ട്.

## അസോസിയേഷന്റെ മറ്റ് ഇടപെടലുകൾ

- ത്രിതല സഹകരണ ബാങ്കിങ്ങ് സംവിധാനത്തിൽ നിന്നും വായ്പ എടുക്കുന്ന തിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഉത്തരവ്. സ.ഉ.(കൈ) നം.167/ 13/ത.സ്വഭവ തീയതി 06.05.2013
- പട്ടികജാതി പട്ടിവർഗ്ഗ പെൺകുട്ടികളുടെ വിവാഹ ധനസഹായം 50,000 രൂപ യാക്കി വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവ് 1152/2013 തസ്വഭവ. തീയതി 25.04.2013
- 2012-13 മാർഗ്ഗനിർദ്ദേശ പ്രകാരം 2012-14 ലേക്ക് തയ്യാറാക്കിയ പ്രോജക്ടുകൾക്ക് വീണ്ടും ഗ്രാമസഭയുടെ അംഗീകാരം തേടേണ്ടതില്ല എന്ന ഉത്തരവ്. സ.ഉ. (എം. എസ്.)നം.169/13/തസ്വഭവ തീയതി 08.05.2013
- ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങാൻ ഉത്തരവ് സ.ഉ.(സാധാ)നം.ആർ.915/2013 തസ്വഭവ തീയതി 05.04.2013.
- കേരളോത്സവം 2013 തുക ചെലവഴിക്കുന്നതിനുള്ള അനുമതി ഭേദഗതി ചെയ്ത് തുക വർദ്ധിപ്പിച്ച് ഉത്തരവായി. സ.ഉ. (സാധാരണ) നം.2172/2013/ത.സ്വഭവ തീയതി 26.08.2013
- ഇ.എം.എസ്. ഭവനപദ്ധതി വായ്പയുടെ പലിശ മാറി നല്കുന്നതിനുള്ള അനു മതി നൽകി ഉത്തരവായി.
- 01.04.2013 മുതൽ ജനപ്രതിനിധികളുടെ ഹോണറേറിയം വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് 04.09.2013 ലെ ഉത്തരവ്.
- പദ്ധതി ആസൂത്രണം, സബ്സിഡിനോംസ് എന്നിവ പുതുക്കി ഉത്തരവ് 16.11.2013 ലെ ഉത്തരവ്.
- എം.എൻ. ലക്ഷംവീട് പദ്ധതിയിൽ ഡ്യൂപ്ളക്സ് വീടുകൾക്ക് പകരം പുതിയ ഒറ്റവീടുകൾ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നൽകാൻ ഉത്തരവ് 10.12.2013 ലെ ഉത്തരവ്.

- അംഗൻവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപണി ഭൗതികസൗകര്യം വികസിപ്പിക്കൽ മുതലായ പ്രവർത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം ചെലവഴിക്കുന്നത് 23.01.2014 ലെ ഉത്തരവ്.
- കെട്ടിട നിർമ്മാണം - തീരദേശ പരിപാലനനിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് 2013-11-ാം മാസത്തിൽ ഇറക്കിയ കത്ത് പിൻവലിച്ച് കൊണ്ട് ഉത്തരവ്.
- മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലേക്ക് മെയിന്റനൻസ് ഗ്രാന്റിൽ മിച്ചം വന്ന തുക നൽകുന്നതിന് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്. 888/ 2014.ത.സ്വ.വ.ഭ. 26/03/2014.
- ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ മിച്ചം വന്ന തുക 65% കഴിഞ്ഞ് ക്യാരിഓവർ ചെയ്യാനുള്ള സർക്കാർ അനുമതി.
- മാർച്ച് 31 അർദ്ധരാത്രി വരെയും ട്രഷറി പ്രവർത്തനം ഉറപ്പാക്കാനുള്ള ഇടപെടൽ

  അതുകൂടാതെ പഞ്ചായത്തുകൾ അപ്പപ്പോൾ അറിയിക്കുന്ന കാര്യങ്ങൾ യഥാസമയം കോഡിനേഷൻ കമ്മറ്റിയിൽ എത്തിക്കൽ ഡിസംബറിലെ പദ്ധതി ഭേദഗതിക്കുള്ള സമയം നീട്ടിക്കൽ, ആസൂത്രണത്തിനും അംഗീകാരം വാങ്ങുന്നതിനുമുള്ള സമയം നീട്ടിക്കൽ തുടങ്ങി പഞ്ചായത്തുമായി ബന്ധപ്പെട്ട അപ്പപ്പോൾ ഉള്ള പ്രശ്നങ്ങൾ സർക്കാർ ശ്രദ്ധയിൽപ്പെടുത്താൻ അസോസിയേഷൻ ശ്രദ്ധചെലുത്തിയിട്ടുണ്ട്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾ 12 വർഷത്തേക്ക് സെക്രട്ടറിയുമായി വയ്ക്കുന്ന എഗ്രിമെന്റിന്റെ കരാർതുക പഞ്ചായത്തിൽ നിന്നും വഹിക്കാവുന്നതിനുള്ള സർക്കാർ ഉത്തരവ്.
- ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി 14,000 രൂപയായി ഒരു വർഷത്തേക്ക് വർദ്ധിപ്പിച്ച് സർക്കാർ അനുമതി.
- മഴക്കാല ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 50,000 രൂപ വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി (9/5/2014).
- സോഷ്യോ ഇക്കണോമിക് ആൻഡ് കാസ്റ്റ് സെൻസസിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിന് അനാവശ്യമായി പഞ്ചായത്തുകളുടെ ചുമലിൽ, ഇതിലെ തെറ്റുകൾ പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏൽപിക്കുന്ന നടപടി ഒഴിവാക്കാൻ വേണ്ട ഇടപെടൽ.
- ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം ലഭിച്ചിരുന്ന തുകയുടെ അധികതുക ഗ്രാമപഞ്ചായത്തുകൾക്ക് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ 70,000 രൂപ സർക്കാർ തന്നിരുന്നു. എന്നാൽ ഐ.എ.വൈ.യുടെ തുക 70,000 ആക്കിയപ്പോൾ സർക്കാർ സഹായം 50,000 ആയി ലഭ്യമാക്കാൻ വേണ്ട ഇടപെടൽ നടത്തി.

- പാലിയേറ്റീവ് പരിചരണത്തിന് നിയോഗിക്കപ്പെടുന്ന നഴ്സുമാർക്ക് വർഷം മുഴുവൻ വികസന ഫണ്ടിൽ നിന്നും ഹോണറേറിയം നൽകാൻ ഉത്തരവ്.
- ഗ്രാമകേന്ദ്രങ്ങൾ സംബന്ധിച്ച ഉത്തരവ് പല ആവൃത്തി അസോസിയേഷൻ ചർച്ചചെയ്ത് നിർദ്ദേശങ്ങൾ നൽകിയിരുന്നു.
- ഗ്രാമപഞ്ചായത്തുകൾ ക്ഷീരസംഘങ്ങൾ വഴി നടപ്പിലാക്കുന്ന കാലിത്തീറ്റ വിതരണം ത്രിതല പഞ്ചായത്തുകൾ ചേർന്ന് നടപ്പിലാക്കാൻ ഉത്തരവ്.
- ഗ്രാമ-ബ്ലോക്ക് സംയുക്ത റോഡ് പദ്ധതികൾ ഏറ്റെടുക്കാൻ അനുമതി.
- പഞ്ചായത്തുകളിൽ പ്രവർത്തിച്ചുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർ, ബഡ്സ് സ്കൂൾ അദ്ധ്യാപകർ, ആശാ വർക്കർമാർ എന്നിവർക്ക് തനത് ഫണ്ടിൽ നിന്നും ഉത്സവബത്ത നൽകുന്നതിന് അനുമതി.
- സ്പിൽഓവർ പദ്ധതിയുടെ നിർവഹണ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഭവന നിർമ്മാണ പദ്ധതിയിലൂടെ വീടും സ്ഥലവും നൽകിയവർക്ക് ധനകാര്യ സ്ഥാപനത്തിൽ നിന്നും ഇവ ഈടുവച്ച് ലോൺ എടുക്കാൻ അനുമതി.
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള ഉയർന്ന വരുമാന പരിധി ഒരു ലക്ഷമാക്കി
- ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ്.
- 12-ാം പദ്ധതി മാർഗരേഖയിൽ കാലോചിതമായ ഭേദഗതി വരുത്താനുള്ള ഇടപെടൽ.
- 12-ാം പദ്ധതിയിലെ 4-ാം വർഷ ഭേദഗതി ഉണ്ടാക്കുന്നതിനുള്ള സമയക്രമം നിശ്ചയിക്കുന്നതിനുള്ള ഇടപെടൽ.
- തെരുവു വിളക്കുകളുടെ മെയിന്റൻസിന് ആടാട്ട് മോഡലിൽ ചെയ്യാനുള്ള ഉത്തരവ്.
- പ്രോജക്ട് ഭേദഗതി ചെയ്യാൻ ഉത്തരവ്.
- ട്രഷറി ബാൻ ഒഴിവാക്കാനുള്ള നിരന്തര ഇടപെടൽ.
- 2015-16 കാലയളവിലെ പദ്ധതി 10 % അധികരിച്ച് തയ്യാറാക്കാൻ അനുമതി.
- 2015 മാർച്ച് 25 വരെയും പ്രോജക്ട് ഭേദഗതിക്ക് അനുമതി; മാർച്ച് 31 വരെയും സ്പിൽഓവർ പ്രോജക്ടുകൾ നിർവഹിക്കാൻ അനുമതി.
- കുടുംബശ്രീ പ്രവർത്തകരെ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇറങ്ങിയ സർക്കുലറുമായി ബന്ധപ്പെട്ട് അസോസിയേഷൻ വേണ്ട രീതിയിൽ ഇടപെട്ടിട്ടുണ്ട്.

## മറ്റ് അംഗത്വങ്ങൾ

1. 'മേയേഴ്സ് പീസ് ഫൗണ്ടേഷൻ' എന്ന അന്തർദേശീയതലത്തിൽ പ്രവർത്തിക്കുന്ന- സമാധാനത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘടന നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് നമ്മളും അതിൽ അംഗമായിട്ടുണ്ട്. അവർ പുറത്തിറക്കിയ സുവനീറിൽ സമാധാനസന്ദേശം അസോസിയേഷൻ പ്രസിഡന്റും നൽകിയിട്ടുണ്ട്.
2. അധികാരവികേന്ദ്രീകരണത്തിന്റെ ആശയവ്യാപനത്തിനായി അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനായി സൗത്ത് ഏഷ്യ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 'ലോഗിൻ' എന്ന സംഘടനയുടെ നിർദ്ദേശത്തെ തുടർന്ന് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ അതിൽ അംഗമായി.

## നാട്ടറിവ് നാട്ടുവൈദ്യ സംഗമം

കേരളം ഒട്ടനവധി നാട്ടറിവുകളുടെയും നാട്ടുവൈദ്യത്തിന്റെയും ജൈവസമ്പത്തിന്റെയും ഭൂമിയാണ്. എന്നാൽ ഇവ സംരക്ഷിക്കാനോ, വരുംതലമുറയ്ക്ക് പകർന്നുനൽകാനോ, സമൂഹത്തിന് ലഭ്യമാക്കാനോ കഴിയാതെ അന്യംനിന്നു പോകുകയാണ്. ഈ സമ്പത്ത് ഉപയോഗിക്കുകയും പേറ്റന്റ് എടുക്കുകയും ഇവ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നത് കൂടുതലും വിദേശ രാജ്യങ്ങളാണ്. നാട്ടറിവ്, നാട്ടുവൈദ്യം, ജൈവസമ്പത്ത് എന്നിവ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ ജൈവവൈവിധ്യ ബോർഡ്, മെഡിസിനൽ പ്ലാന്റ് ബോർഡ്, നെഹ്റു യുവകേന്ദ്ര, കില, കാവൽ, ശാന്തിഗ്രാം എന്നിവരുടെ കൂട്ടായ്മയിൽ എല്ലാ ജില്ലയിലും നാട്ടറിവ് നാട്ടുവൈദ്യ സംഗമം സംഘടിപ്പിക്കാൻ വേണ്ട പ്രവർത്തനം ആരംഭിച്ചു.

ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു. പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ തിരുവനന്തപുരം ജില്ലയുടെ സംഗമത്തിൽ വച്ച് നിർവഹിക്കുകയുണ്ടായി. 2016 ജനുവരി 6 ന് പഞ്ചായത്ത് ഭവനിൽ നടത്തിയ ഏകദിന പരിപാടിയിൽ 182 പേർ പങ്കെടുത്തു. എറണാകുളം ജില്ലയുടെ സംഗമം 2016 ഫെബ്രുവരി 27 ന് കാക്കനാട് കോൺഫറൻസ് ഹാളിൽ വച്ച് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആശാ സനൽ ഉദ്ഘാടനം നിർവഹിച്ചു. കൊല്ലം, കോഴിക്കോട് ജില്ലകൾ തീയതി നിശ്ചയിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ സ്വാഗതസംഘവും കഴിഞ്ഞു.

## സർവ്വീസ് ഡെലിവറി പ്രോജക്ട്

വേൾഡ്ബാങ്കിന്റെ സഹായത്തോടെയുള്ള സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ ഭാഗമായി പെർഫോമൻസ് വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമേ വരും വർഷങ്ങളിൽ പഞ്ചായത്തുകൾക്ക് വേൾഡ് ബാങ്കിന്റെ പണം ലഭിക്കൂ എന്നത് പഞ്ചാത്തുകളിൽ പലതരത്തിലുള്ള ആശങ്ക ഉളവാക്കി. ഈ സാഹചര്യത്തിൽ അസോസിയേഷൻ സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ, പ്രോജക്ട് കോഡിനേഷൻ യൂണിറ്റുമായി എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങളാണ് നടന്നത്.

- ഇതിന്റെ ഭാഗമായി വിലയിരുത്തുന്ന ഘടകങ്ങൾ പഞ്ചായത്തുകൾക്ക് നേരത്തേ നൽകുകയും വേണ്ട തയ്യാറെടുപ്പ് നടത്താൻ അവസരം നൽകുകയും ചെയ്തു.
- ഇത് സംബന്ധിച്ച് എല്ലാ ജില്ലയിലും പരിശീലനം സംഘടിപ്പിച്ചു.
- പരിശോധനയ്ക്ക് വന്നവർ കണ്ടെത്തിയ പല കാര്യങ്ങളിലും തെറ്റിദ്ധാരണാജനകമായത് തിരുത്താൻ അവസരം നൽകി.
- വേണ്ട മാർക്ക് കിട്ടാത്ത പഞ്ചായത്തുകൾക്ക് പ്രത്യേകം ഹിയറിങ്ങ് നടത്തി - തെറ്റ് തിരുത്താൻ വീണ്ടും അവസരംനൽകി.
- വീണ്ടും അപ്പീൽ നൽകാൻ സംവിധാനം.

## പഞ്ചായത്ത് ദിനാഘോഷങ്ങൾ

**2011–** 2011 ഫെബ്രുവരി 18,19 തീയതികളിൽ ആലപ്പുഴയിൽ വച്ചായിരുന്നു ഈ ഭരണസമിതി വന്നതിനുശേഷം ആദ്യ പഞ്ചായത്ത് ദിനാഘോഷം നടന്നത്. 04.02.2011ന് കൂടിയ ഭാരവാഹികളുടെ യോഗത്തിൽ പഞ്ചായത്ത് ദിനാഘോഷത്തിൽ ഇപ്പോൾ വച്ചിട്ടുള്ള  അജണ്ടയിൽ മാറ്റം വരുത്തി കുറച്ചുകൂടി ഉപകാരപ്രദമായ പരിപാടിയാക്കി മാറ്റാൻ നിർദ്ദേശിക്കണമെന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഭാരവാഹികളുടെ യോഗശേഷം വകുപ്പ്മന്ത്രി, അന്ന് പഞ്ചായത്ത് ഡയറക്ടർ ആയിരുന്ന ശ്രീ. കെ.ആർ. മുരളീധരൻ ഐ.എ.എസ് എന്നിവരെ കണ്ട് പരിപാടി സംബ്ന്ധിച്ച് അസോസിയേഷന്റെ കാഴ്ചപ്പാട് തയ്യാറാക്കി രേഖാമൂലം നൽകി. എന്നുമാത്രമല്ല ദിനാഘോഷത്തിന്റെ സംഘാടന ചുമതല മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന് ആയിരുന്നു എന്നത് എടുത്തുപറയേണ്ടതാണ്.

**2012–** കേരള പഞ്ചായത്തിരാജ് ദിനാഘോഷം നാളിതുവരെയുള്ളതിൽ നിന്നും വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു, 2012 ഏപ്രിൽ 23, 24 തീയതികളിൽ തിരുവനന്തപുരത്ത് ആർ.ഡി.ആർ. ഹാളിൽവച്ച് നടത്തിയതിന്. ഇതിന്റെ സംഘാടനത്തിന്റെ പൂർണമേൽനോട്ടം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷ

നായിരുന്നു. നിരവധി തവണ സ്വാഗതസംഘം ചേർന്ന് പരിപാടിക്ക് കൃത്യത വരുത്താൻ കഴിഞ്ഞു എന്നതാണ് ഇതിന്റെ മറ്റൊരു പ്രത്യേകത.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പതാക ഉയർത്തിയാണ് ദിനാഘോഷം ആരംഭിച്ചത്. ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പഞ്ചായത്ത് ദിനാഘോഷം ഉദ്ഘാടനം ചെയ്തു. ബഹു. പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ അദ്ധ്യക്ഷനും, സ്വാഗതപ്രസംഗം അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. സൂപ്പി നരിക്കാട്ടേരിയുമായിരുന്നു. പ്രസ്തുത യോഗത്തിൽ വച്ച് പോസ്റ്റോഫീസ് മുഖേന വസ്തുനികുതി അടയ്ക്കുന്നതിനുള്ള സംവിധാനത്തിന്റെ ഉദ്ഘാടനം ബഹു. ധനകാര്യവകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി ആയിരുന്നു. ബഹു. പട്ടികജാതി വകുപ്പ് മന്ത്രി ശ്രീ. അനിൽ കുമാർ, ബഹു. ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. വി.എസ്. ശിവകുമാർ എന്നിവർ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഗ്രാമയാത്രയുടെ അവതരണഗാന സി.ഡി.യുടെ പ്രകാശനം ബഹു. നഗരകാര്യവകുപ്പ് മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി നിർവഹിച്ചു. കൂടാതെ മുൻ മന്ത്രി ശ്രീ. സി.റ്റി. അഹമ്മദലി, ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ ശ്രീമതി ശോഭാ കുര്യൻ എന്നിവർ സംസാരിച്ചു.

ഉദ്ഘാടന സമ്മേളനത്തെത്തുടർന്ന് വിവിധ മാതൃകാപ്രവർത്തനങ്ങൾ വിവിധ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അവതരിപ്പിച്ചു. നാദാപുരം, തിരുവാലി, മാരാരിക്കുളം തെക്ക്, തണ്ണീർമുക്കം, നെടുമ്പന, കരകുളം തുടങ്ങിയ പഞ്ചായത്തുകളാണ് അവതരണം നടത്തിയത്. ഈ അവതരണങ്ങൾ ക്രോഡീകരിച്ച് പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. സി.പി. ജോൺ സംസാരിച്ചു. ഈ ചടങ്ങിന്റെ സ്വാഗതം അസോസിയേഷൻ സെക്രട്ടറി ശ്രീ. സി.പി. റസാക്കും, കൃതജ്ഞത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ. ഹക്കീമും നിർവഹിച്ചു.

ഏപ്രിൽ 23 ന് രാവിലെ പ്രാദേശിക ഭരണവികസനരംഗം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ സംവാദവും നടന്നു. ആസൂത്രണ-ഗ്രാമവികസന വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ് ഈ സെഷന്റെ ഉദ്ഘാടനം നിർവഹിച്ചു. വിവിധ വകുപ്പുകളിലെ ഡയറക്ടർമാർ, സെക്രട്ടറിമാർ, ജോയിന്റ് ഡയറക്ടർമാർ എന്നിവർ ഈ സംവാദത്തിൽ പങ്കെടുത്തു. ഈ യോഗത്തിന്റെ അദ്ധ്യക്ഷൻ അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യുവും, സ്വാഗതം ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരിയുമായിരുന്നു.

23-ാം തീയതി ഉച്ചയ്ക്ക് 12-ാം പഞ്ചവത്സരപദ്ധതിയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും എന്ന വിഷയത്തിൽ സെമിനാർ നടന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മോഡറേറ്റർ ആയിരുന്നു. കില ഡയറക്ടർ ശ്രീ. പി.പി. ബാലൻ, സംസ്ഥാന ആസൂത്രണബോർഡ് അംഗം ശ്രീ. വിജയരാഘവൻ

എന്നിവർ വിഷയാവതരണം നടത്തി. വിവിധ ജില്ലാ ബ്ലോക്ക് പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു. രണ്ടാം ദിവസം ഉച്ചകഴിഞ്ഞുള്ള സമാപനസമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ബഹു. പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറും, ഉദ്ഘാടനം ബഹു. നിയമസഭാ സ്പീക്കർ ശ്രീ. ജി. കാർത്തികേയനുമായിരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളുടെ അനുഭവങ്ങൾ വെളിവാക്കുന്ന തരത്തിൽ ഒരു പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

**2013–** കോഴിക്കോട് ബീച്ചിന് സമീപത്തുള്ള ഗുജറാത്ത് ഹാളിൽ വച്ചാണ് 2013 ലെ പഞ്ചായത്ത് ദിനാഘോഷം നടന്നത്. ഈ ദിനാഘോഷം അസോസിയേഷൻ പ്രസിഡന്റ് പതാക ഉയർത്തി ആരംഭിച്ചു. ഉദ്ഘാടന സെഷനിൽ സ്വാഗതം അർപ്പിച്ചത് അസോസിയേഷൻ ജനറൽ സെക്രട്ടറിയും അദ്ധ്യക്ഷ പ്രസംഗം ബഹു.കോഴിക്കോട് മേയർ ശ്രീമതി കെ.പ്രേമനും നിർവ്വഹിച്ചു. ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത് ബഹു.പഞ്ചായത്ത് മന്ത്രി ഡോ. എം.കെ. മുനീറായിരുന്നു. ഉദ്ഘാടന പ്രസംഗത്തെ തുടർന്ന് ആശംസകൾ നേർന്ന് കൊണ്ട് എം.എൽ.എമാരായ ശ്രീ. എ. പ്രതീപ്കുമാർ, ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ, ശ്രീ. പുരുഷൻ കടലുണ്ടി, എ.കെ. ശശീന്ദ്രൻ, ശ്രീ. ഇ.കെ. വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ അസ്ഥാന പ്രസിഡന്റ് പി.റ്റി. മാത്യു, ജില്ലാ പഞ്ചായത്ത് ചേമ്പർ സെക്രട്ടറി ശ്രീമതി സുഹറ മാമ്പാട് തുടങ്ങിയവർ സംസാരിച്ചു. പഞ്ചായത്ത് ഡയറക്ടർ ആയിരുന്ന ശ്രീമതി. എസ്. ലളിതാംബിക ഐ.എ.എസ്. കൃതജ്ഞതയും രേഖപ്പെടുത്തി. ഇതിന്റെ ഭാഗമായി ഉച്ചക്ക് 2 മണിക്ക് "കേന്ദ്രാവിഷ്കൃത പദ്ധതികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും " എന്ന വിഷയത്തിൽ സെമിനാർ നടന്നു. ഈ സെഷന്റെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റു വിഷയാവതരണം കില ഡയറക്ടർ ശ്രീ.പി.പി. ബാലനും ആയിരുന്നു. വിഷയാവതരണത്തെ തുടർന്ന് കിലയുടെ അസി.പ്രൊഫ. ജെ.ബി. രാജനും, കോഴിക്കോട് അസി. ഡവലപ്പ്മെന്റ് കമ്മീഷണർ ശ്രീ. പി. രവീന്ദ്രനും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് ശ്രീ. സി.പി. റസാക്കും സംസാരിച്ചു. തുടർന്ന് ചോദ്യങ്ങൾ ചോദിക്കാൻ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അവസരം നൽകി. ഇതിന്റെ ഭാഗമായിവന്ന സംശയങ്ങൾക്ക് മറുപടി നൽകുകയും അസോസിയേഷൻ വൈസ് പ്രസിഡന്റ് ശ്രീ. എം.പി. സ്നേഹജൻ കൃതജ്ഞതയും അർപ്പിച്ച്, കലാപരിപാടികളോടെ ആദ്യദിവസം അവസാനിപ്പിച്ചു.

രണ്ടാം ദിവസം രാവിലെ 10 മണി മുതൽ "പ്രാദേശിക സർക്കാരുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും" എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി സംവാദം ആരംഭിച്ചു ഈ സെഷനിലെ മുഖ്യ അതിഥിയായിരുന്നത് എം. എൽ.എ പ്രൊഫ. സി. രവീന്ദ്രൻ ആയിരുന്നു. തുടർന്ന് സംവാദത്തിൽ പങ്കെടുത്തു കൊണ്ട് മുൻ പഞ്ചായത്ത് വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ. പി.കെ.കെ. ബാവ, പഞ്ചാ

യത്ത് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. ചെയർമാൻ ശ്രീ. കെ. മൊയ്ദീൻ കോയ, ശുചിത്വമിഷൻ എക്സി.ഡയറക്ടർ ഡോ. ദിലീപ്കുമാർ തുടങ്ങിയവർ കില ഡയറക്ടർ ഡോ. പി.പി. ബാലൻ മോഡറേറ്ററായിരുന്ന സെഷനിൽ സംസാരിച്ചു. ഉച്ചതിരിഞ്ഞുള്ള സമാപന സെഷനിൽവച്ച് അവാർഡ് വിതരണം നടത്തി. അതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

**കേന്ദ്രസർക്കാരിന്റെ പഞ്ചായത്ത് എംപവർമെന്റ് & അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം പ്രകാരം അവാർഡിനർഹരായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | : | ഒന്നാം സ്ഥാനം | - പുലാമന്തോൾ ഗ്രാമപഞ്ചായത്ത് |
| | | രണ്ടാം സ്ഥാനം | - അടാട്ട് ഗ്രാമപഞ്ചായത്ത് |
| | | മൂന്നാം സ്ഥാനം | - ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് |

**സംസ്ഥാന തലത്തിൽ 2011-12 വർഷത്തെ സ്വരാജ് ട്രോഫിക്ക് അർഹരായ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

ഗ്രാമപഞ്ചായത്ത് - പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

**2011 -12 വർഷത്തെ**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച് മഹാത്മാ പുരസ്കാരത്തിന് അർഹരായവർ**

**സംസ്ഥാനതലം**

| | |
|---|---|
| ഒന്നാം സ്ഥാനം | ചെങ്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം |
| രണ്ടാം സ്ഥാനം | അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി |
| മൂന്നാം സ്ഥാനം | രാജകുമാരി ഗ്രാമപഞ്ചായത്ത്, ഇടുക്കി. |

**2014-** ഈ പഞ്ചായത്ത് ദിനാഘോഷത്തിന്റെ മുന്നോടിയായി ലോഗോപ്രകാശനം, ഫോട്ടോഗ്രാഫി മത്സരം, ഘോഷയാത്ര എന്നിവ സംഘടിപ്പിക്കുകയുണ്ടായി.

2014 ലെ പഞ്ചായത്ത് ദിനാഘോഷം പഞ്ചായത്തിരാജിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്ന ശ്രീ.ബൽവന്തറായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 നെ അനുസ്മരിച്ച് കൊണ്ട് പഞ്ചായത്ത് ദിനാഘോഷം 2014 ഫെബ്രുവരി 18, 19 തീയതികളിലായി വിവിധ പരിപാടികളോടെ കോട്ടയത്തുള്ള മണർക്കാട് പള്ളി ആഡിറ്റോറിയത്തിൽ വച്ച് നടക്കുകയുണ്ടായി. ഒന്നാം ദിവസം രാവിലെ 9.30 ന് ഗ്രാമപഞ്ചായത്ത്

അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യു പതാക ഉയർത്തി പഞ്ചായത്ത് ദിനാഘോഷം ആരംഭിച്ചു.

ഈ പഞ്ചായത്ത് ദിനാഘോഷത്തിന് 12 എക്സിബിഷൻ സ്റ്റാളും ഫോട്ടോഗ്രാഫി മത്സരത്തിൽ പങ്കെടുത്ത ഫോട്ടോകളുടെ പ്രദർശനവും ഉണ്ടായിരുന്നു. എക്സിബിഷന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത് ബഹു. ഗ്രാമവികസന, ആസൂത്രണ വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ് അവർകളായിരുന്നു. പ്രസ്തുത എക്സിബിഷനിൽ ഗ്രാമപഞ്ചായത്ത് അസോസിയേന് പ്രത്യേകം ഒരു സ്റ്റാൾ ഉണ്ടായിരുന്നു. 10.30 മണിയോടെ ഉത്ഘാടന സമ്മേളനം ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉത്ഘാടന സമ്മേളനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ള സഹായങ്ങൾ, നേട്ടങ്ങൾ, തുടർന്ന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ ചൂണ്ടിക്കാട്ടി ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പിനരിക്കാട്ടേരി സ്വാഗതവും, സമ്പൂർണ്ണ പെൻഷൻ സംസ്ഥാനമായി പ്രഖ്യാപിച്ചുകൊണ്ട്, പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചൂണ്ടിക്കാട്ടി ബഹു. കേരള മുഖ്യമന്ത്രി ഉത്ഘാടന പ്രസംഗവും നിർവ്വഹിച്ചു. കൂടാതെ ആശംസകൾ അർപ്പിച്ചുകൊണ്ട് ശ്രീ.മോൻസ് ജോസഫ് എം.എൽ.എ., കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. നിർമ്മല ജിമ്മി, ശ്രീ. ജമാൽ മണക്കാടൻ ചെയർമാൻ, മുനിസിപ്പൽ ചെയർപേഴ്സൺസ് ചേമ്പർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, അഡ്വ. എം. മണികണ്ഠൻ, പ്രസിഡന്റ് ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, ശ്രീ. ബാബു കെ. കോര, പ്രസിഡന്റ്, മണർക്കാട് ഗ്രാമപഞ്ചായത്ത് എന്നിവർ സംസാരിച്ചു. പ്രസ്തുത സെഷന് കൃതജ്ഞത അർപ്പിച്ചത് പഞ്ചായത്ത് ഡയറക്ടർ കുമാരി മിത്ര.റ്റി.ഐ.എ.എസ്. ആയിരുന്നു. ഉച്ചക്ക് 2.15 ഓടെ "ത്രിതല പഞ്ചായത്ത് സംവിധാനവും അനുബന്ധ വകുപ്പുകളും" എന്ന വിഷയത്തിൽ സെമിനാർ ആരംഭിച്ചു. പ്രസ്തുത സെമിനാറിന്റെ സ്വാഗതം പഞ്ചായത്ത് ഡയറക്ടർ കുമാരി മിത്ര.റ്റി.ഐ.എ.എസ്. നിർവ്വഹിച്ചു. ഈ സെഷന്റെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി ശ്രീ.എം. നസീർ ആയിരുന്നു. ഇതിൽ പങ്കെടുത്തുകൊണ്ട് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എം. ദിലീപ്കുമാർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഡയറക്ടർ ഡോ. എ. കൗഷിഗൻ ഐ.എ.എസ്, കില ഡയറക്ടർ ഡോ. പി.പി. ബാലൻ എന്നിവർ സംസാരിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ. ബെൽജി ഇമാനുവേൽ പ്രസ്തുത സെഷന്റെ കൃതജ്ഞതയും രേഖപ്പെടുത്തി. തുടർന്ന് 4 മണിയോടെ മികച്ചപ്രകടനം കാഴ്ചവച്ച പഞ്ചായത്തുകളുടെ അനുഭവങ്ങൾ അവതരിപ്പിക്കുന്നതിനുള്ള അവസരമായിരുന്നു ചുവടെ പഞ്ചായത്തിന്റെ പേരും വിഷയവും രേഖപ്പെടുത്തിയിരിക്കുന്നു. ഈ സെഷന്റെ പ്രസീസിയം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റുമാരായ ശ്രീ. എൽ.പി സ്നേഹ

ജൻ അഡ്വ. പന്തളം പ്രതാപൻ, ശ്രീ. സി.പി. റസാക്ക് സെക്രട്ടറി ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എന്നിവരായിരുന്നു. തുടർന്ന് വൈകുന്നേരം 6.30 മണിയോടെ കലാപരിപാടികൾ ആരംഭിച്ചു.

രണ്ടാം ദിവസം രാവിലെ "അധികാര വികേന്ദ്രീകരണം 12-ാം പദ്ധതിയുടെ പങ്ക് - അടുത്ത ചുവടുകൾ" എന്ന വിഷയത്തെ അധികരിച്ച് ഒരു സെമിനാറോടെ യാണ് യോഗം ആരംഭിച്ചത്. ഈ സെഷന്റെ സ്വാഗതം അസോസിയേഷൻ ജനറൽ സെക്രട്ടറിയും അദ്ധ്യക്ഷസ്ഥാനം കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീമതി നിർമ്മല ജിമ്മിയും നിർവ്വഹിച്ചു. ഈ സെഷനിൽ വിഷയാവതരണം നടത്തിയത് തദ്ദേശസ്വയം ഭരണവകുപ്പിന്റെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയും ഇപ്പോൾ കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം സ്പെഷ്യൽ സെക്രട്ടറിയുമായ ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ്. ആയിരുന്നു. ഈ സെഷൻ മോഡറേറ്റ് ചെയ്തത് സംസ്ഥാന പ്ലാനിങ്ങ് ബോർഡ് മെമ്പർ ശ്രീ. സി.പി. ജോൺ ആയിരുന്നു. കൂടാതെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഡോ. തോമസ് ഐസക് എം.എൽ.എ ബഹു. മുൻ തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി കുട്ടി അഹമ്മദ് കുട്ടി, കില ഡയറക്ടർ ഡോ. പി.പി.ബാലൻ, മഹാത്മാ ഗാന്ധി സർവ്വ കലാശാലയിലെ പ്രൊ വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ എന്നിവർ സംസാ രിച്ചു. അധികാരവികേന്ദ്രീകരണത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ കാതലായ ആശ യങ്ങൾ പകർന്ന് നൽകുന്നതിന് ഈ സെമിനാർ വളരെ സഹായകമായിരുന്നു.

സമാപന സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ബഹു. പഞ്ചായത്ത് മന്ത്രി ഡോ. എം.കെ. മുനീറും സ്വാഗതം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റും നിർവ്വ ഹിച്ചു. ഈ സെഷനിൽ മുഖ്യപ്രഭാഷണം നടത്തിയത് ബഹു. പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദനായിരുന്നു. തുടർന്ന് സ്വരാജ് ട്രോഫിയുടെ വിതരണം, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവാർഡ് നൽകൽ, ഐ.എസ്.ഒ അംഗീകാരം നേടിയ സ്ഥാപനങ്ങളെ ആദരിക്കൽ, സംസ്ഥാനതല ഫോട്ടോഗ്രാഫി മത്സരവിജയികൾക്കുള്ള സമ്മാനദാനം, ഡി.ഡി.പി.മാരെ ആദരിക്കൽ, മികച്ച പ്രവർത്തനം കാഴ്ചവച്ച സെക്രട്ടറിമാരെ ആദരിക്കൽ, മികച്ച പത്രറിപ്പോർട്ടർമാരെ ആദരിക്കൽ എന്നിവ നടന്നു.

### 2012-13 സ്വരാജ് ട്രോഫി സംസ്ഥാനതല അവാർഡുകൾ
### മികച്ച ഗ്രാമപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി

| | |
|---|---|
| ഒന്നാം സ്ഥാനം | കവിയൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല |
| രണ്ടാം സ്ഥാനം | ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല |
| മൂന്നാം സ്ഥാനം | നാദാപുരം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല |

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**
**മഹാത്മാ പുരസ്കാരം - 2012-13**

**സംസ്ഥാന തലം**

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | വെള്ളറട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം. |
| രണ്ടാം സ്ഥാനം | - | അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി |
| മൂന്നാം സ്ഥാനം | - | ചെങ്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം. |

**2012-13 സ്വരാജ് ട്രോഫി സംസ്ഥാനതല അവാർഡുകൾ**

**ഗ്രാമപഞ്ചായത്ത്**

ഒന്നാംസ്ഥാനം - നാദാപുരം ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)
രണ്ടാംസ്ഥാനം - ചെമ്പിലോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)
മൂന്നാം സ്ഥാനം - വടക്കേക്കാട് ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല)

## സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2015 (2015 ഫെബ്രുവരി 18, 19 പാലക്കാട്)

ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം പഞ്ചായത്ത് രാജിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്ന യശഃശരീരനായ ബൽവന്ത്റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19-നെ സ്മരിച്ചുകൊണ്ട് 18, 19 തീയതികളിലായി വിവിധ പരിപാടികളോടെ ആഘോഷപൂർവ്വം നടന്നു. പാലക്കാട് മെഴ്സി കോളേജ് റോഡിലെ പ്രസന്നലക്ഷ്മി ആഡിറ്റോറിയത്തിലാണ് ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം നടന്നത്. മുഖ്യമന്ത്രി, വകുപ്പ്മന്ത്രി, എം.പി., എം.എൽ.എമാർ ഉദ്യോഗസ്ഥ പ്രമുഖർ മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ സാന്നിധ്യം കൊണ്ട് സമ്പന്നമായിരുന്നു പഞ്ചായത്ത് ദിനാഘോഷം. മുൻ വർഷങ്ങളിലേതുപോലെ ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നേതൃത്വത്തിലാണ് പഞ്ചായത്ത് ദിനാഘോഷത്തിന്റെ സംഘാടനവും നടത്തിപ്പും നടന്നത്.

18.02.2015 രാവിലെ സമ്മേളന നഗരിയിൽ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി മാത്യു പതാക ഉയർത്തിയതോടെ ആഘോഷങ്ങൾക്ക് തുടക്കമായി. തുടർന്ന് 10 മണി മുതൽ 'സദ്ഭരണവും പങ്കാളിത്ത ജനാധിപത്യവും പഞ്ചായത്ത് രാജ് സംവിധാനത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടന്നു. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തന്റെ അദ്ധ്യക്ഷതയിൽ കൂടിയ സെമിനാർ സെഷൻ പാലക്കാട് എം.എൽ.എ ഷാഫി പറമ്പിൽ ഉദ്ഘാടനം ചെയ്തു. ലോക്കൽ ഗവ. കമ്മിഷൻ ചെയർമാനും മുൻതദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രിയുമായ കുട്ടി അഹമ്മദ്കുട്ടി മോഡറേറ്ററായ സെമിനാർ സെഷനിൽ പഞ്ചായത്ത് ഡയറക്ടർ ഇൻചാർജ്ജ് എ.സെയിദ് വിഷയാവതണം നടത്തി. വിഷയാവതരണത്തെ തുടർന്ന് നടന്ന പ്രതിക

രണ ചർച്ചകളിൽ കില ഡയറക്ടർ ഡോ. പി.പി. ബാലൻ, സി.ആർ.എം.ഡയറക്ടർ ഡോ. ജോസ് ചാത്തുകുളം, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽസെക്രട്ടറി സൂപ്പി നരിക്കാട്ടേരി, ബ്ലോക്ക്പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ.എം. മണി കണ്ഠൻ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്ത് സദ്ഭരണവും പങ്കാളിത്ത ജനാധിപ ത്യവും പഞ്ചായത്ത് രാജ് സംവിധാനത്തിലെ വിവിധതലങ്ങളെക്കുറിച്ച് സംസാരിച്ചു.

ഉച്ചക്ക് ശേഷം 'പാർശ്വവൽകൃത ജനവിഭാഗങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാറാണ് നടന്നത്. എറണാകുളം ജില്ല പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പള്ളി അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പിനരിക്കാട്ടേരി സ്വാഗതം ആശംസിച്ചു. സെമിനാർ ഉദ്ഘാടനം സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യ ക്ഷൻ ഡോ.കെ.എം.ചന്ദ്രശേഖർ നിർവ്വഹിച്ചു. വിഷയാവതരണം കില ഡയറക്ടർ ഡോ. പി.പി.ബാലൻ നടത്തി. പ്രതികരണങ്ങളിൽ പങ്കെടുത്ത് ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുബൈദ ഇസ്ഹാക്ക്, ഗ്രാമപ്ചായത്ത് അസോസിയേഷൻ വൈസ് പ്രസി ഡന്റ് പന്തളം പ്രതാപൻ, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി. ഭാർഗ്ഗവി തുടങ്ങിയവർ പ്രസംഗിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം കല്ലടി അബുബക്കർ കൃതജ്ഞത പറഞ്ഞ ചടങ്ങിൽവെച്ച് പഞ്ചായത്ത് ദിനാ ഘോഷ കമ്മിറ്റി തയ്യാറാക്കിയ സുവനീർ പ്രകാശനം ഡോ.കെ.എം.ചന്ദ്രശേഖർ പഞ്ചാ യത്ത് ജോയിന്റ് ഡയറക്ടർ സി.എൻ. ബാബുവിന് നൽകി നിർവ്വഹിച്ചു.

വൈകുന്നേരം 4.30 മണി മുതൽ 'അനുഭവങ്ങൾ പങ്കുവെയ്ക്കൽ' എന്ന പരി പാടി നടന്നു. പബ്ളിസിററി ആഫീസർ എ.ഹാഷിം സ്വാഗതം ആശംസിച്ച ചടങ്ങിൽ പഞ്ചായത്ത് ഡയറക്ടർ ഇൻചാർജ്ജ് എ. സെയിദ് അദ്ധ്യക്ഷനായിരുന്നു. പ്രസ്തുത സെഷനിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പ്രതിനിധികൾ അവരവ രുടെ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മാതൃകാ പദ്ധതികളെക്കുറിച്ച് വിവരണം നടത്തി. പാലക്കാട് ജില്ലാ പ്ലാനിംഗ് ആഫീസർ പി.പി. ജോണി പ്രതികരണങ്ങളിൽ പങ്കെടുത്ത് സംസാരിച്ചു. പഞ്ചായത്ത് അസി. ഡയറക്ടർ വി. രാധാകൃഷ്ണൻ നന്ദി പ റഞ്ഞു. തുടർന്ന് 7 മണി മുതൽ വവിധ കലാപരിപാടികൾ അരങ്ങേറി.

19.02.2015 രാവിലെ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. പ്രൗഢ ഗംഭീരമായിരുന്നു ഉദ്ഘാടന സമ്മേളനം. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സ്വാഗതം ആശംസിച്ച സമ്മേളനത്തിന് അദ്ധ്യക്ഷം വഹിച്ചത് പഞ്ചായ ത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറാണ്. ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു. ഗ്രാമസ്വരാജ് പൂർണ്ണമായും പ്രാവർത്തികമാക്കുന്നതിന് ഗ്രാമസഭകൾ ശക്തിപ്പെടുത്തേണ്ട ആവശ്യകത മുഖ്യമന്ത്രി എടുത്തു പറഞ്ഞു. ജനന മരണ വിവാഹരജിസ്ട്രേഷൻ സംബന്ധിച്ച് ഇന്നേവരെ പുറപ്പെടുവിച്ച ഉത്തരവുകൾ/ സർക്കുലറുകൾ നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് തയ്യാറാക്കിയ പുസ്തകം പ്ലാ നിംഗ് ബോർഡ് അംഗം സി.പി. ജോണിന് നല്കി മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

തുടർന്ന് 2013-14 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്ക് സംസ്ഥാനതലത്തിൽ അർഹരായ ജില്ലാപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവർക്കുള്ള ട്രോഫികളും മുഖ്യമന്ത്രി വിതരണം ചെയ്തു. ഉദ്ഘാടന ചടങ്ങിൽ ആശംസ അർപ്പിച്ചുകൊണ്ട് പി.കെ.ബിജു എം.പി., ഷാഫിപറമ്പിൽ, എൻ.ഷംസുദീൻ, പി.സി.വിഷ്ണുനാഥ്, കെ.പി.വിജയദാസ്, കെ.അച്യുതൻ, വി.ടി.ബൽറാം എന്നീ എം.എൽ.എമാരും പ്ലാനിംഗ് ബോർഡ് അംഗം സി.പി.ജോണും ആശംസാ പ്രസംഗം നടത്തി.

ഉച്ചക്ക് 2 മണിക്ക് ചേർന്ന സമാപന സമ്മേളനം പഞ്ചായത്ത് വകുപ്പ്മന്ത്രി ഡോ. എം.കെ.മുനീർ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ച ചടങ്ങിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യു അദ്ധ്യക്ഷനായിരുന്നു. പ്രസ്തുത ചടങ്ങിൽ വച്ച് 2013-2014 വർഷം മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്ക് അർഹരായ (ജില്ലാതലത്തിൽ) ഗ്രാമപഞ്ചായത്തുകൾക്കുള്ള ട്രോഫികളും ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള മഹാത്മാ പുരസ്കാര വിതരണവും മന്ത്രി ഡോ.എം.കെ.മുനീർ നിർവ്വഹിച്ചു. അതോടൊപ്പം അന്താരാഷ്ട്ര നിലവാരമായ ഐ.എസ്.ഒ അംഗീകാരം കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക ക്യാഷ് അവാർഡും മന്ത്രി വിതരണം ചെയ്തു. സംഘാടകസമിതി ജനറൽ കൺവീനറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമായ കെ.മുരളീധരന്റെ നന്ദി പ്രഭാഷണത്തോടെ പഞ്ചായത്ത് ദിനാഘോഷം 2015 ന് തിരശ്ശീല വീണു.

## ദേശീയ പഞ്ചായത്ത് ദിനാഘോഷം

2015 ഏപ്രിൽ 24 ന് ഡൽഹിയിൽ വച്ചു നടന്ന ദേശീയ പഞ്ചായത്ത് ദിനാഘോഷം അവാർഡുകൾ കൊണ്ട് കേരളത്തിന്റെ സാന്നിദ്ധ്യം വിളിച്ചോതിയ ദിനമായിരുന്നു. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത് എന്നിവർക്ക് പഞ്ചായത്ത് ശാക്തീകരൺ ഗൗരവ് പുരസ്കാരവും, ഏറ്റവും നല്ല ഗ്രാമസഭാ പ്രവർത്തനവും ജനകീയ പ്രവർത്തനവും കാഴ്ചവച്ചതിന് ഏറണാകുളം ജില്ലയിലെ മണീട് പഞ്ചായത്തിന് രാഷ്ട്രീയ ഗൗരവ് പുരസ്കാരവും ലഭിക്കുകയുണ്ടായി. കൂടാതെ പഞ്ചായത്തിരാജ് പ്രവർത്തനത്തിൽ വീണ്ടും കേരളം തലപ്പത്ത് എത്തിയതിന്റെ അവാർഡ് തിളക്കവും ഈ സമേളനത്തിന്റെ പ്രത്യേകതയായിരുന്നു എന്നത് നമുക്ക് ഓരോരുത്തർക്കും അഭിമാനിക്കാവുന്നതാണ്.

## പഞ്ചായത്ത് ദിനാഘോഷം 2016

ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം പഞ്ചായത്തിരാജിന്റെ പിതാവ് എന്ന് നാം വിശേഷിപ്പിക്കുന്ന ബൽവന്ത് റായി മേത്തയെ അനുസ്മരിച്ചുകൊണ്ട് എറണാകുളം ജില്ലയിൽ വച്ച് ഫെബ്രുവരി 19, 20 തീയതികളിൽ നടന്നു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യു പതാക ഉയർത്തി പഞ്ചായത്ത് ദിനാഘോഷം ആരംഭിച്ചു. എക്സിബിഷന്റെ ഉദ്ഘാടനം എറണാകുളം ജില്ലാപ്രസിഡന്റ് ശ്രീമതി ആശാ സുനിൽ നിർവഹിച്ചു.

'പഞ്ചായത്തിരാജ് പിന്നിട്ട രണ്ടു പതിറ്റാണ്ടുകൾ പ്രതീക്ഷയും പ്രസക്തിയും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ തദ്ദേശഭരണ പരിഷ്കാര കമ്മിറ്റി ചെയർമാൻ ശ്രീ. കുട്ടി അഹമ്മദ് കുട്ടി ഉദ്ഘാടനവും, പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. സി.പി. ജോൺ വിഷയാവതരണവും നടത്തി. കില മുൻ ഡയറക്ടർ ആയിരുന്ന ശ്രീ. രമാകാന്തൻ മോഡറേറ്ററും, ആലപ്പുഴ ജില്ലാ കളക്ടർ ശ്രീമതി ആർ. ഗിരിജ ഐ.എ.എസ്, പഞ്ചായത്ത് ഡയറക്ടർ ശ്രീമതി ലത ഐ.എ.എസ്, അഡിഷണൽ ഡയറക്ടർ ശ്രീമതി എസ്. ലത എന്നിവർ പ്രതികരിച്ചു. ഈ സെഷന്റെ സ്വാഗതം എറണാകുളം ജില്ലാ വൈസ്പ്രസിഡന്റ് ശ്രീ. അബ്ദുൾ മുത്തലിബ് ആയിരുന്നു. അദ്ധ്യക്ഷൻ അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യു.

തുടർന്ന് നൂതന വികസന മാതൃകകളുടെ ഡിജിറ്റൽ അവതരണങ്ങൾ നടന്നു. അടുത്തതായി 'ഗ്രാമപഞ്ചായത്തും പൗരശാക്തീകരണവും- ആശയവും സമീപനവും' എന്ന വിഷയത്തിലെ സെമിനാർ അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സ്വാഗതം പറഞ്ഞ് ആരംഭിച്ചു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ വിഷയം അവതരിപ്പിച്ചു. മുൻ അഡിഷണൽ ഡയറക്ടർ ശ്രീ. എ. സെയ്ത്, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ശ്രീ. വി.കെ. മധു, കാസർഗോഡ് ജില്ലാ പ്രസിഡന്റ് ശ്രീ. എ.ജി.സി. ബഷീർ, പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ അഡിഷണൽ സെക്രട്ടറി ശ്രീ. ജാഫർ എന്നിവർ പ്രതികരിച്ചു.

'വിവരസാങ്കേതികവിദ്യയുടെ പ്രസക്തി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. കെ.വൈ. ടോമി സ്വാഗതവും, ഐ.കെ.എം. ഡയറക്ടർ സി.പി. സുരേഷ് കമാർ വിഷയാവതരണവും നടത്തി. ശ്രീ. എം.വി. അജിത് കുമാർ, ശ്രീ. ജയചന്ദ്രൻ ആർ. എന്നിവർ പ്രതികരിച്ചു.

തുടർന്ന് നടന്ന ഉദ്ഘാടന സെഷനിൽ സൂപ്പി നരിക്കാട്ടേരി സ്വാഗതവും, പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ അദ്ധ്യക്ഷതയും വഹിച്ച യോഗത്തിൽ കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനകർമം നിർവഹിച്ചു. എം.എൽ.എ.മാർ, ഉദ്യോഗസ്ഥപ്രമുഖർ തുടങ്ങി ഒട്ടനവധിപേർ ഈ ചടങ്ങിൽ പങ്കെടുത്തു. ഈ ചടങ്ങിൽ വച്ച് വിവിധ അവാർഡിന്

അർഹരായവർക്ക് അത് നൽകുകയും ചെയ്തു.

ഇത്തരത്തിൽ ഓരോ വർഷത്തെയും പഞ്ചായത്ത് ദിനാഘോഷം പങ്കാളിത്തം കൊണ്ടും സംഘാടനം കൊണ്ടും മെച്ചപ്പെട്ട് നടന്നു. ഇത്രയും നന്നായി ഇതിന്റെ സംഘാടനത്തിനായി പ്രവർത്തിച്ച എല്ലാവരെയും ഒരിക്കൽ കൂടി സ്മരിക്കുന്നു.

കഴിഞ്ഞ അഞ്ചുവർഷക്കാലം മുൻഭരണസമിതിയുടെ തുടർച്ചയെന്നോണം അസോസിയേഷന്റെ പ്രവർത്തനങ്ങൾ അടുത്ത തലത്തിലേക്ക് എത്തിക്കാനാവശ്യമായ പരിപാടികൾ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ചെയ്യുന്നതിന് ഈ ഭരണസമിതി ചെയ്തിട്ടുണ്ട്. പഞ്ചായത്തുകൾ അപ്പപ്പോൾ ആവശ്യപ്പെടുന്ന പ്രശ്നങ്ങൾ, മാറ്റങ്ങൾ എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും അതിൽ നേട്ടം കൈവരിക്കുന്നതിനും ഒരു പരിധിവരെ അസോസിയേഷന് കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്തം ജനറൽബോഡിക്കു മുമ്പാകെ സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

**സൂപ്പി നരിക്കാട്ടേരി**
ജനറൽ സെക്രട്ടറി